
മാർച്ച് 2008

# പഞ്ചായത്ത് രാജ്

പുസ്തകം 47 ലക്കം 12





## അടാട്ട്
മികച്ച ഗ്രാമപഞ്ചായത്ത്

## ദേശീയ തൊഴിലുറപ്പ് പദ്ധതി
## വയനാട്ടിൽ നിശബ്ദവിപ്ലവം



## പഞ്ചായത്ത് ദിനാഘോഷം 2008

## ഊടും പാവും

## വികസനത്തിന്റെ



# ഗ്രാമസഭയിൽ പങ്കെടുക്കുക!
# അധികാരം വിനിയോഗിക്കുക!

ഭരണഘടനാപരമായി അധികാരത്തിൽ ജനങ്ങൾക്ക് നേരിട്ട് പങ്കാളിത്തം ലഭിക്കുന്ന ഏക സംവിധാനം

## ഗ്രാമസഭ

ഗ്രാമസഭ മൂന്ന് മാസത്തിലൊരിക്കൽ യോഗം ചേരുന്നു
ഗ്രാമസഭയുടെ ക്വാറം 10 ശതമാനം
വരവ് ചെലവ് കണക്കുകൾ ആഡിറ്റ് ചെയ്യുന്നു
വികസന പ്രവർത്തനങ്ങളുടെ റിപ്പോർട്ട് അവതരിപ്പിക്കുന്നു
സോഷ്യൽ ഓഡിറ്റ് നടത്തുന്നു
പദ്ധതിയാസൂത്രണം നിർവ്വഹണം എന്നിവയിൽ സജീവ പങ്കാളിത്തം ലഭിക്കുന്നു
യഥാർത്ഥ ഗുണഭോക്താക്കളെ നേരിട്ട് തെരഞ്ഞെടുക്കുന്നു

ഗ്രാമത്തിന്റെ ആവശ്യങ്ങൾ ഉന്നയിക്കുന്നതിന്
അനുയോജ്യമായ വികസന പ്രവർത്തനങ്ങൾ തെരഞ്ഞെടുക്കുന്നതിന്
സമയബന്ധിതമായും ഗുണമേന്മയോടെയും വികസന ക്ഷേമപ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പാക്കുന്നതിന്
അഴിമതി നിർമ്മാർജ്ജനം ചെയ്യുന്നതിന്
സുതാര്യത ഉറപ്പ് വരുത്തുന്നതിന്
സാമൂഹിക നീതിയിലധിഷ്ഠിതമായ ഒരു നവഭാരതസൃഷ്ടിക്ക്

പബ്ലിസിറ്റി വിഭാഗം, പഞ്ചായത്ത് വകുപ്പ്


**പഞ്ചായത്ത് രാജ്**

വെബ്സൈറ്റ്
www.localgovkerala.net

**മാർച്ച് 2008**
**പുസ്തകം 47**
**ലക്കം 12**
**വാർഷിക വരിസംഖ്യ 90 രൂപ**



**ഉപദേശക സമിതി**

ചെയർമാൻ
**പാലോളി മുഹമ്മദ്കുട്ടി**
തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി

അംഗങ്ങൾ
**എസ്.എം. വിജയാനന്ദ്** , ഐ.എ.എസ്.
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണവകുപ്പ്
**പി. വേണുഗോപാൽ,** ഐ.എ.എസ്
ഡയറക്ടർ
ഇൻഫർമേഷൻ& പബ്ലിക് റിലേഷൻസ് വകുപ്പ്
**കെ. നാരായണൻ**
പ്രസിഡന്റ്
കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ
**ബി.എസ്. പ്രസന്നൻ**
സെക്രട്ടറി
പ്രസ് ക്ലബ്ബ്, തിരുവനന്തപുരം
**ജി. ഹരികൃഷ്ണൻ**
പബ്ലിസിറ്റി ഓഫീസർ

കൺവീനർ
**ഡോ. വി.എം. ഗോപാലമേനോൻ,** ഐ.എ.എസ്.
പഞ്ചായത്ത് ഡയറക്ടർ

എഡിറ്റർ
**ഡോ. വി.എം. ഗോപാലമേനോൻ,** IAS
**Ph: 0471-2323286**

**അസിസ്റ്റന്റ് എഡിറ്റർ**
**ജി. ഹരികൃഷ്ണൻ**
**Ph: 0471-2321054**

കവർ ഡിസൈൻ & ലേ ഔട്ട്
**ഐസൻ ജോസ്**

**ലേഖകരുടെ അഭിപ്രായം സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ പൂർണ്ണമായ ഉത്തരവാദിത്വം ലേഖകർക്ക് മാത്രമായിരിക്കും.**


# പേജുകളിൽ


4 **എഡിറ്ററുടെ പേജ്**

5 **ബൽവന്ത്റായ് മേത്ത സ്മരണകൾ ഉണർത്തി ഒരു പഞ്ചായത്ത് ദിനം കൂടി**
- ജി. ഹരികൃഷ്ണൻ

10 **തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും വീരപ്പമൊയ്‌ലി റിപ്പോർട്ടും**
- ഐസൻ ജോസ്

13 **ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വയനാട്ടിൽ നിശബ്ദ മാറ്റങ്ങൾ**
- എ.എൻ. പ്രഭാകരൻ

**അടാട്ട് മികച്ച ഗ്രാമ പഞ്ചായത്ത്** 16
പഞ്ചായത്ത് ന്യൂസ് സർവ്വീസ്

20 **സദ്ഭരണ നിർവ്വഹണം കരിവെള്ളൂർ - പെരളം ഗ്രാമപഞ്ചായത്തിൽ**
-കെ. നാരായണൻ

23 **അധികാരവികേന്ദ്രീകരണത്തിന്റെ പത്ത് വർഷം**
- ജൂഡി ജോണി

25 **പോളിയോമൈലൈറ്റിസ്**
- ഡോ. തോമസ് വർഗ്ഗീസ്

26 **ഗ്രാമലക്ഷ്മി മുദ്രാലയം വികസനത്തിന്റെ പാതയിൽ**
- വി.വി. ജോസ്

28 **നീർത്തടാധിഷ്ഠിത വികസനവും എൻജിനീയറിംഗ് നിർമ്മിതികളും**
- വി. സുഭാഷ്ചന്ദ്രബോസ്

30 **മണൽ - ചില ജീവൽ പ്രശ്നങ്ങൾ**
- രാജീവ് പെരുമൺപുറ

32 **അക്കൗണ്ടിംഗ് രേഖകളിലെ മൈനസ് എൻട്രികൾ**
- ഉദയഭാനു കണ്ടേത്ത്

34 **തമിഴ്നാട്ടിലെ ഗ്രാമക്കാഴ്ചകൾ**
- റോയ് ചാക്കോ ഇളമണ്ണൂർ

36 **ഒരു പൊരുളുണ്ട്**
- ജി. ഹരികുമാർ

37 **ആകാശത്തേയ്ക്കു വളരുന്ന പുല്ലുകൾ (മിനിക്കഥ)**
- ബിജു കാനത്തിൽ

38 **മാതൃകയാക്കാവുന്ന സംരംഭം**
- വി.എം. ലത്തീഫ്

# മികച്ച പഞ്ചായത്തുകൾക്ക് അഭിനന്ദനം



തൃശൂർ ജില്ലയിലെ അടാട്ട് ഗ്രാമപഞ്ചായത്ത് 2005-06 ലെ സംസ്ഥാനത്തെ മികച്ച ഗ്രാമപഞ്ചായത്തിനുള്ള സ്വരാജ്ട്രോഫി കരസ്ഥമാക്കിയിരിക്കുന്നു. ബ്ലോക്ക് പഞ്ചായത്ത് വിഭാഗത്തിൽ നിലമ്പൂർ ബ്ലോക്കിനാണ് ഒന്നാം സ്ഥാനം. കേന്ദ്ര-സംസ്ഥാന ഫണ്ടുകളുടെ ഫലപ്രദമായ വിനിയോഗത്തിലും വിഭവ സമാഹരണത്തിലും നൂതന പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നതിലും മാതൃകാപരമായ പ്രവർത്തനം കാഴ്ചവച്ച വിജയികൾക്ക് സംസ്ഥാന സർക്കാർ നൽകുന്ന ഏറ്റവും വലിയ സമ്മാന തുകയായ അഞ്ച് ലക്ഷം രൂപയും, 25 ലക്ഷം രൂപ അധിക പദ്ധതി സഹായധനവും നാടിന്റെ വികസനത്തിന് മുതൽക്കൂട്ടാം. അഭിനന്ദനങ്ങൾ.

അവാർഡ് ജേതാക്കളെ അഭിനന്ദിക്കുമ്പോൾ തന്നെ, ചുരുങ്ങിയ കാലത്തിൽ വികേന്ദ്രീകൃതാസൂത്രണത്തിൽ വിസ്മയമായി മാറിയ കൊച്ചു കേരളത്തിന് ലജ്ജാകരമായ ചില സംഗതികളെപ്പറ്റി പരാമർശിക്കാതെ വയ്യ. മുൻവർഷങ്ങളെ അപേക്ഷിച്ച് ലളിതമായ മാനദണ്ഡങ്ങളായിരുന്നു 2005-06 ലെ അവാർഡ് നിർണ്ണയത്തിന് നിശ്ചയിച്ചിരുന്നത്. 75% വികസനഫണ്ടിന്റെ ചെലവ്, 60% കേന്ദ്രഫണ്ട് വിനിയോഗം, മൂന്ന് ഗ്രാമസഭകൾ വീതം എല്ലാ വാർഡിലും, 75% നികുതി പിരിവ് എന്നിവയായിരുന്നു അവ. ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾക്ക് 75% വികസനഫണ്ടിന്റെ ചെലവ് മാത്രമായിരുന്നു മാനദണ്ഡം. എന്നാൽ കോർപ്പറേഷൻ, മുൻസിപ്പാലിറ്റി, ജില്ലാ പഞ്ചായത്തുകളുടെ വിഭാഗങ്ങളിൽ നിശ്ചിത യോഗ്യതാമാർക്ക് നേടിയ, അവാർഡിന് തെരഞ്ഞെടുക്കാൻ തക്ക സ്ഥാപനങ്ങൾ ഉണ്ടായിരുന്നില്ല. മാത്രമല്ല, ജില്ലാതലത്തിൽ മികച്ച ഗ്രാമപഞ്ചായത്തുകളെ തിരഞ്ഞെടുക്കുന്നതിന് പത്തനംതിട്ട, എറണാകുളം, മലപ്പുറം, കോഴിക്കോട്, കാസർകോട് എന്നീ ജില്ലകളിലെയും, മികച്ച രണ്ടാമത്തെ ഗ്രാമപഞ്ചായത്തായി തിരഞ്ഞെടുക്കുന്നതിന് കൊല്ലം, തൃശ്ശൂർ, പാലക്കാട്, കണ്ണൂർ ജില്ലകളൊഴികെ മറ്റൊരു ജില്ലകളിലെയും ഗ്രാമപഞ്ചായത്തുകൾക്ക് യോഗ്യത നേടാൻ കഴിഞ്ഞില്ലായെന്ന ദുഃഖസത്യം ഗൗരവമായി കാണേണ്ടതാണ്. ആകെയുള്ള 999 ഗ്രാമപഞ്ചായത്തുകളിൽ, 134 എണ്ണം (13.4%) മാത്രമാണ് അവാർഡിന് അപേക്ഷിച്ചത് എന്ന കാര്യംകൂടി കൂട്ടിവായിക്കുമ്പോൾ ഒരു ആത്മപരിശോധനയ്ക്ക് നിശ്ചയമായും നാം തയ്യാറാകേണ്ടതായി വരും.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കിടയിൽ ആരോഗ്യകരമായ ഒരു മത്സര സ്വഭാവം വളർത്തുക വഴി പ്രാദേശിക വികസനത്തിൽ ഗുണപരമായ മാറ്റം വരുത്തുവാനും അധികാരവികേന്ദ്രീകരണ പ്രക്രിയയ്ക്ക് കരുത്തേകാനും കഴിയുമെന്ന വിലയിരുത്തലിന്റെ അടിസ്ഥാനത്തിലാണ് മികച്ച സ്ഥാപനങ്ങളെ ഓരോ വർഷവും തിരഞ്ഞെടുത്ത് ആദരിക്കുവാൻ ഒമ്പതാം പദ്ധതി മുതൽ സർക്കാർ തീരുമാനിച്ചത്. 2005-06 ലെ അവാർഡു നിർണ്ണയവുമായി ബന്ധപ്പെട്ട സ്ഥിതിവിവരം അത്രയ്ക്ക് ശുഭസൂചകമല്ല. 2005 സെപ്തംബർ മാസം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് നടന്ന പൊതുതെരഞ്ഞെടുപ്പും അതിനെത്തുടർന്ന് പുതിയ സമിതികൾ അധികാരമേറിയതും ഇവിടെ വിസ്മരിക്കുന്നില്ല. എന്നിരുന്നാലും, ഒരു വിഭാഗം സ്ഥാപനങ്ങൾക്ക് പ്രതിബന്ധങ്ങൾ തരണംചെയ്ത് സമഗ്രവും ദീർഘവീക്ഷണത്തോടെയും പ്രവർത്തിക്കുവാൻ കഴിയുന്നുണ്ട് എന്ന വസ്തുത നിസ്തർക്കമാണ്. ഒരു പക്ഷേ, അടാട്ട് ഗ്രാമപഞ്ചായത്തിന് ഈ അവാർഡ് നിശ്ചയമായിരുന്നു എന്നു വേണം കരുതാൻ. കഴിഞ്ഞ നാലു വർഷങ്ങളായി ജില്ലാതലത്തിൽ മികച്ച സ്ഥാപന ബഹുമതി അടാട്ട് നേടിയിരുന്നു.

പ്രാദേശിക ഭരണരംഗത്ത് ഗുണപരമായ വികസനം വരുത്തി ജനസമ്മതി ആർജ്ജിച്ചാൽ മാത്രമേ തദ്ദേശഭരണ സ്ഥാപനങ്ങളുടെ അസ്തിത്വം നിലനിർത്താൻ കഴിയൂ. അതിന് ഒറ്റപ്പെട്ട മാതൃകകൾ മാത്രം ഉണ്ടായാൽ പോര. മാതൃകകൾ അനുകരിച്ച് ഭരണ നിലവാരം ഉയർത്താൻ എല്ലാ സ്ഥാപനങ്ങൾക്കും കഴിയണം. ആ വെല്ലുവിളി സധൈര്യം ഏറ്റെടുക്കുക എന്ന കർമ്മമാണ് ഇന്ന് തദ്ദേശസ്ഥാപനങ്ങൾക്ക് മുന്നിലുള്ളത്.

**എഡിറ്റർ**



**ജി. ഹരികൃഷ്ണൻ**



*കോഴിക്കോട് നടന്ന സംസ്ഥാനതല പഞ്ചായത്ത് ദിനാഘോഷ പരിപാടിയുടെ ഉദ്ഘാടനം തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി പാലോളി മുഹമ്മദ്കുട്ടി നിർവ്വഹിക്കുന്നു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാരായ കെ.പി. കുഞ്ഞമ്മത്കുട്ടി മാസ്റ്റർ, ആനാവൂർ നാഗപ്പൻ, എം.വി. ബാലകൃഷ്ണൻ മാസ്റ്റർ, ഗ്രാമപഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റ് കെ. നാരായണൻ എന്നിവർ സമീപം.*

## ബൽവന്ത്റായ് മേത്ത സ്മരണകൾ ഉണർത്തി

# ഒരു പഞ്ചായത്ത് ദിനം കൂടി

ഗ്രാമങ്ങളുടെ ഉന്നമനം സാധിതമാകണമെങ്കിൽ ജനായത്ത അധികാര വികേന്ദ്രീകരണവും ത്രിതല പഞ്ചായത്ത്രാജ് സംവിധാനവും നടപ്പിലാക്കണമെന്ന് ആദ്യമായി ശുപാർശ ചെയ്ത യശഃശരീരനായ ബൽവന്ത്റായ് മേത്തയുടെ 109-ാം ജന്മദിനം പഞ്ചായത്ത് ദിനമായി സംസ്ഥാനത്ത് സമുചിതമായി ആഘോഷിച്ചു. കോഴിക്കോട് ടാഗൂർ സെന്റിനറി ഹാളിൽ ഫെബ്രുവരി 18,19 തീയതികളിലാണ് പരിപാടി സംഘടിപ്പിച്ചത്. കേരളഗ്രാമപഞ്ചായത്ത് അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ് കെ. നാരായണൻ പതാക ഉയർത്തിയതോടെ ഫെബ്രുവരി 19-ാം തീയതിയിലെ പരിപാടികൾ സമാരംഭിച്ചു. തദ്ദേശസ്വയംഭരണ വകുപ്പു മന്ത്രി പാലോളി മുഹമ്മദ് കുട്ടി രാവിലെ നടന്ന പ്രതിനിധി സമ്മേളനം ഉദ്ഘാടനം ചെയ്തു. 2005-06 ലെ മികച്ച തദ്ദേശഭരണ സ്ഥാപനങ്ങൾക്കുള്ള സ്വരാജ് ട്രോഫികളുടെ വിതരണവും, ഈഡിസ് കൊതുക് നിർമ്മാർജ്ജനത്തിന് മാതൃകാപരമായ പ്രവർത്തനം കാഴ്ചവച്ച കുടപ്പനക്കുന്ന് ഗ്രാമപഞ്ചായത്തിനെ ആദരിക്കലും, 2007 ലെ പഞ്ചായത്ത് ദിനാഘോഷവുമായി ബന്ധപ്പെട്ട് നടന്ന ഉപന്യാസ മത്സരവിജയികൾക്കുള്ള സമ്മാനദാനവും മന്ത്രി തദവസരത്തിൽ നിർവ്വഹിച്ചു. കോഴിക്കോട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ.പി. കുഞ്ഞമ്മത് കുട്ടി മാസ്റ്റർ അദ്ധ്യക്ഷത വഹിച്ചു.

അധികാരവികേന്ദ്രീകരണത്തിന്റെ പത്ത് വർഷങ്ങളുടെ അനുഭവപാഠം ഉൾക്കൊണ്ട് നേട്ടങ്ങൾ നിലനിർത്തിയും പോരായ്മകൾ പരിഹരിച്ചും പതിനൊന്നാം പദ്ധതി നടപ്പാക്കുന്ന വേളയിൽ നടത്തുന്ന പഞ്ചായത്ത് ദിനാഘോഷ പരിപാടിക്ക് വളരെയധികം പ്രസക്തിയുണ്ടെന്ന് ചടങ്ങിൽ അദ്ധ്യക്ഷം വഹിച്ച് സംസാരിക്കവെ കെ.പി. കുഞ്ഞമത് കുട്ടി മാസ്റ്റർ അഭിപ്രായപ്പെട്ടു.

ഉദ്പാദന മേഖലയിലെ മുരടിപ്പ് മാറ്റുന്നതിനാവശ്യമായ നടപടികളുമായാണ് പദ്ധതിപ്രവർത്തനങ്ങൾക്ക് തുടക്കമിട്ടിരിക്കുന്നത്. പദ്ധതിയുടെ കാര്യക്ഷമമമായ നടത്തിപ്പിന് വിവിധ വകുപ്പുകളുടെ സംയോജനം ഇനിയും നടത്തേണ്ടതുണ്ട്.

തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളിലെ പോരായ്മകളെ മാത്രം ചൂണ്ടിക്കാട്ടി അധികാരവികേന്ദ്രീകരണത്തിനെതിരായ വിമർശനങ്ങൾ സമീപകാലങ്ങളിൽ ഉണ്ടായി. ആരോഗ്യ-വിദ്യാഭ്യാസ രംഗങ്ങളിൽ ഉണ്ടാക്കിയ നേട്ടങ്ങൾ പാടെ വിസ്മരിച്ചുകൊണ്ട് അടിസ്ഥാനരഹിതമായ വിമർശനങ്ങൾ ഉയർന്നു. ഇതിനെല്ലാം പിന്നിൽ, നൽകിയ അധികാരങ്ങൾ തിരിച്ചുപിടിക്കുന്നതിനും നിയന്ത്രിക്കുന്നതിനുമുള്ള ഗൂഢശ്രമങ്ങളാണ്. തദ്ദേശഭരണ സ്ഥാപനങ്ങൾ മാതൃകാപരമായ പ്രവർത്തനങ്ങൾ നടത്തി ഇത്തരം വെല്ലുവിളികളെ സധൈര്യം നേരിടേണ്ടതുണ്ട്. അതിന് കൂട്ടായ പരിശ്രമം നടത്തുവാൻ ഈ വേദി ഉപകരിക്കുമെന്ന് അദ്ദേഹം പറഞ്ഞു.

ചടങ്ങിൽ ജില്ലാപഞ്ചായത്ത് പ്രസിഡന്റ്സ് ചേംബർ പ്രസിഡന്റ് ആനാവൂർ നാഗപ്പൻ, കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റ് കെ. നാരായണൻ, ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ സെക്രട്ടറി അയ്മനം ബാബു എന്നിവർ ആശംസാപ്രസംഗം നടത്തി.

കഴിഞ്ഞ പത്തു വർഷക്കാലത്തെ പദ്ധതി ആസൂത്രണ നിർവഹണ അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ ആസൂത്രണ ചട്ടം നിർമ്മിക്കുന്നത് ഗൗരവമായി ചിന്തിക്കേണ്ട കാര്യമാണെന്ന് ആനാവൂർ നാഗപ്പൻ അഭിപ്രായപ്പെട്ടു. അങ്ങനെയാണെങ്കിൽ കാലാകാലങ്ങളിൽ പദ്ധതി

# എല്ലാ രംഗത്തും പരിപൂർണ്ണരായി എന്ന് കരുതരുത് : പാലോളി

അധികാരവികേന്ദ്രീകരണം നടപ്പാക്കുന്നതിൽ കേരളം രാജ്യത്തിനാകെ മാതൃകയായെങ്കിലും എല്ലാ രംഗത്തും പരിപൂർണ്ണരായി എന്ന് നാം കരുതരുതെന്ന് പഞ്ചായത്ത് ദിനാഘോഷ പരിപാടികൾ ഉദ്ഘാടനം ചെയ്തു സംസാരിക്കവേ തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി പാലോളി മുഹമ്മദ് കുട്ടി പറഞ്ഞു.

അധികാരവികേന്ദ്രീകരണം പൊതുവിൽ സ്വാഗതം ചെയ്യപ്പെടുമ്പോഴും ചുരുക്കം ചില കേന്ദ്രങ്ങൾ ഇന്നും പകയോടെ അതിനെ വീക്ഷിക്കുന്നുണ്ട്. അധികാരം നഷ്ടപ്പെട്ടതിലെ നഷ്ടബോധമാണ് ഇതിനു കാരണം. തദ്ദേശ സ്ഥാപനങ്ങൾ മെച്ചപ്പെട്ട രീതിയിൽ സേവന പ്രവർത്തനങ്ങൾ നടത്തുകയും, നൽകിയ പണം ഫലപ്രദമായി വിനിയോഗിക്കുന്നു എന്ന് ജനങ്ങൾക്ക് ബോദ്ധ്യപ്പെടുകയും ചെയ്യുമ്പോൾ അധികാരവികേന്ദ്രീകരണത്തിനെതിരായ എതിർപ്പുകൾ താനേ മാറും. ലഭിച്ച അധികാരങ്ങൾ മികച്ച രീതിയിൽ വിനിയോഗിക്കപ്പെടുമ്പോൾ കൂടുതൽ അധികാരവും വിഭവവും താഴേക്ക് നൽകുന്നതിന് പ്രേരണയാകും. ശാസ്ത്രീയമായ രീതിയിൽ അധികാരവികേന്ദ്രീകരണം ഫലപ്രദമായി നടപ്പാക്കണമെങ്കിൽ കേന്ദ്രത്തിൽ തങ്ങിനിൽക്കുന്ന അധികാര കൂമ്പാരങ്ങൾ താഴേയ്ക്ക് വിന്യസിച്ചു

**അധികാരവികേന്ദ്രീകരണം പൊതുവിൽ സ്വാഗതം ചെയ്യപ്പെടുമ്പോഴും ചുരുക്കം ചില കേന്ദ്രങ്ങൾ ഇന്നും പകയോടെ അതിനെ വീക്ഷിക്കുന്നുണ്ട്. അധികാരം നഷ്ടപ്പെട്ടതിലെ നഷ്ടബോധമാണ് ഇതിനു കാരണം.**

നൽകണം.

പതിനൊന്നാം പഞ്ചവത്സര പദ്ധതിയുടെ ആദ്യവർഷ പദ്ധതി ആസൂത്രണത്തിന് കാലതാമസം ഉണ്ടായെങ്കിലും 2008–09 വർഷത്തെ പദ്ധതി ആസൂത്രണം മാർച്ച് മാസം തന്നെ ആരംഭിക്കത്തക്ക വിധം മുന്നൊരുക്ക പ്രവർത്തനങ്ങൾ നടന്നു കഴിഞ്ഞിരിക്കുകയാണ്. ചുരുങ്ങിയത് പത്ത് മാസമെങ്കിലും ഇനി ഓരോ സാമ്പത്തിക വർഷവും പദ്ധതി പ്രവർത്തനത്തിന് ലഭ്യമാകും. നാളിതുവരെയുള്ള പദ്ധതി പ്രവർത്തനങ്ങളുടെ കണക്കുകൾ ചിട്ടപ്പെടുത്തുന്നതിനും, മുൻവർഷങ്ങളിൽ വകമാറ്റി ചെലവഴിച്ച പട്ടികജാതി/വർഗ്ഗ പദ്ധതി വിഹിതത്തിന് പരിഹാര തുക വകയിരുത്തുന്നതിനും സർക്കാർ കർക്കശമായ നിലപാട് സ്വീകരിച്ചതിനാലാണ് ഇത്തവണ പദ്ധതി രേഖയ്ക്കുള്ള അംഗീകാരത്തിന് കാലതാമസം ഉണ്ടായത്. പന്ത്രണ്ട് ഗ്രാമപഞ്ചായത്തുകളൊഴികെ മറ്റെല്ലാ ഗ്രാമപഞ്ചായത്തുകളും കണക്കുകൾ ചിട്ടപ്പെടുത്തി കഴിഞ്ഞു. കോടതി, വിജിലൻസ് കേസുകൾ കാരണം രേഖകൾ ലഭ്യമല്ലാത്തതിനാലാണ് ബാക്കി പഞ്ചായത്തുകളിൽ കണക്കുകൾ ശരിയാക്കാൻ സാധിക്കാത്തത്. പട്ടികജാതി/വർഗ്ഗ വിഭാഗങ്ങൾക്കുള്ള പ്രത്യേക ഘടക പദ്ധതി (SCP), പട്ടികവർഗ്ഗത്തിനുള്ള ട്രൈബൽ സബ് പ്ലാൻ (TSP) എന്നിവയിലെ വിഹിതം കഴിഞ്ഞ കുറച്ചു വർഷങ്ങളായി വകമാറ്റുകയോ ചെലവിടാതിരിക്കുകയോ ചെയ്തിരുന്നു. സമൂഹത്തിൽ തീരെ അവശത അനുഭവിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനത്തിനായി മാറ്റിവെച്ച തുക ചെലവഴിക്കാതെയും വക മാറ്റിയതായും തെളിഞ്ഞപ്പോൾ സർക്കാരിന് കർക്കശമായ നിലപാട് ഇക്കാര്യത്തിൽ സ്വീകരിക്കേണ്ടതായി വന്നു. പലർക്കും ഇത് സ്വാഭാവികമായ ബുദ്ധിമുട്ടുകൾ ഉണ്ടാക്കി. എതിർപ്പുകൾ ഉയർന്നു. പക്ഷെ വികസനപ്രവർത്തനങ്ങളിൽ സർക്കാരിന്റെ ആത്മാർത്ഥതയെ തന്നെ ചോദ്യം ചെയ്യുന്ന അവസ്ഥയായതിനാൽ ഇക്കാര്യത്തിൽ പുന:പരിശോധന നടത്താൻ സർക്കാർ തയ്യാറായില്ല. അതുകൊണ്ട് 2007–08 ൽ 132.95 കോടി രൂപ ഈ മേഖലയിൽ പരിഹാര വകയിരുത്തൽ നടത്താൻ കഴിഞ്ഞു. പട്ടികജാതി/വർഗ്ഗ ക്ഷേമത്തിന് ചരിത്രത്തിലാദ്യമായാണ് ഇത്രയും തുക വകയിരുത്താനായത്.


ജനകീയാസൂത്രണം നടപ്പിലായതോടെ മാതൃകാപരമായ പ്രവർത്തനങ്ങൾ പല പഞ്ചായത്തുകളിലും നടന്നു. ഒമ്പതാം പദ്ധതിയിൽ ഉദ്പാദന മേഖലയ്ക്ക് പ്രാധാന്യം നൽകിയിരുന്നുവെങ്കിലും പ്രതീക്ഷിച്ച നേട്ടം കൈവരിക്കുവാൻ സാധിച്ചില്ല. പത്താം പദ്ധതിയിൽ ഉദ്പാദന മേഖലയിലെ സ്ഥിതി കൂടുതൽ വഷളായി. തകർച്ച നേരിടുന്ന കാർഷികമേഖലയെ പുനരുജ്ജീവിപ്പിച്ചില്ലെങ്കിൽ ഉണ്ടാകുന്ന ഭവിഷത്തുക്കൾ ഭയാനകമായിരിക്കും എന്ന് കണ്ടതിനാലാണ് 11–ാം പദ്ധതിയിൽ തിരുത്തൽ നടപടികൾ ആവിഷ്ക്കരിച്ച് ശക്തമായ ഇടപെടലുകൾ നടത്തിയത്. ഇതിനും പലഭാഗങ്ങളിൽ നിന്നും എതിർപ്പും നീരസവും പ്രകടമാകുന്നുണ്ട്.

പഞ്ചായത്ത് രാജിനെക്കുറിച്ചുള്ള ചർച്ചകളിൽ കേന്ദ്രം കേരള സംസ്ഥാനത്തെയാണ് പലപ്പോഴും മാതൃകയായി ചൂണ്ടികാണിക്കുന്നത്. തദ്ദേശഭരണം

**11–ാം പദ്ധതിയുടെ ആദ്യ വർഷ പദ്ധതി ആസൂത്രണത്തിന് കാലതാമസം ഉണ്ടായെങ്കിലും 2008–09 വർഷത്തെ പദ്ധതി ആസൂത്രണം മാർച്ച് മാസം തന്നെ ആരംഭിക്കത്തക്കവിധം മുന്നൊരുക്ക പ്രവർത്തനങ്ങൾ നടന്നു കഴിഞ്ഞിരിക്കുകയാണ്.**

സംബന്ധിച്ച എം. വീരപ്പമൊയ്‌ലി റിപ്പോർട്ടിൽ ശുപാർശ ചെയ്തിട്ടുള്ള പല നിർദ്ദേശങ്ങളും കേരളത്തിൽ ഇതിനകംതന്നെ നടപ്പിൽ വരുത്തിയിട്ടുള്ളതാണ്. ഇതിൽ നമുക്ക് അഭിമാനിക്കാം.

കേരളത്തിലെ പല തദ്ദേശഭരണ സ്ഥാപനങ്ങളും ആരോഗ്യകരമായ മത്സരസ്വഭാവത്തോടെയാണ് വികസന പ്രവർത്തനങ്ങൾ നടത്തിവരുന്നത്. ഈ രംഗത്ത് മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന പഞ്ചായത്തുകളെ ആദരിക്കുന്നത് മറ്റ് സ്ഥാപനങ്ങൾക്ക് കൂടി പ്രചോദനമാകും എന്നതിനാലാണ് എല്ലാ വർഷവും മികച്ച സ്ഥാപനങ്ങളെ തെരഞ്ഞെടുത്ത് അവാ



ർഡ് നൽകുന്നത്. ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും അതിലുപരി ജനങ്ങളുടെയും കൂട്ടായ്മയുടെ വിജയമാണ് അവാർഡിനർഹമായ സ്ഥാപനങ്ങളിൽ കാണുന്നത്. ഇത് നിലനിറുത്തുവാനും മറ്റുള്ളവർ ഇതിൽ നിന്നും പ്രചോദനം ഉൾകൊണ്ട് ഭാവിയിൽ മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുവാനും ശ്രമിക്കേണ്ടതുണ്ടെന്ന് മന്ത്രി പറഞ്ഞു.

ആസൂത്രണത്തിന് മാർഗ്ഗ നിർദ്ദേശങ്ങൾക്കായി കാത്തിരിക്കേണ്ട ആവശ്യം വരുകയില്ല. ഭേദഗതികൾ മാത്രം അറിയിച്ചാൽ മതിയാകും. കുടുംബശ്രീ ഉത്പന്നങ്ങൾ വിറ്റഴിക്കുന്നതിന് ചെറുകിട വിപണന കേന്ദ്രങ്ങൾ പഞ്ചായത്തുകൾ തോറും സ്ഥാപിക്കണം. കാർഷിക മേഖലയിലെ പദ്ധതി രൂപീകരണം കാലാവസ്ഥാ അനുക്രമമായി ചിട്ടപ്പെടുത്തണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

കേരളത്തിന്റെ പ്രഥമ മുഖ്യമന്ത്രിയും, ഭരണപരിഷ്ക്കാര കമ്മിഷന്റെ അദ്ധ്യക്ഷനും, ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ ഉന്നതതല മാർഗ്ഗനിർദ്ദേശക സമിതി അദ്ധ്യക്ഷനുമെല്ലാമായ ഇ.എം. എസ് നമ്പൂതിരിപ്പാടിനെ സ്മരിക്കാതെ കേരളത്തിലെ ജനകീയാസൂത്രണ പ്രക്രിയയ്ക്ക് മുന്നോട്ടു പോകാനാവില്ലെന്ന് ആശംസകളർപ്പിച്ച് സംസാരിച്ച കെ. നാരായണൻ പറഞ്ഞു. മറ്റ് നിരവധി മേഖലകളിൽ രാജ്യത്തിന് മാതൃകയായ കേരളം സമ്പൂർണ്ണ ശുചിത്വത്തിലും മാതൃക കാണിച്ച് പ്രഥമ നിർമ്മൽ സംസ്ഥാന



*പഞ്ചായത്ത് ദിനാഘോഷം: സമ്മേളന വേദിയിൽ പ്രൊഫ. എം.കെ. പ്രസാദ്, പ്രൊഫ. എൻ. രമാകാന്തൻ, എസ്. നാസറുദ്ദീൻ, ശാരദാ മുരളീധരൻ, ഐമനം ബാബു, ഡോ. വി.എം. ഗോപാലമേനോൻ തുടങ്ങിയവർ.*

മെന്ന ബഹുമതി കരസ്ഥമാക്കുന്നതിന് എല്ലാ പരിശ്രമങ്ങളും നടത്തുമെന്ന് ബൽവന്ത്റായ്മേത്തയുടെ ജന്മദിനത്തിൽ പ്രതിജ്ഞ ചെയ്യാൻ സമ്മേളന പ്രതിനിധികളോട് അദ്ദേഹം ആഹ്വാനം ചെയ്തു. സംഘടനകൾ ചൂണ്ടിക്കാട്ടിയ പദ്ധതി പ്രവർത്തനങ്ങളിലെ തടസ്സങ്ങൾ കുറെയൊക്കെ സർക്കാർ പരിഹരിച്ചുവെങ്കിലും ഇനിയും വളരെയധികം കാര്യങ്ങൾ ഈ





*പഞ്ചായത്ത് ദിനാഘോഷം: സമാപന സമ്മേളനം വ്യവസായ വകുപ്പ് മന്ത്രി എളമരം കരിം ഉത്ഘാടനം ചെയ്യുന്നു. മന്ത്രി പാലോളി മുഹമ്മദ് കുട്ടി, പ്രദീപ് കുമാർ എം.എൽ.എ കെ.പി. കുഞ്ഞമത്കുട്ടി മാസ്റ്റർ തുടങ്ങിയവർ സമീപം.*

മേഖലയിൽ പരിഹരിക്കപ്പെടാനുണ്ടെന്ന് അയ്മനം ബാബു ചൂണ്ടിക്കാട്ടി.

പ്രതിനിധി സമ്മേളനത്തിന് സ്വാഗതം ആശംസിക്കവെ തദ്ദേശഭരണരംഗം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും പ്രതിസന്ധികളും കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ ജനറൽ സെക്രട്ടറി എസ്. നാസറുദ്ദീൻ ആമുഖമായി അവതരിപ്പിച്ചു. ചടങ്ങിന് പഞ്ചായത്ത് ഡയറക്ടർ ഡോ. വി.എം ഗോപാലമേനോൻ കൃതജ്ഞത രേഖപ്പെടുത്തി.

### “ത്രിതല പഞ്ചായത്തുകളും സേവനപ്രദാനവും”

പ്രതിനിധി സമ്മേളനത്തെ തുടർന്ന് “ത്രിതല പഞ്ചായത്തുകളും സേവന പ്രദാനവും” എന്ന വിഷയത്തെ ആസ്പദമാക്കി സെമിനാർ നടന്നു. സെമിനാറിൽ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എസ്.എം. വിജയാനന്ദ് വിഷയാവതരണം നടത്തി. പഞ്ചായത്തുകൾ നൽകുന്ന സേവനങ്ങളും, അവയുടെ ഇന്നത്തെ അവസ്ഥയും, മെച്ചപ്പെടുത്തേണ്ട വിധവും പ്രിൻസിപ്പൽ സെക്രട്ടറി സവിസ്തരം പ്രതിപാദിച്ചു. തുടർന്ന് നടന്ന ചർച്ചയിൽ ഇൻഫർമേഷൻ കേരള മിഷൻ എക്സിക്യൂട്ടീവ് ചെയർമാനും ഡയറ

# പബ്ലിക് സർവ്വീസ് എന്ന ആശയം നടപ്പിൽ വരുത്തുക വികേന്ദ്രീകരണത്തിന്റെ പ്രധാന ലക്ഷ്യം

## – എസ്. എം. വിജയാനന്ദ്

സ്വതന്ത്രാനന്തര ഭാരതത്തിൽ ഉദയം ചെയ്ത പൊതുജന സേവനം (Public Service) എന്ന ആശയം അക്ഷരാർത്ഥത്തിൽ നടപ്പിൽ വരുത്തുകയാണ് വികേന്ദ്രീകരണത്തിന്റെ പ്രധാന ലക്ഷ്യങ്ങളിലൊന്നെന്ന് "ത്രിതല പഞ്ചായത്തുകളും സേവനപ്രദാനവും" എന്ന വിഷയത്തെ ആസ്പദമാക്കി നടന്ന സെമിനാറിൽ വിഷയാവതരണം നടത്തവേ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എസ്.എം. വിജയാനന്ദ് പറഞ്ഞു.

പ്രദാനം ചെയ്യുന്ന സേവനങ്ങളുടെ ഗുണനിലവാരത്തെ ആശ്രയിച്ചാണ് ഏതൊരു സർക്കാരിനെയും ജനം വിലയിരുത്തുന്നത്. വികസിത രാജ്യങ്ങളും അവികസിത രാജ്യങ്ങളും തമ്മിലുള്ള പ്രധാന വ്യത്യാസം തന്നെ സേവനം നൽകുന്ന രീതിയിലാണ്. കേരളം മാനവവികസനം, ക്ഷേമപരിപാടികൾ എന്നീ രണ്ട് സേവന മേഖലകളിലാണ് പ്രാധാനമായും ശ്രദ്ധ കേന്ദ്രീകരിച്ചത്. എന്നാൽ കാലാന്തരത്തിൽ സേവനത്തിന്റെ ഗുണമേന്മ വർദ്ധിപ്പിക്കാൻ കഴിയാത്തത് പുതിയ വെല്ലുവിളികൾ സൃഷ്ടിച്ചു. 1960കളിൽ വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയ മേഖലകളിൽ 70 ശതമാനം സേവനവും നൽകിയിരുന്നത് സർക്കാരായിരുന്നെങ്കിൽ ഇന്ന് ഭൂരിഭാഗവും ലാഭേച്ഛയോടെ പ്രവർത്തിക്കുന്ന സ്വകാര്യമേഖല കൈയടക്കിയിരിക്കുകയാണ്. സർക്കാർ മേഖലയിൽ ഗുണമേന്മ വർദ്ധിപ്പിക്കാൻ കഴിയാതിരുന്നതിന് നാല് പ്രധാന കാരണങ്ങൾ ഉണ്ട്. സാമ്പത്തികത്തെ രുക്കം, സ്വകാര്യമേഖലയിൽ നിന്നുമുണ്ടാകുന്ന അന്യായമായ മത്സരം, പൊതുജന സേവന സംസ്കാര ശോഷണം, കെട്ടിടം, മതിൽ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളിൽ മാത്രം കേന്ദ്രീകൃതമായ ആസൂത്രണം എന്നിവയാണത്.

സർക്കാർ നൽകുന്ന സേവനങ്ങളുടെ ഗുണഭോക്താക്കൾ ഇന്ന് ജനസംഖ്യയുടെ മൂന്നിലൊന്ന് വരുന്ന പാവപ്പെട്ടവരാണ്. വികേന്ദ്രീകരണത്തിലൂടെ അവർക്ക് വേണ്ടിയുള്ള ശബ്ദം ഉയരണം. പദ്ധതി വിഹിതത്തിന്റെ മൂന്നിലൊന്നാണ് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വികസന ഫണ്ടായി നൽകുന്നത്. എന്നാൽ നൽകുന്ന സേവനങ്ങളുടെ നാലിൽ മൂന്നും പഞ്ചായത്തുകൾ വഴിയാണ്. പാവപ്പെട്ടവർക്ക് നൽകുന്ന സേവനത്തിന്റെ 99 ശതമാനവും പഞ്ചായത്തുകളിലൂടെയാണ്. മാത്രമല്ല, ജനങ്ങൾക്ക് വികസനം എത്തിക്കുന്ന പ്രക്രിയയുടെ (extension) 100 ശതമാനവും പഞ്ചായത്തുകൾ മുഖേനയാണ് നടക്കുന്നത്. അത്രയ്ക്ക് വിപുലമാണ് കേരളത്തിൽ നടക്കുന്ന വികേന്ദ്രീകരണത്തിന്റെ വ്യാപ്തി.

ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിൽ ആശുപത്രിക്കും സ്കൂളിനും കെട്ടിടം നിർമ്മിച്ചു നൽകുന്നത് മാത്രമാണ് സേവനമെന്നാണ് പലരും ധരിച്ചിരിക്കുന്നത്. അത്തരത്തിലുള്ള വികസനപരമായ സേവനം നൽകുന്നതിൽ ബഹുദൂരം മുന്നോട്ടു പോകാനും നമുക്ക് കഴിഞ്ഞിട്ടുണ്ട്. എന്നാൽ ഈ രംഗങ്ങളിൽ മാനവിക വികസന വളർച്ചയ്ക്കു വേണ്ടി സേവനം പ്രദാനം ചെയ്യാൻ നമുക്ക് ഇനിയും കഴിഞ്ഞിട്ടില്ല. സാമ്പത്തികകാര്യവികസന സേവനമേഖലയിലാകട്ടെ കാർഷികമേഖലയ്ക്ക് സബ്സിഡി നൽകുമ്പോഴും കൃഷിയുടെ വളർച്ചയ്ക്കും ഉദ്പാദന വർദ്ധനവിനും സഹായകമാംവിധം സേവനം നൽകാൻ നമുക്ക് കഴിഞ്ഞിട്ടില്ല. ക്ഷേമകാര്യ സർവ്വീസ് രംഗത്തും ഇത് പ്രകടമാണ്. പട്ടികജാതി/വർഗ്ഗ വിഭാഗങ്ങൾക്ക് വീടും മറ്റ് അടിസ്ഥാന സൗകര്യങ്ങളും നൽകുവാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും ആരോഗ്യം, വിദ്യാഭ്യാസം, തൊഴിൽ തുടങ്ങിയ മേഖലകളിൽ ഗുണനിലവാര വർദ്ധനയ്ക്ക് ഉതകുന്ന തരത്തിൽ സേവനം നൽകുവാൻ കഴിഞ്ഞിട്ടില്ല. അതുപോലെ എല്ലാ ജനവിഭാഗങ്ങളെയും ഒരുപോലെ ബാധിക്കുന്ന വിഷയങ്ങളായ പൗരന് നൽകേണ്ട സേവനങ്ങളിലും (civic services) ഭരണപരമായി നൽകേണ്ട സേവനങ്ങളിലും (Administrative Services) ഒരു പുരോഗതിയും ഉണ്ടാക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ല.

പഞ്ചായത്തുകൾ നൽകുന്ന സേവനങ്ങൾ, അവയുടെ മുൻഗണനകൾ, ഇന്നത്തെ അവസ്ഥ, ജനങ്ങളുടെ പ്രതികരണം എന്നിവയിലെ വീക്ഷണങ്ങൾ വിലയിരുത്തികൊണ്ട് അടിസ്ഥാനപരമായ മാറ്റങ്ങൾ വരുത്തിമാത്രമേ സേവന പ്രദാനം മെച്ചപ്പെടുത്താൻ കഴിയുകയുള്ളൂ. സേവനം നൽകേണ്ട ഉദ്യോഗസ്ഥരെ വിശ്വാസത്തിലെടുത്ത് പ്രോത്സാഹിപ്പിക്കുന്നതിന് തദ്ദേശഭരണ സ്ഥാപന



*"ത്രിതല പഞ്ചായത്തുകളും സേവനപ്രദാനവും" എന്ന വിഷയത്തെ ആസ്പദമാക്കി നടന്ന സെമിനാറിൽ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എസ്.എം. വിജയാനന്ദ് വിഷയാവതരണം നടത്തുന്നു. മന്ത്രി പാലോളി മുഹമ്മദ്കുട്ടി, പഞ്ചായത്ത് അസോസിയേഷൻ ഭാരവാഹികൾ, സർവ്വീസ് സംഘടനാ പ്രതിനിധികൾ തുടങ്ങിയവർ വേദിയിൽ*

മേധാവികൾ തയ്യാറാകണം. നൽകുന്ന സേവനങ്ങൾ ഏത് നിലവാരത്തിൽ (Standard), എപ്രകാരം നൽകുവാൻ സാധിക്കുമെന്ന് തദ്ദേശഭരണ സ്ഥാപനങ്ങൾ തീരുമാനിക്കുകയും ജനങ്ങളെ അറിയിക്കുകയും വേണം. സർക്കാർ സേവനങ്ങൾ ജനങ്ങൾക്ക് മുമ്പിൽ ലളിതമായി വിശദീകരിച്ചു കൊടുക്കുവാനുള്ള ചുമതല ജനപ്രതിനിധികൾ നിർവഹിക്കണം. പൊതുപരാതി പരിഹാര സംവിധാനത്തിന് വ്യക്തമായ രീതി സമ്പ്രദായം പഞ്ചായത്തുകൾ ഏർപ്പെടുത്തണം. ഇതിനുപുറമേ നല്ലരീതിയിൽ ജനങ്ങളോട് പെരുമാറുന്നതിന് കഴിയണം. ഇത് സേവനം മെച്ചപ്പെടുത്തുന്നതിൽ പ്രധാനമായ ഘടകമാണ്. ഈ മേഖലയിൽ നമ്മുടെ നാട്ടിൽ തന്നെ ലഭ്യമായ മാതൃകകൾ പകർത്താൻ മറ്റ് സ്ഥാപനങ്ങൾ തയ്യാറാകണം.

മെച്ചപ്പെട്ട രീതിയിൽ സേവനം നൽകണമെങ്കിൽ അടിസ്ഥാനവിവര ശേഖരണം സൂക്ഷ്മതലത്തിൽ നടത്തണം. പഞ്ചായത്തുകൾക്ക് മാത്രമേ ഇതിന് കഴിയൂ. പൗരാവകാശരേഖ, വിവരാവകാശ നിയമത്തിലെ സെക്ഷൻ IV പ്രകാരമുള്ള വിവരങ്ങൾ, സദ്ഭരണ പദ്ധതി, സോഷ്യൽ ആഡിറ്റ്, സിറ്റിസൺ സ്കോർ കാർഡ് തുടങ്ങിയ ഉപകരണങ്ങൾ ഫലപ്രദമായി പ്രയോജനപ്പെടുത്തണം. സദ്ഭരണത്തിന് ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേർഡ്സ് നൽകുന്ന "Good governance 15700" നിലവാരത്തിലേക്ക് ഉയരാൻ ഓരോ പഞ്ചായത്തിനും കഴിയണം. പ്രാദേശികഭരണ സ്ഥാപനങ്ങൾ നൽകുന്ന സേവനങ്ങൾ സർക്കാർ നൽകുന്നവയേക്കാളും മെച്ചപ്പെട്ടതാണെന്ന് ജനങ്ങൾക്ക് ബോദ്ധ്യം വന്നാൽ മാത്രമേ പ്രാദേശിക ഭരണസ്ഥാപനങ്ങളുടെ നിയമസാധുത്വത്തിന് പരക്കെ അംഗീകാരം ലഭിക്കുകയുള്ളൂ. ഇത് നിലനിൽപിന്റെ പ്രശ്നം കൂടിയാണ്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ സംഘടനകൾക്ക് വലിയ പങ്കാണ് ഇക്കാര്യത്തിൽ നിർവഹിക്കാനുള്ളത്.

ജനകീയാസൂത്രണ പ്രസ്ഥാനം ആരംഭിച്ചപ്പോൾ പുതിയ ആശയങ്ങൾ സ്വീകരിക്കാനും ഉൾക്കൊള്ളാനും തദ്ദേശഭരണ സ്ഥാപനങ്ങൾ തയ്യാറായിരുന്നു. എന്നാൽ ഇന്ന് അതല്ല അവസ്ഥ. പുതിയ ആശയങ്ങൾ ഉൾക്കൊള്ളാനുള്ള മനസ്സിന്റെ വാതിൽ അടച്ചാൽ വികസനം അവതാളത്തിലാകും. ഇക്കാര്യത്തിൽ ആത്മപരിശോധന വേണം.

ദേശീയ തൊഴിലുറപ്പ് പദ്ധതി പൂർണ്ണമായും അഴിമതി രഹിതമായാണ് നടപ്പാക്കുന്നത്. ഈ മാറ്റം മറ്റ് മേഖലകളിൽ കൂടി വ്യാപിപ്പിക്കണം. അതിന് തീർച്ചയായും നമുക്ക് കഴിയുമെന്നും അദ്ദേഹം പറഞ്ഞു.

---

ക്ടറുമായ പ്രൊഫ. എം.കെ. പ്രസാദ്, കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ ശാരദാ മുരളീധരൻ, കില ഡയറക്ടർ പ്രൊഫ. എൻ. രമാകാന്തൻ, ഗ്രാമ പഞ്ചായത്ത് അസോസിയേഷൻ വൈസ്പ്രസിഡന്റ് ബീന സണ്ണി, വിവിധ സർവ്വീസ് സംഘടനാ നേതാക്കൾ തുടങ്ങിയവർ സംസാരിച്ചു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വ്യക്തിത്വം നിലനിർത്തണമെങ്കിൽ അവയ്ക്ക് മാത്രമായ ഒരു പൊതു സിവിൽ സർവ്വീസ്കോഡ് തയ്യാറാക്കണമെന്നും ഇത് സംബന്ധിച്ച ഗൗരവമായ ചർച്ച തുടരേണ്ടതുണ്ടെന്നും സെമിനാറിൽ ഉയർന്നു വന്ന ആശയങ്ങളും അഭിപ്രായങ്ങളും ക്രോഡീകരിച്ചുകൊണ്ട് സംസാരിക്കവെ മോഡറേറ്ററായിരുന്ന ജില്ലാ പ്രസിഡന്റ്സ് ചേമ്പർ ജനറൽ സെക്രട്ടറി എം.വി. ബാലകൃഷ്ണൻ മാസ്റ്റർ അഭിപ്രായപ്പെട്ടു. സെമിനാറിന് കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ് കെ. നാരായണൻ സ്വാഗതവും, അസോസിയേഷന്റെ ജില്ലാ പ്രസിഡന്റ് കെ. നാരായണൻ നന്ദിയും പറഞ്ഞു.

### സമാപന സമ്മേളനം

വൈകുന്നേരം നടന്ന സമാപന സമ്മേളനം വ്യവസായ വകുപ്പ് മന്ത്രി എളമരം കരീം ഉദ്ഘാടനം ചെയ്തു. തദ്ദേശഭരണ സ്ഥാപനങ്ങളിലേയ്ക്ക് മറ്റു വകുപ്പുകളിൽ നിന്നുള്ള പുനർവിന്യാസം അടിയന്തരമായി പൂർത്തീകരിക്കണമെന്നും, ജീവനക്കാരുടെ പ്രശ്നങ്ങൾ പരിഹരിച്ച ശേഷമേ പുനർവിന്യാസമാകാവൂ എന്ന നിലപാട് ശരിയല്ലെന്നും ഉദ്ഘാടന പ്രസംഗത്തിൽ അദ്ദേഹം പറഞ്ഞു.

സ്വകാര്യമേഖലയെകൂടി പങ്കെടുപ്പിച്ചുകൊണ്ടു മാത്രമേ കാർഷിക വ്യാവസായികരംഗങ്ങളിൽ പുരോഗതി കൈവരിക്കാനാകുകയുള്ളൂ. നിക്ഷേപങ്ങൾക്ക് അനുകൂലസാഹചര്യമാണ് കേരളത്തിൽ. വികസന സാഹചര്യം ഉപയോഗിക്കാതെ വിവാദങ്ങൾക്കു മുന്നിൽ പകച്ചു നിന്നാൽ വരും തലമുറയോടു മാപ്പു പറയേണ്ടി വരും. കുറഞ്ഞ വരുമാനമുള്ള തൊഴിലുകൾ ചെയ്യാൻ കേരളത്തിൽ യുവതലമുറ തയ്യാറല്ല. അന്യസംസ്ഥാനങ്ങളിൽ വൻകിട വ്യവസായങ്ങൾ നിത്യേന ഉയരുന്നു. കേരളത്തിലേയ്ക്ക് തമിഴരുടെ വരവ് കുറഞ്ഞത് അവിടെ വലിയ വ്യവസായങ്ങൾ വന്നതുകൊണ്ടാണ്. ഉന്നത സാങ്കേതിക വിദ്യാഭ്യാസം നേടുന്നവർ അന്യസംസ്ഥാനങ്ങളിലും, രാജ്യങ്ങളിലുമാണ് തങ്ങളുടെ ശേഷി വിനിയോഗിക്കുന്നത്. ഇതു കേരളത്തിൽ തന്നെ ഉപയോഗിക്കപ്പെടണമെങ്കിൽ ഇവിടെ വ്യാവസായിക വളർച്ച ഉണ്ടാകണമെന്ന് മന്ത്രി അഭിപ്രായപ്പെട്ടു.

ചടങ്ങിൽ എ. പ്രദീപ്കുമാർ എം.എൽ.എ അദ്ധ്യക്ഷനായിരുന്നു. കോഴിക്കോട് ജില്ലാ പഞ്ചായത്ത് വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ കെ. ചന്ദ്രൻമാസ്റ്റർ, കെ. നാരായണൻ, അയിമനം ബാബു എന്നിവർ ആശംസകളർപ്പിച്ചു. ഗ്രാമപഞ്ചായത്ത് അസോസിയേഷൻ ജില്ലാ സെക്രട്ടറി വി.കെ. വിനോദ് സ്വാഗതവും പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർ അലക്സ് കെ. തോമസ് കൃതജ്ഞതയും പറഞ്ഞു.

ആഘോഷപരിപാടികളിൽ കേരളത്തിലുടനീളമുള്ള തദ്ദേശ സ്ഥാപനങ്ങളുടെ പ്രതിനിധികളുടെ സജീവ പങ്കാളിത്തം ശ്രദ്ധേയമായിരുന്നു. വിവിധ തദ്ദേശഭരണ സ്ഥാപനങ്ങളുടെ മാതൃകാപരമായ പ്രവർത്തനങ്ങൾ, കുടുംബശ്രീ ഉത്പന്നങ്ങൾ തുടങ്ങിയവ ഉൾപ്പെട്ട പ്രദർശനവും ആഘോഷ പരിപാടികൾക്ക് മികവേകി. ഫെബ്രുവരി 18 ന് വൈകുന്നേരം ജനപ്രതിനിധികളും ജീവനക്കാരും ചേർന്ന് അവതരിപ്പിച്ച കലാപരിപാടിയുമുണ്ടായിരുന്നു.

# തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും വീരപ്പമൊയ്‌ലി റിപ്പോർട്ടും

2008 ലെ പഞ്ചായത്ത് ദിനാഘോഷ പരിപാടികളുടെ ഭാഗമായി ഫെബ്രുവരി 18ന് കോഴിക്കോട് ടാഗോർ സെന്റിനറി ഹാളിൽ വെച്ച് "തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ഭരണപരിഷ്ക്കാര കമ്മിറ്റിയുടെ തദ്ദേശഭരണം സംബന്ധിച്ച റിപ്പോർട്ടും" എന്ന വിഷയത്തെ ആസ്പദമാക്കി സെമിനാർ നടന്നു. സെമിനാറിൽ വിഷയാവതരണം നടത്തിയത് സംസ്ഥാന പ്ലാനിംഗ് ബോർഡ് അംഗം സി.പി. നാരായണനായിരുന്നു.



"വിത്തുപാകി മുളച്ച ചെടിക്ക് വേരു പിടിച്ചിട്ടുണ്ടോയെന്നറിയുന്നതിനായി ചെടി പറിച്ചു നോക്കുന്ന കുട്ടികളുടെ സ്വഭാവം അധികാര വികേന്ദ്രീകരണത്തിലും രാഷ്ട്രീയകക്ഷികൾ അനുവർത്തിക്കുന്നുണ്ട്. രാഷ്ട്രീയ കക്ഷികളും ഭരണകർത്താക്കളും ഒരു പരിധി വരെ ജനങ്ങളും ഈ ശീലം അവസാനിപ്പിച്ചെങ്കിൽ മാത്രമേ ഇന്ത്യയിൽ അധികാര വികേന്ദ്രീകരണം സ്ഥായിയാക്കി മാറ്റുവാൻ കഴിയുകയുള്ളൂ"

2005 ആഗസ്റ്റ് 31 ന് എം. വീരപ്പമൊയ്‌ലി അദ്ധ്യക്ഷനായി രൂപവത്ക്കരിച്ച രണ്ടാം ഭരണപരിഷ്ക്കാര കമ്മിഷൻ 2007 ഒക്ടോ ബർ 22ന് "പ്രാദേശികഭരണം ഭാവിയിലേയ്ക്കുള്ള പ്രചോദനാത്മകമായ യാത്ര" (Local governance - A Journey to the Future) എന്ന തലക്കെട്ടോടെ സമർപ്പിച്ച റിപ്പോർട്ടിലെ പ്രസക്തമായ ശുപാർശകൾ കേരളത്തിൽ ദശാബ്ദക്കാലമായി നടന്നുവരുന്ന അധികാരവികേന്ദ്രീകണത്തിന്റെ പശ്ചാത്തലത്തിൽ അദ്ദേഹം വിശകലനം ചെയ്തു.

ബൽവന്ത്റായ് മേത്ത മുതൽ വീരപ്പമൊയ്‌ലി വരെയുള്ളവർ അദ്ധ്യക്ഷന്മാരായ നിരവധി ഭരണപരിഷ്കാര കമ്മിറ്റികൾ കേന്ദ്രം, സംസ്ഥാനം, പ്രാദേശികം എന്നീ മൂന്നു തരം സർക്കാരുകളെക്കുറിച്ച് ഊന്നിപ്പറയുന്നുണ്ട് എങ്കിലും ഭരണഘടനയിൽ നിഴലിച്ചുകാണുന്ന യൂണിറ്ററി സ്വഭാവം മാറ്റി അധികാരവും വിഭവവും അതാതു തലത്തിലുള്ള സർക്കാരുകൾക്ക് വിഭേദിച്ച് നൽകാതെ അതുമായി ബന്ധപ്പെട്ട അധികാര വികേന്ദ്രീകരണം സാദ്ധ്യമാവുകയില്ലെന്ന് സി. പി. നാരായണൻ പറഞ്ഞു.

വിത്തുപാകി മുളച്ച ചെടിക്ക് വേരു പിടിച്ചിട്ടുണ്ടോയെന്നറിയുന്നതിനായി ചെടി പറിച്ചു നോക്കുന്ന കുട്ടികളുടെ സ്വഭാവം അധികാര വികേന്ദ്രീകരണത്തിലും രാഷ്ട്രീയകക്ഷികൾ അനുവർത്തിക്കുന്നുണ്ട്. രാഷ്ട്രീയ കക്ഷികളും ഭരണകർത്താക്കളും ഒരു പരിധി വരെ ജനങ്ങളും ഈ ശീലം അവസാനിപ്പിച്ചെങ്കിൽ മാത്രമേ ഇന്ത്യയിൽ അധികാര വികേന്ദ്രീകരണം സ്ഥായിയാക്കി മാറ്റുവാൻ കഴിയുകയുള്ളൂ.

സംസ്ഥാനത്തെ മറികടന്ന് കേന്ദ്രം വിഭവവും ചില അധികാരങ്ങളും പ്രാദേശിക സർക്കാരുകൾക്ക് നേരിട്ടു നൽകുന്ന ചില ശുപാർശകൾ മൊയ്‌ലി കമ്മിറ്റി റിപ്പോർട്ടിൽ കാണുന്നുണ്ട്. ഇതു നടപ്പിൽ വരുത്തിയാൽ മൂന്ന് തരം സർക്കാരുകൾ തമ്മിൽ ഉണ്ടാവേണ്ട സമതുലിതാവസ്ഥ നഷ്ടപ്പെടും.

ത്രിതല പഞ്ചായത്ത് സംവിധാനം അപ്രകാരം തന്നെ തുടരണമോയെന്നത് പുനഃപരിശോധനയ്ക്ക് വിധേയമാക്കാമെന്ന് മൊയ്‌ലി കമ്മിറ്റി ശുപാർശ ചെയ്തിട്ടുണ്ട്. 73-ാം ഭരണഘടന ഭേദഗതി വന്നപ്പോൾ തന്നെ കേരളത്തിൽ ബ്ലോക്ക് പഞ്ചായത്തുകളുടെ പ്രസക്തിയെക്കുറിച്ച് ചർച്ച നടന്നിരുന്നു. ഭരണഘടനയിൽ എഴുതി വച്ചിരിക്കുന്ന കാര്യങ്ങൾ എക്കാലവും അപ്പാടെ നടപ്പിലാക്കണമെന്ന് ശാഠ്യം പിടിക്കേണ്ട കാര്യമില്ല. ജനങ്ങളുടെ ജീവിതാനുഭവത്തിന്റെ അടിസ്ഥാനത്തിൽ കാലാകാലങ്ങളിൽ മാറ്റം വരുത്തേണ്ട ഒന്നാണ് ഭരണഘടനയും എന്ന തിരിച്ചറിവിന്റെ ഒളിമിന്നൽ റിപ്പോർട്ടിൽ ദർശിക്കുവാൻ കഴിയും. വിഭവ കൈമാറ്റത്തെക്കുറിച്ച് വ്യക്തമായ ധാരണ ഇനിയും ഉണ്ടാകേണ്ടിയിരിക്കുന്നു.

കേന്ദ്രം സംസ്ഥാനങ്ങൾക്ക് നിയമപരമായി നൽകുന്ന വിഭവങ്ങളുടെ ഇരട്ടി വ്യവസ്ഥാപിതമല്ലാത്ത രീതിയിൽ പ്രാദേശിക സർക്കാരുകൾക്ക് കൈമാറുന്നുണ്ട്. വിഭവം കൈമാറണ്ടയെന്നല്ല, മറിച്ച് മൂന്ന് തലത്തിലുമുള്ള ഭരണസംവിധാനവും കൂട്ടായി വിഭവകൈമാറ്റത്തെക്കുറിച്ച് ധാരണയുണ്ടാക്കിയെടുക്കേണ്ടതുണ്ട്.

സ്വാതന്ത്ര്യം ലഭിച്ച് 60 വർഷങ്ങൾ കഴിഞ്ഞിട്ടും ഉദ്യോഗസ്ഥർ പഴയ കൊളോണിയൽ ഭരണവ്യവസ്ഥ തന്നെയാണ് ഇപ്പോഴും പിന്തുടരുന്നത്. ജനങ്ങളുടെ ഇംഗിതം അനുസരിച്ച് പ്രവർത്തിക്കുന്ന ജനസേവകരായി ഉദ്യോഗസ്ഥർ മാറേണ്ടതുണ്ട്.





*പഞ്ചായത്ത് ദിനാഘോഷം 2008: തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഭരണപരിഷ്ക്കാര കമ്മിററിയുടെ തദ്ദേശഭരണം സംബന്ധിച്ച റിപ്പോർട്ടും എന്ന വിഷയത്തെ ആസ്പദമാക്കി നടന്ന സെമിനാറിൽ വനംവകുപ്പ് മന്ത്രി ബിനോയ് വിശ്വം സംസാരിക്കുന്നു. സംസ്ഥാന ആസൂത്രണ ബോർഡ് അംഗം സി.പി. നാരായണൻ, തിരുവഞ്ചൂർ രാധാകൃഷ്ണൻ എം.എൽ.എ, ഇടതുപക്ഷ ജനാധിപത്യമുന്നണി കൺവീനർ വൈക്കം വിശ്വൻ, ഗ്രാമപഞ്ചായത്ത് അസോസിയേഷൻ ഭാരവാഹികളായ എസ്. നാസറുദ്ദീൻ, കെ. നാരായണൻ തുടങ്ങിയവർ സമീപം.*

പ്രാദേശിക ഭരണവ്യവസ്ഥയിൽ ഇതിന് വളരെയേറെ പ്രസക്തിയുണ്ട്. കേരളത്തിൽ മൂന്ന് ഭരണ പരിഷ്കാര കമ്മിറ്റികൾ കഴിഞ്ഞകാലങ്ങളിൽ റിപ്പോർട്ട് സമർപ്പിച്ചിരുന്നുവെങ്കിലും അവയിലെ സാരവത്തായ നിർദ്ദേശങ്ങൾ പോലും നമുക്ക് നടപ്പിലാക്കുവാൻ കഴിഞ്ഞിട്ടില്ല. കൈമാറിക്കിട്ടിയ അധികാരവും വിഭവവും ജനോപകാരപ്രദമായ രീതിയിൽ വിനിയോഗിക്കണമെങ്കിൽ ഉദ്യോഗസ്ഥ സമീപനത്തിൽ കാര്യമായ മാറ്റം ഉണ്ടാകേണ്ടിയിരിക്കുന്നു.


ഉൽപ്പാദനം, സേവനം, അവയുമായി ബന്ധപ്പെട്ട ആസൂത്രണം എന്നിവയെ കേന്ദ്രീകരിച്ചാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രവർത്തിക്കേണ്ടത്. ഈ ചുമതല നിർവ്വഹിക്കുന്നതിനുള്ള പ്രാപ്തി തദ്ദേശ ഭരണസ്ഥാപനങ്ങൾ ആർജ്ജിക്കേണ്ടതുണ്ട്. അതിന് പരിശീലനം അത്യന്താപേക്ഷിതമാണ്. പ്രതിനിധികൾക്കും, ഉദ്യോഗസ്ഥർക്കുമുള്ള പരിശീലനം തുടർ പ്രക്രിയ ആകണമെന്നും മൊയ്‌ലി കമ്മിറ്റി റിപ്പോർട്ട് നിർദ്ദേശിക്കുന്നു. ഇതു വളരെ പ്രധാനപ്പെട്ട ഒന്നാണ്. അതോടൊപ്പം പ്രദേശിക ആസൂത്രണ നിർവ്വഹണ പ്രവർത്തനങ്ങളിൽ ജനപങ്കാളിത്തം ഉറപ്പാക്കേണ്ടതിന്റെ പ്രാധാന്യവും റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. കേന്ദ്ര സംസ്ഥാന സർക്കാരുകളെപ്പോലെ പ്രാദേശിക സർക്കാരുകളും യാഥാർത്ഥ്യമായിരിക്കുന്നതിനാൽ നിയമങ്ങളിലും, ചട്ടങ്ങളിലും വളരെയധികം മാറ്റങ്ങൾ വരുത്തേണ്ടിയിരിക്കുന്നു. ഇതിലൊരു ഏകധാനത ഉണ്ടാകണം. ഏകീകൃതമായ ധാരണയും, നിർവ്വഹണവും, ഉണ്ടാകുമ്പോൾ മാത്രമേ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് അക്കൗണ്ടബിലിറ്റി ഉണ്ടാകൂ.

പതിനൊന്ന് വർഷം മുമ്പ് അധികാര വികേന്ദ്രീകരണ പ്രക്രിയ നടപ്പാക്കിയപ്പോൾ ഉണ്ടായിരുന്ന പ്രശ്നങ്ങളല്ല ഇന്ന് നാം നേരിടുന്നത്. വളരെ സങ്കീർണമായ പ്രശ്നങ്ങളാണ് ഇന്ന് കൈകാര്യം ചെയ്യേണ്ടിയിരിക്കുന്നത്. അവയ്ക്ക് സങ്കീർണമായ പരിഹാരം ഉണ്ടാകേണ്ടിയിരിക്കുന്നു. അതിന് വൈരുദ്ധ്യാത്മകമായ യുക്തികളെ കൂട്ടിയോജിപ്പിക്കേണ്ടിവരും. മൊയ്‌ലി കമ്മിറ്റി റിപ്പോർട്ട് നേരിട്ട് ഇക്കാര്യം പരാമർശിക്കുന്നില്ലെങ്കിലും അപ്രകാരം വായിച്ചെടുക്കാൻ നമുക്ക് കഴിയും.

നമ്മുടെ രാജ്യത്തിന്റെ പലഭാഗങ്ങളിലും ജനാധിപത്യ നിഷേധപ്രക്രിയ നടക്കുകയാണ്. കേരളം അധികാരം ജനങ്ങൾക്ക് കൈമാറികൊണ്ട് ജനാധിപത്യ പ്രക്രിയയെ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികളുമായി വ്യത്യസ്തത പുലർത്തുന്നു. ജനാധിപത്യ പ്രക്രിയയെ മുന്നോട്ട് കൊണ്ട് പോകുന്നതിനുള്ള ചെറുതോ വലുതോ ആയ കാൽവെയ്പാണ് മൊയ്‌ലി കമ്മിറ്റി റിപ്പോർട്ട്. അതിലെ പോരായ്മകളെ വിമർശിച്ചു കൊണ്ടും സ്വീകാര്യമായവയെ ഉൾക്കൊണ്ടു കൊണ്ടും അതിനെ വിജയിപ്പിക്കേണ്ടതുണ്ട്, സി.പി. നാരായണൻ പറഞ്ഞു.

വിഷയാവതരണത്തെ തുടർന്ന് നടന്ന ചർച്ചയ്ക്ക് തുടക്കമിട്ട് സംസാരിച്ചത് വനംവകുപ്പ് മന്ത്രി ബിനോയ് വിശ്വമാണ്. വീരപ്പമൊയ്‌ലി റിപ്പോർട്ടിലെ പ്രസക്തമായ നിർദ്ദേശങ്ങൾ അദ്ദേഹം വിശകലനം ചെയ്തു.

സംസ്ഥാനങ്ങളിൽ ലോക്കൽ ഗവൺമെന്റുകളിലെ അംഗങ്ങൾ ഉൾക്കൊള്ളുന്ന ലെജിസ്ലേറ്റീവ് കമ്മിറ്റികൾ പ്രാദേശിക സർക്കാരുകളെ സംബന്ധിച്ച നിയമരൂപ രേഖ, ലോക്കൽ ഗവൺമെന്റു മെമ്മോറാണ്ടം തുടങ്ങിയ റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ പ്രദേശിക സർക്കാരുകൾക്ക് കൂടുതൽ ശക്തി പകരും. എം.പി.,



"കൊറ്റിക്ക് പരന്ന പാത്രത്തിൽ വിരുന്നൊരുക്കുമ്പോലെയാകരുത് അധികാരവികേന്ദ്രീകരണം. അധികാരം ആർക്ക് നൽകുന്നുവോ അത് നിർവ്വഹിക്കുവാനുള്ള ചുറ്റുപാടും സജ്ജമാക്കേണ്ടതുണ്ട്. ഭരണഘടനയിൽ നിലവിലുള്ള ലിസ്റ്റിന് പുറമേ, പ്രാദേശികസർക്കാരുകൾക്കായി പ്രത്യേക ലിസ്റ്റ് തയ്യാറാക്കേണ്ടതുണ്ട്. പുതിയ നിർദ്ദേശങ്ങളുടെ സത്ത ഉൾക്കൊണ്ട് ഭരണഘടന മാറ്റത്തിന് വിധേയമാക്കണം"

എം,എൽ.എ., എന്നിവരുടെ പ്രാദേശിക വികസന ഫണ്ട് നിർത്തലാക്കണമെന്ന നിർദ്ദേശം സ്വാഗതാർഹമാണ്. എന്നാൽ ഒരു ലക്ഷത്തിലേറെ ജനസംഖ്യയുള്ള മുൻസിപ്പാലിറ്റികളിൽ സ്വകാര്യ പങ്കാളിത്തത്തോടെയുള്ള മാലിന്യ നിർമ്മാർജ്ജന പദ്ധതികൾ ഉണ്ടാക്കാനുള്ള സാദ്ധ്യതകൾ ആരായണമെന്ന നിർദ്ദേശം ആശങ്കയുളവാക്കുന്നതാണ്.

കൊറ്റിക്ക് പരന്ന പാത്രത്തിൽ വിരുന്നൊരുക്കുമ്പോലെയാകരുത് അധികാര വികേന്ദ്രീകരണം. അധികാരം ആർക്ക് നൽകുന്നുവോ അത് നിർ വ്വഹിക്കുവാനുള്ള ചുറ്റുപാടും സജ്ജമാക്കേണ്ടതുണ്ട്. ഭരണഘടനയിൽ നിലവിലുള്ള ലിസ്റ്റിന് പുറമേ, പ്രാദേശികസർക്കാരുകൾക്കായി പ്രത്യേക ലിസ്റ്റ് തയ്യാറാണം. പുതിയ നിർദ്ദേശങ്ങളുടെ സത്ത ഉൾക്കൊണ്ട് ഭരണഘടന മാറ്റത്തിന് വിധേയമാക്കണം. അധികാര വികേന്ദ്രീകരണത്തിൽ ജൈവപരമായ പങ്കു വഹിക്കേണ്ട സ്ഥാപനമാണ് ഗ്രാമസഭകൾ. എന്നാൽ ഗ്രാമസഭകൾ അവയുടെ പങ്കു നിർവ്വഹിക്കുന്നുണ്ടോ? ഗ്രാമസഭകൾ യഥാർത്ഥ ജനാധിപത്യവേദികളുടെ പ്രതിഫലനമായിത്തീരണമെന്നും സോഷ്യൽ ഓഡിറ്റ് പുനരുജ്ജീവിപ്പിക്കണമെന്നും അദ്ദേഹം പറഞ്ഞു.

വീരപ്പമൊയ്‌ലി റിപ്പോർട്ട് കൂട്ടായ ചർച്ചയിലൂടെ അഭിപ്രായ സമന്വയം വരുത്തി നടപ്പാക്കണമെന്ന് തിരുവഞ്ചൂർ രാധാകൃഷ്ണൻ എം.എൽ.എ അഭിപ്രായപ്പെട്ടു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റേയും ജില്ലാ കളക്ടറുടെയും നേതൃത്വത്തിൽ ദ്വിമുഖ ഭരണമാണ് ഇന്ന് ജില്ലകളിൽ നടക്കുന്നത്. ജില്ലാ പഞ്ചായത്തിന് മുൻസിപ്പൽ പ്രദേശങ്ങളിൽ യാതൊരു അധികാരവുമില്ല. മാത്രമല്ല 96 കമ്മിറ്റികളിൽ അദ്ധ്യക്ഷനായ ജില്ലാ കളക്ടറിലാണ് സർക്കാരിന് കൂടുതൽ വിശ്വാസം. ഭരണസംവിധാനത്തിൽ നിലനിൽക്കുന്ന ഇത്തരം അപാകതകൾ തിരുത്താനുള്ള സമയം അതിക്രമിച്ചിരിക്കുകയാണ്.

പ്രാദേശികതല ആവശ്യം മനസ്സിലാക്കി ആസൂത്രണം നടത്തണമെന്നും വികസനകാര്യത്തിൽ രാഷ്ട്രീയകക്ഷി ഭേദമന്യേ പൊതു അജണ്ട ഉണ്ടാകണമെന്നും, സോഷ്യൽ ആഡിറ്റ് ശക്തിപ്പെടുത്തണമെന്നും അദ്ദേഹം പറഞ്ഞു.

തദ്ദേശഭരണസ്ഥാപനങ്ങളെ ശക്തമാക്കിക്കൊണ്ടു വേണം കേന്ദ്രവും സംസ്ഥാനവും ശക്തമാകേണ്ടത് എന്ന് ചർച്ചയിൽ പങ്കെടുത്ത് സംസാരിച്ച ഇടതുപക്ഷ ജനാധിപത്യ മുന്നണി കൺവീനർ വൈക്കം വിശ്വൻ പറഞ്ഞു. കേരളത്തിൽ നടപ്പാക്കിയ ജനകീയാസൂത്രണം പശ്ചാത്തല മേഖലയിലും ഉദ്പാദന മേഖലയിലും പുത്തനുണർവ്വുണ്ടാക്കി. അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിൽ ജനകീയാസൂത്രണം വളരെ വലിയ സംഭാവനകൾ നൽകിയിട്ടുണ്ട്. വികസന പ്രവർത്തനങ്ങളിൽ ജനപങ്കാളിത്തം ഉറപ്പാക്കുന്നതിന് ഫലപ്രദമായ നടപടികൾ ഉണ്ടാകണമെന്ന് അദ്ദേഹം പറഞ്ഞു. അധികാര വികേന്ദ്രീകരണം കൂടുതൽ ഫലപ്രദമായി നടപ്പാക്കുന്നതിന് വീരപ്പമൊയ്‌ലി റിപ്പോർട്ടിലെ പ്രധാന നിർദ്ദേശങ്ങൾ രാഷ്ട്രീയ ഇച്ഛാശക്തിയോടെ നടപ്പിലാക്കണമെന്ന് ചർച്ചയിൽ പങ്കെടുത്ത് സംസാരിച്ച ആർ.എസ്.പി കോഴിക്കോട് ജില്ലാ സെക്രട്ടറി കെ.പി രാജൻ പറഞ്ഞു.



"മൊയ്‌ലി റിപ്പോർട്ട് കൂട്ടായ ചർച്ചയിലൂടെ അഭിപ്രായ സമന്വയം വരുത്തി നടപ്പാക്കണം''

❖



"റിപ്പോർട്ട് പ്രായോഗികവത്കരിച്ചാൽ മാത്രമേ ജനങ്ങൾക്ക് പ്രയോജനകരമാവൂ. റിപ്പോർട്ടിലെ ശുപാർശകൾ നടപ്പിലാക്കാനുള്ള രാഷ്ട്രീയ ഇച്ഛാശക്തി പ്രദർശിപ്പിക്കണം''

❖



"തദ്ദേശഭരണ സ്ഥാപനങ്ങളെ ശക്തമാക്കിക്കൊണ്ടു വേണം കേന്ദ്രവും സംസ്ഥാനവും ശക്തമാകേണ്ടത് ''

ചർച്ചയിൽ മോഡറേറ്ററായിരുന്ന കുഞ്ഞമത്കുട്ടി മാസ്റ്റർ ചർച്ചകളിൽ ഉരുത്തിരിഞ്ഞ ആശയങ്ങൾ ക്രോഡീകരിച്ചു.

സാമൂഹ്യ നിതിയിലധിഷ്ഠിതമായ പ്രാദേശിക സാമ്പത്തിക വികസനം ലക്ഷ്യമിട്ട് സുതാര്യവും അഴിമതിരഹിതവുമായ ഭരണവ്യവസ്ഥയാണ് പഞ്ചായത്ത് രാജ് സംവിധാനം വിഭാവനം ചെയ്യുന്നത്. ആ സ്വപ്നം സാക്ഷാത്കരിക്കുന്നതിന് ഭരണപരമായ ഒട്ടനവധി പരിഷ്ക്കാരങ്ങൾ ഉണ്ടാകേണ്ടതുണ്ട്. സമഗ്രമായ ജില്ലാ പദ്ധതി തയ്യാറാക്കേണ്ട സ്ഥാപനമാണ് ജില്ലാ ആസൂത്രണ സമിതി (DPC). എന്നാൽ DPC യുടെ പ്രവർത്തനത്തിന് കൃത്യമായ ചട്ടങ്ങൾ ഉണ്ടാകേണ്ടിയിരിക്കുന്നു. ഇപ്പോൾ ജില്ലകളിൽ ജില്ലാ ആസൂത്രണ സമിതിയുടെയും ജില്ലാ വികസന സമിതിയുടെയും നേതൃത്വത്തിൽ സമാന്തരമായാണ് വികസനപ്രവർത്തനങ്ങൾ നടക്കുന്നത്. അത് സംയോജിപ്പിച്ചുകൊണ്ട് പോകേണ്ട സംവിധാനം രൂപപ്പെട്ട് വരേണ്ടതുണ്ട്.

തദ്ദേശഭരണസ്ഥാപനങ്ങൾ വിദ്യാഭ്യാസ മേഖലയിൽ ഇടപെടുന്നതുമായി ബന്ധപ്പെട്ട് സമീപകാലത്ത് വളരെയധികം വിമർശനങ്ങൾ ഉയർന്നുവരുന്നു വിദ്യാഭ്യാസ മേഖലയിൽ പഞ്ചായത്ത് രാജ് നിയമം വിവിധ തല പഞ്ചായത്തുകൾക്ക് ഭരമേൽപ്പിച്ച ചുമതലകളേക്കാളേറെ അധികാരം മുൻപ് ഇവിടെ നിലവിലുണ്ടായിരുന്ന മലബാർ ഡിസ്ട്രിക്റ്റ് ബോർഡിനുണ്ടായിരുന്നു എന്ന കാര്യം നാം വിസ്മരിക്കരുത്.

വീരപ്പമൊയ്‌ലി റിപ്പോർട്ട് പ്രായോഗികവത്കരിച്ചാൽ മാത്രമേ ജനങ്ങൾക്ക് പ്രയോജനകരമാവൂ. റിപ്പോർട്ടിലെ ശുപാർശകൾ നടപ്പിലാക്കാനുള്ള രാഷ്ട്രീയ ഇച്ഛാശക്തി പ്രദർശിപ്പിക്കണമെന്നും അദ്ദേഹം പറഞ്ഞു. സെമിനാറിന് കോഴിക്കോട് കോർപ്പറേഷൻ മേയർ എം. ഭാസ്കരൻ സ്വാഗതവും, പഞ്ചായത്ത് ഡയറക്ടർ ഡോ. വി.എം ഗോപാലമേനോൻ ഐ.എ.എസ് നന്ദിയും പറഞ്ഞു.




**കവർ സ്റ്റോറി**

തൊഴിലുറപ്പു പദ്ധതി ആരംഭിക്കുന്നതിനു മുമ്പ്, വയനാടൻ ഗ്രാമങ്ങളിലാകെ പിടിമുറുക്കിയിരുന്ന തമിഴ്നാട്ടുകാരും സ്വദേശികളുമായിരുന്ന ബ്ളേഡ് നടത്തിപ്പുകാരുടേയും ഹുണ്ടികകടക്കാരുടെയും ഭീഷണിയും ശല്യവുമിപ്പോൾ നാമമാത്രമായി. ബ്ളേഡുകമ്പനികളും ഹുണ്ടികകടക്കാരും അരങ്ങൊഴിഞ്ഞു. എല്ലാ കുടുംബങ്ങളും ബാങ്ക് അക്കൗണ്ടുടമകളായി. ചെറിയ തോതിലെങ്കിലും സമ്പാദ്യത്തിനുടമകളായി.

## ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി

# വയനാട്ടിൽ നിശ്ശബ്ദ മാറ്റങ്ങൾ



എ.എൻ. പ്രഭാകരൻ

2005 ൽ പാർലമെന്റ് നിയമം മൂലം നടപ്പിലാക്കിയ ദേശീയ തൊഴിലുറപ്പു പദ്ധതി, കേരളത്തിൽ ആദ്യമായി നടപ്പിലാക്കിയ രണ്ടു ജില്ലകളിലൊന്നാണ് വയനാട്. മുൻ മാതൃകകളൊന്നും ഇല്ലാതെ നടപ്പിലാക്കി തുടങ്ങിയ ഈ പദ്ധതി ഇന്ന് രാഷ്ട്രത്തിന് തികച്ചും മാതൃകാപരമായി മാറികൊണ്ടിരിക്കുകയാണ്. 2006 ഫെബ്രുവരിയിൽ തൊഴിൽ കാർഡ് രജിസ്ട്രേഷൻ ആരംഭിച്ചുവെങ്കിലും, പൊതു തിരഞ്ഞെടുപ്പിന്റേയും മറ്റും പശ്ചാത്തലത്തിൽ, പദ്ധതി പ്രവർത്തനം വ്യാപകമായി ആരംഭിക്കാൻ കഴിഞ്ഞത് നവംബർ മാസത്തിലാണ്. 2006-07 സാമ്പത്തിക വർഷത്തിൽ പതിമൂന്ന് കോടിയോളം രൂപ തൊഴിലാളികൾക്ക് വേതനമിനത്തിൽ മാത്രം നൽകുവാൻ കഴിഞ്ഞുവെന്നത്, വയനാടിന്റെ പ്രത്യേക സാഹചര്യത്തിൽ, എടുത്തു പറയേണ്ടുന്ന കാര്യമാണ്. 2007-08 സാമ്പത്തിക വർഷത്തിൽ, അമ്പതു കോടി രൂപയുടെ പ്രവർത്തനലക്ഷ്യമാണ് മുന്നോട്ടു വച്ചിട്ടുള്ളത്. 2008 ജനുവരി അവസാനമായപ്പോഴേയ്ക്കും ഇതിന്റെ എൺപത് ശതമാനത്തോളം ലക്ഷ്യം കൈവരിക്കാൻ സാധിച്ചുവെന്നത് ആത്മവിശ്വാസം നൽകുന്ന കാര്യമാണ്.

മറ്റെല്ലാ കേന്ദ്രാവിഷ്കൃത പദ്ധതികളിൽ നിന്നും വ്യത്യസ്തമായി, നൂറ് ശതമാനവും അഴിമതി രഹിതമായി നടപ്പിലാക്കാൻ കഴിയുന്നു എന്നതു മാത്രമല്ല, കാർഷിക തകർച്ചയെതുടർന്ന്, ആത്മഹത്യയിൽ അഭയം പ്രാപിച്ചു കൊണ്ടിരുന്ന കർഷക തൊഴിൽ തേടി അന്യസംസ്ഥാനങ്ങളിലേയ്ക്കും ജില്ലകളിലേയ്ക്കും പലായനം ചെയ്തുകൊണ്ടിരുന്ന കർഷക തൊഴിലാളികൾക്കും വലിയൊരനുഗ്രഹമായി മാറുന്നതിനു കഴിഞ്ഞു എന്നതും ഈ പദ്ധതിയുടെ വലിയൊരു നേട്ടമാണ്. തുടക്കത്തിൽ ജോലിക്കിറങ്ങാൻ വിമുഖത കാണിച്ചിരുന്ന ആദിവാസി ജനവിഭാഗങ്ങൾ, ഇപ്പോൾ ഈ പദ്ധതിയുമായി സർവാത്മനാ സഹകരിക്കുന്നു എന്നതും എടുത്തു പറയേണ്ടുന്ന ഒരു കാര്യമാണ്.

നാളിതുവരെ കൂലിവേലയ്ക്കു പോകാതിരുന്ന, സമൂഹത്തിലെ ഇടത്തരം വിഭാഗത്തിൽപെട്ട സ്ത്രീകളടക്കമുള്ള വലിയൊരു വിഭാഗം ജനതയെ, ദുരഭിമാനം വെടിയാൻ പ്രേരിപ്പിച്ച്, സമൂഹത്തിലേയ്ക്കിറക്കുന്നതിനും, സാമൂഹ്യ പുരോഗതിയിൽ പങ്കാളികളാക്കുന്നതിനും, ഇതിലെല്ലാമുപരി അർദ്ധ പട്ടിണിയിൽ നിന്നും കരകയറ്റുന്നതിനും കഴിഞ്ഞു എന്നതും ഈ പദ്ധതിയുടെ പ്രധാനപ്പെട്ട ഒരു നേട്ടമാണ്. രാവിലേയും വൈകുന്നേരവും മസ്റ്റർ റോളിൽ ഒപ്പിട്ട്, സർക്കാർ ജോലിയാണെന്ന ആത്മാഭിമാനത്തോടെ, ആരുടേയും മുമ്പിൽ കൈനീട്ടാതെ, പഞ്ചായത്ത് പണിക്കു പോകുന്ന ധാരാളം തൊഴിലാളികളെ സൃഷ്ടിക്കാൻ ഈ പദ്ധതിക്കു കഴിഞ്ഞിട്ടുണ്ട്. ചെയ്ത ജോലിക്കനുസൃതമായി ആവശ്യാനുസരണം, ബാങ്കിലെ സ്വന്തം അക്കൗണ്ടിൽ നിന്നും പണം പിൻവലിച്ച് ജീവിക്കാൻ കഴിയുന്നതിലൂടെ സ്വന്തം അന്തസ്സ് ഉയർത്തിപ്പിടിക്കുന്നതിനും സമ്പാദ്യശീലം വളർത്തിയെടുക്കുന്നതിനും സാധിച്ചിട്ടുണ്ട്.

വയനാട്ടിലെ ആദിവാസി സമൂഹത്തിലെ പ്രധാനപ്പെട്ട ഒരു വിഭാഗമാണ് കുറിച്ച്യർ. പൊതുവെ, തീണ്ടലും തൊട്ടുകൂടായ്മയും മറ്റാചാര വിശേഷങ്ങളും

ഈ വിഭാഗത്തിന് കൂടുതലാണ്. കുറിച്ച്യന്റെ വീട്ടുമുറ്റത്തുപോലും പണിയർ, അടിയാൻ, കാട്ടുനായ്ക്കർ തുടങ്ങിയ വിഭാഗത്തിൽപെട്ടവർക്ക് പ്രവേശനം ലഭിച്ചിരുന്നില്ല. തൊഴിലുറപ്പു പദ്ധതിയുടെ ആവിർഭാവത്തോടെ, ഇത്തരം സങ്കുചിത കാഴ്ചപ്പാടുകൾക്കു മാറ്റമുണ്ടാകുകയും, ജാതീയമായ അസ്പൃശ്യത, തൊട്ടുകൂടായ്മ, തീണ്ടൽ തുടങ്ങിയ അനാചാരങ്ങൾ വലിയൊരളവു വരെ അദൃശ്യമാവുകയും ചെയ്തു എന്ന വിപ്ളവകരമായ ഒരു സാമൂഹ്യമാറ്റം ഉടലെടുക്കുകയും ചെയ്തിട്ടുണ്ട്. ഇന്ന്, തൊഴിലുറപ്പുപദ്ധതി പ്രവർത്തിസ്ഥലത്ത്, പണിയനും കുറിച്ച്യനും, നായ്ക്കനും, നായരും ഒരുമിച്ച് ഭക്ഷണം കഴിക്കുന്നു. ഒരുമിച്ച് ജോലി ചെയ്യുന്നു. തൊട്ടുകൂടാത്തവനായ പണിയൻ, കുറിച്ച്യന്റെ പാടത്തും പറമ്പിലും കുറിച്ച്യനോടൊപ്പം പണിയെടുക്കുന്നു. കൂലിവേല മാത്രം ആശ്രയമായിരുന്ന പണിയ വിഭാഗത്തിൽപെട്ട തൊഴിലാളികൾ, അന്നന്നു കിട്ടിയിരുന്ന കൂലി അന്നന്ന് തന്നെ തീർത്ത്, നാളെയെന്ന ചിന്തയില്ലാതെ കഴിഞ്ഞിരുന്നവരാണ്. എന്നാലിന്ന് അവരിൽ പലർക്കും അയ്യായിരത്തിൽപരം രൂപയുടെ ബാങ്ക് ബാലൻസ് ഉണ്ട് എന്നത് അത്ഭുതപ്പെടുത്തുന്ന ഒരു കാര്യമാണ്.

**ആദിവാസി കോളനികളിലെ വ്യാജച്ചാരായ നിർമ്മാണവും, മദ്യപാനവും വലിയൊരളവുവരെ കുറയ്ക്കുന്നതിനും, അലസതയിലേക്കു കൂപ്പു കുത്തിക്കൊണ്ടിരുന്ന വലിയൊരു ജനവിഭാഗത്തെ പുതിയൊരു തൊഴിൽ സംസ്കാരത്തിലേക്ക് തിരികെ കൊണ്ടുവരുന്നതിനും വിപ്ളവാത്മകമായ ഈ പദ്ധതിയിലൂടെ കഴിഞ്ഞിട്ടുണ്ട്.**

ആദിവാസി കോളനികളിലെ വ്യാജച്ചാരായ നിർമ്മാണവും മദ്യപാനവും വലിയൊരളവു വരെ കുറയ്ക്കുന്നതിനും അലസതയിലേയ്ക്കു കൂപ്പുകുത്തിക്കൊണ്ടിരുന്ന വലിയൊരു ജനവിഭാഗത്തെ പുതിയൊരു തൊഴിൽ സംസ്കാരത്തിലേയ്ക്ക് തിരികെ കൊണ്ടുവരുന്നതിനും വിപ്ളവാത്മകമായ ഈ പദ്ധതിയിലൂടെ കഴിഞ്ഞിട്ടുണ്ട്. വ്യാജച്ചാരായ നിർമ്മാണത്തിനാവശ്യമായ വെല്ലം (ശർക്കര) കച്ചവടം നടത്തിയിരുന്ന കച്ചവടസ്ഥാപനങ്ങളിലിപ്പോൾ ഇത്തരത്തിലുള്ള കച്ചവടം കുറയുകയോ, ഇല്ലാതാവുകയോ ചെയ്തിട്ടുണ്ട്. തുടർച്ചയായി തൊഴിൽ ലഭിക്കുന്നതിലൂടെ, സാമ്പത്തികഭദ്രത കൈവരിക്കുന്നതിനും, മറ്റു സമയം കൊല്ലി പരിപാടികളിലേക്ക് ശ്രദ്ധ തിരിഞ്ഞ് മദ്യപാനം പോലുള്ള സാമൂഹ്യ വിപത്തിലേക്കെത്തിചേരുന്നതിൽ നിന്നും ആദിവാസി സമൂഹത്തെ തടയുന്നതിനും ഈ പദ്ധതിക്ക് കഴിഞ്ഞിട്ടുണ്ട്.

തൊഴിലുറപ്പു പദ്ധതി ആരംഭിക്കുന്നതിനു മുമ്പ്, വയനാടൻ ഗ്രാമങ്ങളിലാകെ പിടിമുറുക്കിയിരുന്ന തമിഴ്നാട്ടുകാരും സ്വദേശികളുമായിരുന്ന ബ്ളേഡ് നടത്തിപ്പുകാരുടേയും ഹുണ്ടികകടക്കാരുടെയും ഭീഷണിയും ശല്യവുമിപ്പോൾ നാമമാത്രമായി. ബ്ളേഡുകമ്പനികളും ഹുണ്ടിക കടക്കാരും അരങ്ങൊഴിഞ്ഞു. എല്ലാ കുടുംബങ്ങളും ബാങ്ക് അക്കൗണ്ടുടമകളായി. ചെറിയ തോതിലെങ്കിലും സമ്പാദ്യത്തിനുടമകളായി.

ഈ പദ്ധതി നിലവിൽ വരുന്നതിനു മുമ്പുണ്ടായിരുന്ന സ്ഥിതിയിൽ നിന്നും കുടുംബശ്രീ യൂണിറ്റുകളും തുലോം മെച്ചപ്പെട്ടു. അമിത പലിശയ്ക്ക് കടം വാങ്ങിയിരുന്ന യൂണിറ്റംഗങ്ങളിൽ സമ്പാദ്യമെന്നത് കേവലം സ്വപ്നമായിരുന്നുവെങ്കിൽ, ഇന്നിപ്പോൾ ഒട്ടു മിക്കവരും കടങ്ങളൊക്കെ തീർത്ത് തരക്കേടില്ലാത്ത സമ്പാദ്യമുള്ളവരായി മാറി. പത്തുവർഷം മുമ്പാരംഭിച്ച കുടുംബശ്രീ സംവിധാനത്തിന്റെ അടിത്തട്ടിലെ യൂണിറ്റുകൾക്കും, പഞ്ചായത്ത് തലത്തിലുള്ള സി.ഡി.എസിനും ബാങ്കുകളിൽ ജോയിന്റ് അക്കൗണ്ടുകളുണ്ടായിരുന്നെങ്കിലും, മദ്ധ്യതലത്തിലുള്ള എ.ഡി.എസിന് സ്വന്തമായ വരുമാനങ്ങളില്ലാതിരുന്നതിനാൽ ബാങ്ക് അക്കൗണ്ട് തുടങ്ങിയിരുന്നില്ല. എന്നാലിന്ന്, തൊഴിലുറപ്പു പദ്ധതിയുടെ പണിയായുധങ്ങളുടെ വാടകയിനത്തിലും മറ്റും സ്വന്തമായി വരുമാന സ്രോതസ്സുകൾ തുറന്നതോടെ, സമ്പാദ്യത്തിന്റെ കാര്യത്തിൽ എ.ഡി.എസുകാരും സ്വന്തം കാലിൽ നിൽക്കാൻ ത്രാണിയുള്ളവരായി. തൊഴിലുറപ്പു പദ്ധതിയുടെ നട്ടെല്ലായി പ്രവർത്തിക്കുന്നത് കുടുംബശ്രീ പ്രവർത്തകരാണ്. ധാരാളം സ്ത്രീകളെ നേതൃത്വ നിരയിലേയ്ക്ക് കൊണ്ടുവരുന്നതിന് ഈ പദ്ധതിക്ക് കഴിഞ്ഞിട്ടുണ്ട്. സ്ത്രീശാക്തീകരണമെന്ന ലക്ഷ്യപ്രാപ്തിക്ക് വളരെയടുത്തു വരെ എത്തുവാൻ വനിതകളെ പ്രാപ്തരാക്കുവാൻ തൊഴിലുറപ്പു പദ്ധതിക്ക് കഴിഞ്ഞിട്ടുണ്ട്.

എസ്.എസ്.എൽ.സി എന്ന കടമ്പ കഴിഞ്ഞാൽ പിന്നെ സർക്കാർ ജോലി എന്ന സ്വപ്നവുമായി നടക്കുന്ന ചെറുപ്പക്കാരും, ബിരുദവും ബിരുദാനന്തരബിരുദവുമുള്ളവർ പോലും, മിഥ്യാഭിമാനം വെടിഞ്ഞ്, ആത്മാഭിമാനത്തോടെ കായികാദ്ധ്വാനം ചെയ്യുന്ന ഒരു സ്ഥിതിവിശേഷം സൃഷ്ടിക്കപ്പെട്ടിരിക്കുന്നു.

വയനാടൻ ജനതയുടെ, പ്രത്യേകിച്ച് ആദിവാസി സമൂഹത്തിന്റെ, മജ്ജയിലും മാംസത്തിലും അലിഞ്ഞുചേർന്ന ഒരു വികാരമാണ് വള്ളിയൂർകാവിലെ ഉത്സവാഘോഷം. ഇവിടെ ട്രേഡു ഫെയറുകൾ സംഘടിപ്പിക്കുവാൻ തുടങ്ങിയിട്ട് രണ്ടു വ്യാഴവട്ടക്കാലമായി. ഓരോ ഫെയറു കഴിയുമ്പോഴും സംഘാടകർ നഷ്ടത്തിന്റെ കണക്കുകളുമായി രംഗം വിടാറാണു പതിവ്. എന്നാൽ, തൊഴിലുറപ്പു പദ്ധതി തുടങ്ങിയതിനു ശേഷമുള്ള ആദ്യത്തെ ട്രേഡ് ഫെയർ കഴിഞ്ഞ വർഷം നടന്നപ്പോൾ, ഫെയറിന്റെ ഗേറ്റ് കളക്ഷൻ മാത്രം രണ്ടു ലക്ഷത്തോളമായി. പണിയവിഭാഗത്തിൽ പെട്ട ഭാര്യയും ഭർത്താവും കൂടി കഴിഞ്ഞ മാസം ലേഖകനെ സമീപിച്ച്, തൊഴിലുറപ്പു പദ്ധതിയുടെ തൊഴിൽ കാർഡ് പണമായി സ്വീകരിച്ച്, ശബരിമലക്കു പോകുന്നതിനായി ആയിരം രൂപ കൊടുക്കാനാവശ്യപ്പെട്ടു. പദ്ധതിയിൽ പണിയെടുത്തതിന്റെ കൂലിയിനത്തിൽ കിട്ടാനുള്ള തുക കിട്ടുമ്പോൾ മടക്കി തരാമെന്നാണ് അവർ അറിയിച്ചത്. അടുത്തുള്ള കുടുംബശ്രീ യൂണിറ്റിൽ നിന്നും ആയിരം രൂപ വാങ്ങിക്കൊടുത്തു. പൊതുവേ കടം വാങ്ങിയ തുക മടക്കി കൊടുക്കുന്ന കാര്യത്തിൽ വിമുഖരായ ഇവർ, കൂലി ബാങ്കിൽ നിന്നും ലഭിച്ച ഉടനെ തുക മടക്കി കൊടുത്ത്, പുതിയൊരു തൊഴിൽ സംസ്കാരത്തിനുടമകളായി മാറി.

മുൻ ജന്മി കുടുംബത്തിൽപെട്ട, വിദ്യാസമ്പന്നയായ, ആദിവാസികളൊക്കെ "തമ്പുരാട്ടി" എന്നു വിളിച്ചിരുന്ന, ഒരു യുവതി, ജീവിതത്തിലാദ്യമായി, മൺവെട്ടിയും പിക്കാസുമെടുത്ത്, മൺകുഴി കുഴിക്കാൻ ശ്രമിച്ച്, കൈവെള്ള രണ്ടും പൊട്ടി, കരഞ്ഞുകൊണ്ടു നിന്നതും ആദിവാസികളായ സഹപ്രവർത്തകർ, ഇവരുടെ ജോലി കൂടി ഏറ്റെടുത്ത് പൂർത്തിയാക്കി പുതിയൊരു സഹവർത്തിത്വത്തിന്, സംസ്ക്കാരത്തിന് ഇഴപാകാൻ ശ്രമിച്ചു എന്നത് ഹൃദയസ്പർശിയായ ഒരനുഭവമായിരുന്നു. കാർഷിക തകർച്ചയെ തുടർന്ന്, അടച്ചുപൂട്ടലിന്റെ ഭീഷണിയിലായിരുന്ന ചെറുകിട കച്ചവട സ്ഥാപനങ്ങളെ പുതുജീവൻ കൊടുത്ത് നിലനിർത്തുന്നതിനും ഈ പദ്ധതിക്കു കഴിഞ്ഞിട്ടുണ്ട്.

തൊഴിലുറപ്പു നിയമത്തിലനുശാസിക്കുന്ന പ്രകാരം, ഒരു സാമ്പത്തിക വർഷം നൂറു ദിവസത്തെ തൊഴിൽ പൂർത്തിയാക്കി പിരിഞ്ഞുപോകുന്നവർക്ക് യാത്രയയപ്പ് ചടങ്ങുകളും മറ്റും സംഘടിപ്പിച്ച്, പായസം നൽകി പറഞ്ഞുവിടുന്ന കാഴ്ചകളും കാണാം. ഹൃദയഹാരിയായ മറ്റൊരു കാഴ്ച ഉച്ചഭക്ഷണ സമയത്താണ്. ജോലിക്കു വരുന്ന എല്ലാവരും കൊണ്ടുവരുന്ന വിഭവങ്ങൾ പരസ്പരം പങ്കുവച്ചും, എടുത്തും, കൊടുത്തും ഭക്ഷണം കഴിക്കുന്ന കാഴ്ച പുതിയൊരു കൂട്ടായ്മക്ക്, സംഘാടനത്തിനു വഴി തെളിയിച്ചിട്ടുണ്ട്. പോലീസ് സ്റ്റേഷനുകളിൽ കുടി വഴക്കുകളുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്യുന്ന കേസുകളുടെ എണ്ണം വളരെയധികം കുറഞ്ഞിട്ടുണ്ടെന്ന് രേഖകൾ പറയുന്നു. തൊഴിലാളികൾക്ക്, തങ്ങളുടെ സമീപപ്രദേശങ്ങളിൽ ജോലി ചെയ്യുമ്പോൾ ചായയും പലഹാരങ്ങളും ഉണ്ടാക്കികൊടുക്കുന്ന ഇടത്തരം ഗ്രാമീണ ജനത സമൂഹത്തോടുള്ള ബാദ്ധ്യതയും തൊഴിലിനോടുള്ള തങ്ങളുടെ ഉൾക്കാഴ്ചയും പ്രകടിപ്പിക്കുന്നുണ്ട്. തൊഴിലെടുത്ത്, ബാങ്കിൽ നിന്നും ആദ്യമായി പണം വാങ്ങിച്ച തൊഴിലാളികളിൽ ചിലർ, ഓഫീസിൽ വന്ന് പ്രസിഡന്റിനേയും മറ്റും ചായക്ക് ക്ഷണിച്ച അനുഭവങ്ങളുമുണ്ടായി. സാധാരണ, കുടുംബങ്ങളിൽ സ്ത്രീകൾ അത്യാവശ്യകാര്യങ്ങൾക്ക് പണം ഭർത്താക്കന്മാരോട് ആവശ്യപ്പെടുകയായിരുന്നു മുൻപതിവ്. ഇപ്പോൾ സാഹചര്യങ്ങൾ മാറിയിരിക്കുന്നു. തൊഴിലുറപ്പു പദ്ധതിയിൽ ജോലി ചെയ്ത്, സ്വന്തമായി വരുമാനവും, കുടുംബത്തിൽ തുല്യതയും നേടുന്നതിനും പരസ്പര ബഹുമാനം വളർത്തിയെടുക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. ചെറിയ തോതിലുണ്ടാകാറുള്ള അടിപിടികളൊക്കെ ഒഴിവാകുന്നു.

മറ്റെന്തൊക്കെ കുറവുകളും കുറ്റങ്ങളുമുണ്ടെങ്കിലും, തൊഴിലുറപ്പു പദ്ധതി സമൂഹത്തിലുണ്ടാക്കിയിട്ടുള്ള മാറ്റങ്ങളും നേട്ടങ്ങളും കണ്ടില്ലെന്നു നടിക്കാനാർക്കുമാവില്ല. പുതിയൊരു തൊഴിൽ സംസ്കാരത്തിനും, കൂട്ടായ്മയ്ക്കും വിത്തു പാകുന്നതിനും, ആചാരാനുഷ്ഠാനങ്ങളിൽ കാലോചിതമായ പരിഷ്കാരം വരുത്തുന്നതിനും, സ്ത്രീ ശാക്തീകരണത്തിനും ഈ പദ്ധതി തുടക്കം കുറിച്ചു കഴിഞ്ഞു.

*ലേഖകൻ*
*വെള്ളമുണ്ട ഗ്രാമപഞ്ചായത്ത്*
*പ്രസിഡന്റാണ്*





പഞ്ചായത്ത് രാജ് മാർച്ച് 2008

# അടാട്ട്

## മികച്ച ഗ്രാമപഞ്ചായത്ത്

### നിലമ്പൂർ മികച്ച ബ്ലോക്ക്

2005-06ലെ മികച്ച ഗ്രാമപഞ്ചായത്തിനുള്ള സ്വരാജ് ട്രോഫി തൃശൂർ ജില്ലയിലെ അടാട്ട് ഗ്രാമപഞ്ചായത്ത് കരസ്ഥമാക്കി. മികച്ച ബ്ലോക്ക് പഞ്ചായത്തിനുള്ള അവാർഡ് മലപ്പുറം ജില്ലയിലെ നിലമ്പൂർ ബ്ലോക്ക് പഞ്ചായത്തിനാണ് ലഭിച്ചത്. നിശ്ചിത യോഗ്യതാ മാർക്ക് ലഭിക്കാത്തതിനാൽ ജില്ലാ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നീ വിഭാഗങ്ങളിൽ നിന്നും ആരെയും തെരഞ്ഞെടുത്തിട്ടില്ല.

അധികാര വികേന്ദ്രീകരണത്തിനും, വികേന്ദ്രീകൃതാസൂത്രണത്തിലും ഒരു വിസ്മയമാണ് കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ. പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ആരോഗ്യകരമായ ഒരു മത്സര സ്വഭാവത്തോടെയാണ് ഭരണ വികസന ക്ഷേമ പ്രവർത്തനങ്ങൾ നടത്തി വരുന്നത്. ഈ രംഗത്ത് മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന പഞ്ചായത്തുകളെ ആദരിക്കുന്നത് ഈ സ്ഥാപനങ്ങൾക്ക് കൂടുതൽ കരുത്തുപകരുമെന്നും, മാതൃകാപരമായ പ്രവർത്തനം കാഴ്ചവയ്ക്കാൻ സഹായിക്കുമെന്നും സർക്കാർ വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിലാണ് എല്ലാ വർഷവും മികച്ച തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ തെരഞ്ഞെടുത്ത് ആദരിക്കാൻ തീരുമാനിച്ചത്.

1995-96 വർഷം മുതൽ മികച്ച ഗ്രാമ പഞ്ചായത്തുകളെ സംസ്ഥാനതലത്തിലും ജില്ലാതലത്തിലും തെരഞ്ഞെടുത്ത് ആദരിച്ചു വരുന്നു. 1996-97 മുതൽ മഹാത്മജി വിഭാവനം ചെയ്ത ഗ്രാമസ്വരാജിനെ അനുസ്മരിച്ചുകൊണ്ട് ട്രോഫിക്ക് സ്വരാജ് ട്രോഫി എന്ന് നാമകരണം ചെയ്തു. പ്രവർത്തനങ്ങൾ വിലയിരുത്തി മികച്ച പഞ്ചായത്തുകൾക്ക് സ്വരാജ് ട്രോഫി നൽകിവരുന്നു. 1999-2000 മുതൽ മുനിസിപ്പാലിറ്റികൾക്കും, 2000-01 മുതൽ ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത്, കോർപ്പറേഷൻ എന്നിവയ്ക്കും സ്വരാജ് ട്രോഫി ഏർപ്പെടുത്തുകയുണ്ടായി. സംസ്ഥാനതലത്തിൽ മികച്ച ഗ്രാമ പഞ്ചായത്തിന് സ്വരാജ് ട്രോഫിയും 5 ലക്ഷം രൂപ സമ്മാനവും, 25 ലക്ഷം രൂപ പ്രത്യേക പദ്ധതി സഹായ ധനവും ലഭിക്കും. ജില്ലാതലത്തിൽ ഒന്നാം സ്ഥാനം നേടുന്ന ഗ്രാമ പഞ്ചായത്തുകൾക്ക് സ്വരാജ് ട്രോഫിയും സമ്മാനമായി ഓരോ ലക്ഷം രൂപയും പദ്ധതി സഹായധനമായി 10 ലക്ഷം രൂപ വീതവും ലഭിക്കും. രണ്ടാം സ്ഥാനം നേടുന്ന ഗ്രാമ പഞ്ചായത്തുകൾക്ക് സാക്ഷ്യപത്രവും പ്രത്യേകം പദ്ധതി സഹായധനമായി 5 ലക്ഷം രൂപ വീതവും ലഭിക്കുന്നതാണ്.

ഒന്നാം സ്ഥാനം നേടുന്ന മുനിസിപ്പാലിറ്റിക്കും, ബ്ലോക്ക് പഞ്ചായത്തിനും സ്വരാജ് ട്രോഫിയും പദ്ധതി സഹായധനമായി 25 ലക്ഷം രൂപ വീതവും, രണ്ടാം സ്ഥാനം നേടുന്ന സ്ഥാപനങ്ങൾക്ക് 15 ലക്ഷം രൂപ വീതവും, മൂന്നാം സ്ഥാനം നേടുന്ന സ്ഥാപനങ്ങൾക്ക് 10 ലക്ഷം രൂപ വീതവും പദ്ധതി സഹായധനമായി ലഭിക്കുന്നതാണ്. മികച്ച കോർപ്പറേഷനും, ജില്ലാ പഞ്ചായത്തിനും സ്വരാജ് ട്രോഫിയും സാക്ഷ്യപത്രവും മാത്രം നൽകിയാണ് ആദരിക്കുന്നത്. സംസ്ഥാന സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള അവാർഡ് തുകകളിൽവച്ച് ഏറ്റവും ഉയർന്ന തുകയാണ് സ്വരാജ് ട്രോഫിയോടൊപ്പം നൽകുന്നത്.



**അടാട്ട് ഗ്രാമ പഞ്ചായത്ത്**

തൃശൂർ ജില്ലയിൽ പുഴയ്ക്കൽ ബ്ലോക്കിൽപ്പെട്ട അടാട്ട് ഗ്രാമ പഞ്ചായത്തിന് 17 വാർഡുകളാണ് ഉള്ളത്. 2005-06 വർഷം മൂന്നു ഗ്രാമസഭകൾ വീതം ഓരോ വാർഡിലും യോഗം ചേർന്നിട്ടുണ്ട്. വികസന ഫണ്ടിന്റെ 95.26 ശതമാനം തുകയും കേന്ദ്രാവിഷ്കൃത പദ്ധതിയുടെ 96% തുകയും ചെലവഴിച്ച് നിരവധി നേട്ടങ്ങൾ കൈവരിക്കുകയുണ്ടായി. നികുതി പിരിവിൽ 100% നേട്ടം കൈവരിച്ചിട്ടുണ്ട്.

**സവിശേഷതകൾ**

- ✦ പ്രഥമ ജൈവ ഗ്രാമം എന്ന പദ്ധതി പഞ്ചായത്ത് നടപ്പിലാക്കി വരുന്നു.
- ✦ കോൾ നിലയങ്ങൾ ഉൾപ്പെടുന്ന പഞ്ചായത്ത് പ്രദേശങ്ങളിൽ കുടിവെള്ള വിതരണത്തിന് നൂതന പദ്ധതികൾ ആവിഷ്കരിച്ചു.
- ✦ 100% കുടിവെള്ളം ഉറപ്പാക്കി. കുടിവെള്ളത്തിൽ ഇരുമ്പിന്റെ അംശം ഒഴിവാക്കുന്നതിന് ജലസംഭരണികളിൽ അയൺ റിമൂവൽ പ്ലാന്റ് സ്ഥാപിച്ചിട്ടുണ്ട്.
- ✦ ജലസംഭരണത്തിന് തടയണകളും കുളങ്ങളും നിർമ്മിച്ചു.
- ✦ മീൻ വളർത്തലിനും മണ്ണൊലിപ്പ് തടയുന്നതിനും പദ്ധതികൾ ആവിഷ്കരിച്ചു.
- ✦ പ്രഥമ ആരോഗ്യ സുരക്ഷിതത്വ പഞ്ചായത്ത്.
- ✦ 2006-07-ലെ പ്രകൃതി വിഭവ സംരക്ഷണ അവാർഡ്.
- ✦ വൃദ്ധജന പരിപാലന പദ്ധതി
- ✦ സമഗ്ര കേര വികസന പദ്ധതി
- ✦ മികച്ച പഞ്ചായത്ത്: ജില്ലാതലത്തിൽ 2001-02, 2002-03 വർഷങ്ങളിൽ രണ്ടാം സ്ഥാനവും, 2003-04, 2004-05 വർഷങ്ങളിൽ ഒന്നാം സ്ഥാനവും കരസ്ഥമാക്കിയിട്ടുണ്ട്.





*തിരുവനന്തപുരം ജില്ല: ഒന്നാം സ്ഥാനം - കരകുളം ഗ്രാമപഞ്ചായത്ത്*



*കൊല്ലം ജില്ല: ഒന്നാം സ്ഥാനം - നെടുമ്പന ഗ്രാമപഞ്ചായത്ത്*



*ആലപ്പുഴ ജില്ല: ഒന്നാം സ്ഥാനം - ഭരണികാവ് ഗ്രാമപഞ്ചായത്ത്*



*കോട്ടയം ജില്ല: ഒന്നാം സ്ഥാനം - മുത്തോലി ഗ്രാമപഞ്ചായത്ത്*



*ഇടുക്കി ജില്ല: ഒന്നാം സ്ഥാനം - വെള്ളത്തൂവൽ ഗ്രാമപഞ്ചായത്ത്*



*തൃശൂർ ജില്ല: ഒന്നാം സ്ഥാനം - കടപ്പുറം ഗ്രാമപഞ്ചായത്ത്*

**തെരഞ്ഞെടുപ്പ് കമ്മിറ്റി**

ഗ്രാമ വികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അദ്ധ്യക്ഷനായും പഞ്ചായത്ത് ഡയറക്ടർ കൺവീനറും, ആസൂത്രണ വകുപ്പ് സെക്രട്ടറി, ആസൂത്രണ ബോർഡ് അംഗം (വികേന്ദ്രീകൃതാസൂത്രണം), തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി, നഗരകാര്യ ഡയറക്ടർ, കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ, ഗ്രാമ വികസന വകുപ്പ് കമ്മീഷണർ എന്നിവർ അംഗങ്ങളായിട്ടുള്ള കമ്മിറ്റിയാണ് മികച്ച തദ്ദേശ ഭരണ സ്ഥാപനങ്ങളെ തെരഞ്ഞെടുത്തത്.

**മാനദണ്ഡങ്ങൾ**

2005-06ലെ മികച്ച ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ എന്നിവയെ തെരഞ്ഞെടുക്കുന്നതിന് താഴെപ്പറയുന്ന മാനദണ്ഡങ്ങൾ നിശ്ചയിച്ചിരുന്നു.

1. മൂന്ന് ഗ്രാമസഭകൾ കൂടിയിരിക്കണം
2. വികസന ഫണ്ടിന്റെ 75% ചെലവഴിച്ചിരിക്കണം (ജനറൽ/എസ്.സി.പി/റ്റി.എസ്.പി എന്നീ മേഖലകളിൽ)
3. 75% നികുതി പിരിവ് പൂർത്തീകരിക്കണം.
4. കേന്ദ്രാവിഷ്കൃത പദ്ധതി തുകയുടെ 60% ചെലവ് ചെയ്തിരിക്കണം.

ജില്ലാ, ബ്ലോക്ക് പഞ്ചായത്തുകൾക്ക് വികസന ഫണ്ടിന്റെ 75% ചെലവഴിച്ചിരിക്കണം.

**അപേക്ഷകൾ**

2005-06 വർഷം മികച്ച പ്രവർത്തനം കാഴ്ചവച്ച ജില്ലാ പഞ്ചായത്തുകൾ, ബ്ലോക്ക് പഞ്ചായത്തുകൾ,ഗ്രാമ പഞ്ചായത്തു



*പാലക്കാട് ജില്ല: ഒന്നാം സ്ഥാനം - തിരുവേഗപ്പുറ ഗ്രാമപഞ്ചായത്ത്*



*വയനാട് ജില്ല: ഒന്നാം സ്ഥാനം - പടിഞ്ഞാറേത്തറ ഗ്രാമപഞ്ചായത്ത്*



*കണ്ണൂർ ജില്ല: ഒന്നാം സ്ഥാനം - മാങ്ങാട്ടിടം ഗ്രാമപഞ്ചായത്ത്*



*കൊല്ലം ജില്ല: രണ്ടാം സ്ഥാനം - പനയം ഗ്രാമപഞ്ചായത്ത്*



*തൃശൂർ ജില്ല: രണ്ടാം സ്ഥാനം - വേളൂക്കര ഗ്രാമപഞ്ചായത്ത്*



*പാലക്കാട് ജില്ല: രണ്ടാം സ്ഥാനം കൊപ്പം ഗ്രാമപഞ്ചായത്ത്*

കൾ തുടങ്ങിയവയുടെ തെരഞ്ഞെടുപ്പിനായി യഥാക്രമം 5, 27, 134 അപേക്ഷകൾ ലഭിച്ചിരുന്നു.

### ഗ്രാമ പഞ്ചായത്തുകൾ

2005-06ലെ അവാർഡിനായി ലഭിച്ച 134 ഗ്രാമ പഞ്ചായത്തുകളുടെ അപേക്ഷകൾ മൂല്യ നിർണ്ണയം നടത്തിയ ശേഷം, അർഹതാ മാനദണ്ഡങ്ങൾ പാലിച്ചിട്ടുള്ള 20 അപേക്ഷകൾ അതാത് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ ടാബുലേറ്റ് ചെയ്യുകയും അവ വിശദമായി പരിശോധനയ്ക്ക് വിധേയമാക്കുകയും ചെയ്തിരുന്നു. മൂല്യ നിർണ്ണയത്തിന്റെയും പരിശോധനയുടെയും അടിസ്ഥാനത്തിലാണ് സംസ്ഥാനതലത്തിലും ജില്ലാതലത്തിലും മികച്ച ഗ്രാമപഞ്ചായത്തുകളെ തെരഞ്ഞെടുത്തത്. നിശ്ചിത യോഗ്യതാ മാർക്ക് നേടാത്തതിനാൽ പത്തനംതിട്ട, മലപ്പുറം, കാസറഗോഡ്, എറണാകുളം, കോഴിക്കോട് ജില്ലകളിലെ ഗ്രാമപഞ്ചായത്തുകൾക്ക് പ്രാതിനിധ്യം ലഭിച്ചിട്ടില്ല. നിശ്ചിത യോഗ്യതാ മാർക്ക് നേടാത്തതിനാൽ തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, ഇടുക്കി, വയനാട് എന്നീ ജില്ലകളിൽ ജില്ലാതലത്തിലെ മികച്ച രണ്ടാമത്തെ പഞ്ചായത്തുകളെയും തിരഞ്ഞെടുത്തിട്ടില്ല.

### ബ്ലോക്ക് പഞ്ചായത്തുകൾ

സംസ്ഥാനത്തെ 27 ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നും ലഭിച്ച അപേക്ഷകൾ വിശദമായി പരിശോധന നടത്തിയതിനെ തുടർന്നാണ് ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങളിലേയ്ക്ക് യഥാക്രമം നിലമ്പൂർ, പഴയന്നൂർ, ഇത്തിക്കര എന്നീ ബ്ലോക്ക് പഞ്ചായത്തുകളെ അവാർഡിനായി തിരഞ്ഞെടുത്തത്.





*കണ്ണൂർ ജില്ല: രണ്ടാം സ്ഥാനം - കരിവെള്ളൂർ പെരളം ഗ്രാമപഞ്ചായത്ത്*



*ബ്ലോക്ക് പഞ്ചായത്ത് ഒന്നാം സ്ഥാനം - നിലമ്പൂർ*



*ബ്ലോക്ക് പഞ്ചായത്ത് രണ്ടാം സ്ഥാനം - പഴയന്നൂർ*



*ബ്ലോക്ക് പഞ്ചായത്ത് മൂന്നാം സ്ഥാനം - ഇത്തിക്കര*

## 2005 -06-ലെ മികച്ച ഗ്രാമപഞ്ചായത്തുകൾ

**സംസ്ഥാനതലം- അടാട്ട് ഗ്രാമ പഞ്ചായത്ത്, തൃശൂർ ജില്ല**

**ജില്ലാതലം**

| | | |
|---|---|---|
| 1. തിരുവനന്തപുരം ജില്ല | - | 1. കരകുളം ഗ്രാമപഞ്ചായത്ത് |
| 2. കൊല്ലം ജില്ല | - | 1. നെടുമ്പന ഗ്രാമപഞ്ചായത്ത്<br>2. പനയം ഗ്രാമപഞ്ചായത്ത് |
| 3. ആലപ്പുഴ ജില്ല | - | 1. ഭരണിക്കാവ് ഗ്രാമപഞ്ചായത്ത് |
| 4. കോട്ടയം ജില്ല | - | 1. മുത്തോലി ഗ്രാമപഞ്ചായത്ത് |
| 5. ഇടുക്കി ജില്ല | - | 1. വെള്ളത്തൂവൽ ഗ്രാമപഞ്ചായത്ത് |
| 6. തൃശൂർ ജില്ല | - | 1. കടപ്പുറം ഗ്രാമപഞ്ചായത്ത്<br>2. വേളൂക്കര ഗ്രാമപഞ്ചായത്ത് |
| 7. പാലക്കാട് ജില്ല | - | 1. തിരുവേഗപ്പുറ ഗ്രാമപഞ്ചായത്ത്<br>2. കൊപ്പം ഗ്രാമപഞ്ചായത്ത് |
| 8. വയനാട് ജില്ല | - | 1. പടിഞ്ഞാറേത്തറ ഗ്രാമപഞ്ചായത്ത് |
| 9. കണ്ണൂർ ജില്ല | - | 1. മാങ്ങാട്ടിടം ഗ്രാമപഞ്ചായത്ത്<br>2. കരിവെള്ളൂർ പെരളം ഗ്രാമപഞ്ചായത്ത് |

**ബ്ലോക്ക് പഞ്ചായത്തുകൾ**

| | | |
|---|---|---|
| ഒന്നാം സ്ഥാനം | - | നിലമ്പൂർ ബ്ലോക്ക് പഞ്ചായത്ത് |
| രണ്ടാം സ്ഥാനം | - | പഴയന്നൂർ ബ്ലോക്ക് പഞ്ചായത്ത് |
| മൂന്നാം സ്ഥാനം | - | ഇത്തിക്കര ബ്ലോക്ക് പഞ്ചായത്ത് |

2007-ലെ സംസ്ഥാനതല പഞ്ചായത്ത് ദിനാഘോഷത്തോടനുബന്ധിച്ച്, 'അധികാര വികേന്ദ്രീകരണത്തിന്റെ പത്തു വർഷങ്ങൾ' എന്ന വിഷയത്തെ അടിസ്ഥാനമാക്കി നടത്തിയ ഉപന്യാസ രചനാ മത്സരത്തിൽ വിജയികളായവർ

ഒന്നാം സ്ഥാനം - **ജൂഡി ജോണി**<br>
ബി.ടെക് കമ്പ്യൂട്ടർ സയൻസ്<br>
& എഞ്ചിനീയറിംഗ്<br>
സഹൃദയാ കോളേജ് ഓഫ്<br>
എഞ്ചിനീയറിംഗ് & ടെക്നോളജി,<br>
തൃശൂർ, 0480- 2726630.

രണ്ടാം സ്ഥാനം - **കെ.സുരേഖ**<br>
കാരിയപറമ്പിൽ ഹൗസ്<br>
പി.ഒ.കാലിക്കറ്റ് യൂണിവേഴ്സിറ്റി<br>
ചെനയ്ക്കൽ 673 635, മലപ്പുറം

മൂന്നാം സ്ഥാനം -<br>
**ഷിഹാബുദ്ദീൻ. എം. പട്ടാരി**<br>
മൈമ്യൂന മൻസിൽ,<br>
കാഞ്ഞിലേരി.പി.ഒ<br>
മട്ടന്നൂർ, കണ്ണൂർ.

*(പഞ്ചായത്ത് ന്യൂസ് സർവ്വീസ്)*

# സദ്ഭരണ നിർവ്വഹണം

## കരിവെള്ളൂർ - പെരളം ഗ്രാമപഞ്ചായത്തിൽ



**കെ. നാരായണൻ**

അധികാരവികേന്ദ്രീകരണ രംഗത്ത് തനതായ പരീക്ഷണങ്ങൾ നടത്തി ശ്രദ്ധ പിടിച്ചു പറ്റിയ സംസ്ഥാനമാണ് കേരളം. കണ്ണൂർ ജില്ലയിലെ കരിവെള്ളൂർ - പെരളം ഗ്രാമ പഞ്ചായത്തും അതിൽ തങ്ങളുടേതായ സംഭാവന നൽകിയിട്ടുണ്ട്. എന്നാൽ അധികാരവികേന്ദ്രീകരണത്തിന്റെ സുസ്ഥിരത തദ്ദേശഭരണ സ്ഥാപനങ്ങൾ നൽകുന്ന ഭരണ നിലവാരത്തെ ആശ്രയിച്ചിരിക്കുന്നു.

പതിനൊന്നാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി ഓരോ തദ്ദേശസ്വയം ഭരണസ്ഥാപനവും ഒരു സദ്ഭരണ നിർവ്വഹണപദ്ധതി കൂടി തയ്യാറാക്കി പ്രവർത്തിക്കേണ്ടതുണ്ട്. 2006-07 വർഷം മുതൽ തദ്ദേശസ്വയംഭരണ വകുപ്പ്, കില, ഗ്രാമീണ പഠന കേന്ദ്രം എന്നിവ സംയുക്തമായി നടപ്പാക്കി വരുന്ന തദ്ദേശ ഭരണ വ്യവസ്ഥാപനം -ജനകീയ ജനാധിപത്യ ഉദ്യമം പരിപാടി മുഖേന കേരളത്തിലെ ഗ്രാമ പഞ്ചായത്തുകളിൽ സദ്ഭരണ പ്രവർത്തനം സാധ്യമാക്കുന്നതിന് ഒരു മുന്നൊരുക്കമെന്ന നിലയിൽ പരിശ്രമിച്ചു തുടങ്ങിയിരുന്നു. ഈ പരിപാടിയുടെ ഭാഗമായി പ്രാഥമിക ഘട്ടത്തിൽ കേരളത്തിലെ 63 ഗ്രാമ പഞ്ചാത്തുകളെയും, തുടർന്ന് നടത്തിയ പ്രവർത്തനങ്ങളുടെ തുടർച്ചയായി തുടർ ഘട്ടത്തിലേക്ക് 27 ഗ്രാമ പഞ്ചായത്തുകളെയും തെരഞ്ഞെടുത്ത് മുന്നോട്ട് പോകാനും തീരുമാനിച്ചിരുന്നു. അതിൽ കരിവെള്ളൂർ - പെരളം ഗ്രാമ പഞ്ചായത്തും ഉൾപ്പെടുന്നു.

തനതായ വിവിധ ജനാഭിമുഖ്യ പ്രവർത്തനങ്ങളിലൂടെ ഭരണ പരിഷ്കാര പ്രവർത്തനങ്ങൾ വ്യവസ്ഥാപിതമാക്കിക്കൊണ്ടിരുന്ന പഞ്ചായത്തിൽ 2007 ജനുവരി 31 ന് നടത്തിയ ശില്പശാലയിലൂടെയാണ് തദ്ദേശഭരണ വ്യവസ്ഥാപനം - ജനകീയ ജനാധിപത്യ ഉദ്യമ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചത്. അധ്യാപകരടക്കമുള്ള പഞ്ചായത്തിന്റെ മുഴുവൻ ജീവനക്കാർ, കുടുംബശ്രീ എ.ഡി.എസ്. ഭാരവാഹികൾ, വർക്കിംഗ് ഗ്രൂപ്പ് ഭാരവാഹികൾ, സന്നദ്ധ പ്രവർത്തകർ എന്നിവർ പങ്കെടുത്ത ശില്പശാലയിൽ വെച്ച് കർമ്മ പരിപാടിക്ക് രൂപം നൽകുകയും സ്ഥാപന തലത്തിലും സ്റ്റാന്റിങ് കമ്മിറ്റി തലത്തിലും തുടർച്ചയായ അവലോകനങ്ങൾ നടത്തി തുടർ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തു.

ഒരു വർഷത്തെ പ്രവർത്തനങ്ങൾ സമഗ്രമായി അവലോകനം ചെയ്യുന്നതിന്റെ ഭാഗമായി 2008 ജനുവരി 7-ാം തീയതി ആദ്യ ശില്പശാലയിലെ പങ്കാളികളെ പങ്കെടുപ്പിച്ചുകൊണ്ടു വിപുലമായ അവലോകന യോഗം വിളിച്ചു ചേർക്കുകയും പ്രവർത്തന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർ കർമ്മ പരിപാടി രൂപപ്പെടുത്തുകയും ചെയ്തു. ശില്പശാല തദ്ദേശസ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എസ്.എം. വിജയാനന്ദ് ഉദ്ഘാടനം ചെയ്തു. തുടർന്ന് പഞ്ചായത്തിലെ മുഴുവൻ ജീവനക്കാർക്കും അധ്യാപകർക്കുമായി സദ്ഭരണം - ആശയം, രീതിശാസ്ത്രം, ഉപാധികൾ എന്ന വിഷയത്തിൽ പരിശീലന ക്ലാസ് നൽകി.

### പൗരാവകാശരേഖ

ഗ്രാമപഞ്ചായത്തിന്റെ സദ്ഭരണ പ്രവർത്തനങ്ങളിൽ ഏറ്റവും പ്രധാനമായി ഉപയോഗിക്കപ്പെടുന്ന ഉപകരണമാണ് പൗരാവകാശരേഖ. ഇത് സദ്ഭരണ നിർവ്വഹണത്തിനായുള്ള പഞ്ചായത്തിന്റെ ഭരണപരിഷ്കാര ശ്രമങ്ങൾ ഒറ്റനോട്ടത്തിൽ ലഭ്യമാക്കുന്നു.





*കരിവെള്ളൂർ പെരളം ഗ്രാമപഞ്ചായത്ത്: സദ്ഭരണ ശില്പശാല തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എസ്.എം. വിജയാനന്ദ് ഉദ്ഘാടനം ചെയ്യുന്നു*

2003 ഒക്ടോബർ 1-ാം തീയ്യതി പ്രസിദ്ധീകരിച്ച പൗരാവകാശരേഖ, പുതിയ ഭരണ സമിതി അധികാരത്തിൽ വന്ന് നാല് മാസത്തിനകം, 2006 ഫെബ്രുവരി 12-ന് ആവശ്യമായ ഭേദഗതികളും പരിഷ്കാരങ്ങളും വരുത്തി 'പരിഷ്കരിച്ച പൗരാവകാശരേഖ'യായി പ്രസിദ്ധീകരിച്ചു. ഗ്രാമപഞ്ചായത്തിന്റെയും ഘടക സ്ഥാപനങ്ങളുടെയും, സേവനം കൂടുതൽ ജനപക്ഷപരവും ഫലപ്രദവുമാക്കുന്നതിന്റെ ഭാഗമായി ഒരു സമഗ്ര പൗരാവകാശരേഖ 2008 ൽ തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രയോഗത്തിനും മെച്ചപ്പെടുത്തലിനുമായി പഞ്ചായത്ത് തയ്യാറാക്കിയ ഈ സമഗ്ര പൗരാവകാശ രേഖ 2008 ജനവരി 7-ാം തീയ്യതി കരിവെള്ളൂരിൽ വെച്ച് തദ്ദേശസ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എസ്.എം. വിജയാനന്ദ് പ്രകാശനം ചെയ്തു.

സമഗ്ര പൗരാവകാശരേഖയിൽ ഉൾപ്പെടുത്തിയിട്ടുള്ള വിവരങ്ങൾ ഇനിപ്പറയുന്നവയാണ്.

1. പ്രസിഡന്റിന്റെ ആമുഖം
2. ഗ്രാമപഞ്ചായത്തിന്റെ പൊതു വിവരങ്ങൾ
3. ഭരണ പരിഷ്കാരം സംബന്ധിച്ച ഗ്രാമ പഞ്ചായത്തിന്റെ നയം
4. ഗ്രാമപഞ്ചായത്തിന്റെ ചുമതലകൾ
5. ഗ്രാമസഭയുടെ അധികാരങ്ങളും ചുമതലകളും
6. പഞ്ചായത്ത് ഭരണ സംവിധാനത്തിന്റെ ഘടനയും ഉത്തരവാദിത്തങ്ങളും
7. പഞ്ചായത്തിലെ സ്ഥാപന - ഉദ്യോഗസ്ഥ സംവിധാനം
8. ഓരോ സ്ഥാപനത്തിലെ ഓരോ തലത്തിലും തസ്തികയിലുമുള്ള ഉദ്യോഗസ്ഥരുടെ ഉത്തരവാദിത്തങ്ങളും ചുമതലകളും.
9. ഗ്രാമ പഞ്ചായത്ത് പൊതുജനക്ഷേമപരമായി ഏർപ്പെടുത്തിയിട്ടുള്ള ജനാഭിമുഖ്യ പ്രവർത്തനങ്ങൾ സംബന്ധിച്ച വിവരം
10. സ്ഥാപനമാനേജ്കമ്മിറ്റി സംവിധാനത്തെക്കുറിച്ചുള്ള വിവരങ്ങൾ.
11. സ്ഥാപനതലം, പഞ്ചായത്ത് തലം, ഓംബുഡ്സ്മാൻ, ട്രൈബ്യൂണൽ, ജാഗ്രതാസമിതി തുടങ്ങിയ വിവിധ പരാതി തർക്ക പരിഹാര സംവിധാനങ്ങളെ സംബന്ധിച്ച വിവരങ്ങളും, അപേക്ഷാഫോറങ്ങളും.
12. അറിയാനുള്ള അവകാശം സംബന്ധിച്ച വ്യവസ്ഥകളും അപേക്ഷിക്കേണ്ട വിധവും.
13. സോഷ്യൽ ഓഡിറ്റ് സാധ്യതകൾ സംബന്ധിച്ച വിവരങ്ങൾ.
14. വിവിധ സ്ഥാപനങ്ങളിലൂടെ ലഭിക്കുന്ന സേവനങ്ങളും, നിബന്ധനകളും
15. സമഗ്ര വികസനം സംബന്ധിച്ച പഞ്ചായത്തിന്റെ നയ സമീപനം.

### ജനകേന്ദ്രീകൃതം

സദ്ഭരണ പ്രവർത്തനത്തിന്റെ ഭാഗമായി ആസൂത്രണം, നിർവ്വഹണം, മോണിറ്ററിംഗ് എന്നിവയിൽ ജനപങ്കാളിത്തം വർധിപ്പിക്കുന്നതിന്റെ ഭാഗമായി വർഷത്തിൽ ചുരുങ്ങിയത് 4 തവണ ഗ്രാമസഭകൾ ചേരുന്നുണ്ട്. ഗ്രാമസഭകളുടെ ചിട്ടയായതും അർത്ഥപൂർണ്ണവുമായ സംഘാടനത്തിന് വേണ്ടി അയൽകൂട്ടങ്ങൾ, വാർഡ് വികസന സമിതികൾ എന്നിവ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ എല്ലാ വർഷവും ഒരു ഗ്രാമസഭ വൻ ജനപങ്കാളിത്തം ഉറപ്പാക്കി 'മാതൃകാ ഗ്രാമസഭയായും നടത്തുന്നു.

### ജനാഭിമുഖ്യ പ്രവർത്തനങ്ങൾ

സേവന പ്രദാനം ജനാഭിമുഖ്യമാക്കുന്നതിന്റെ ഭാഗമായി ഒരു ജനസേവന കൗണ്ടർ നേരത്തെതന്നെ പഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്നുണ്ട്. പ്രധാന സേവനങ്ങൾ സംബന്ധിച്ച വിവരങ്ങൾ നൽകുന്ന സേവനബോർഡും സ്ഥാപിച്ചിട്ടുണ്ട്. അക്കൗണ്ടബിലിറ്റിയുടെയും, സുതാര്യതയുടെയും ഭാഗമായി പഞ്ചായത്ത് ഭാരവാഹികളുടെയും, ഉദ്യോഗസ്ഥരുടെയും ഹാജർ ബോർഡ് പഞ്ചായത്താഫീസിലും, ഘടകസ്ഥാപനങ്ങളിലും ഏർപ്പെടുത്തിയിട്ടുണ്ട്. വിവിധ സെക്ഷനുകൾ തിരിച്ചറിയുന്നതിനും, നൽകുന്ന സേവനങ്ങൾ അറിയുന്നതിനും സെക്ഷൻ ബോർഡുകളും സ്ഥാപിച്ചിട്ടുണ്ട്.

### അവലോകന സംവിധാനം

ഭരണ-പദ്ധതി പ്രവർത്തനങ്ങളുടെ അവലോകനം സ്ഥാപന തലത്തിലും സ്റ്റാന്റിങ് കമ്മിറ്റി തലത്തിലും ഭരണസമിതി തലത്തിലും ക്രമമായി നടത്തിവരുന്നുണ്ട്. ശാസ്ത്രീയമായ അവലോകനവും തുടർപ്രവർത്തന ആസൂത്രണവും ചിട്ടപ്പെടുത്തുന്നതിന്റെ ഭാഗമായി ഒരു പ്രതിമാസ യോഗ കലണ്ടർ തയ്യാറാക്കി പിൻതുടർന്ന് വരുന്നു. യോഗവിവരങ്ങളെ കുറിച്ച് അറിയുന്നതിന് പൊതുജനങ്ങൾക്കും ഇത് സഹായകരമാകുന്നു.

### പരാതി പരിഹാരം

സ്ഥാപന പ്രവർത്തനങ്ങൾ സംബന്ധിച്ച പരാതികൾക്ക് നീതി പൂർവ്വകമായി പരിഹാരം കാണുന്നതിന് ഒരു പരാതി പരിഹാര സംവിധാനവും, വനിതാ ജാഗ്രതാ സമിതിയും, പൊതുവായ പരാതികൾക്കും തർക്കങ്ങൾക്കും പരിഹാരം കാണുന്നതിനായി ഒരു തർക്ക പരിഹാര ഫോറവും പഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്നുണ്ട്.

ഇത്തരം പ്രവർത്തനങ്ങളുടെ ഭാഗമായി 2008 ജനവരി 6 ന് ഒരു പരാതി പരിഹാര അദാലത്ത് നടത്തുകയും പരാതികൾക്ക് പരിഹാരം കണ്ടെത്തുകയും ചെയ്തു.

### സോഷ്യൽ ഓഡിറ്റ്

സദ്ഭരണ നിർവ്വഹണ പ്രവർത്തനങ്ങളുടെ ഭാഗമായി ജനകേന്ദ്രീകൃത ഭരണ

ത്തിന്റെ സ്ഥാപനവൽക്കരണത്തിനും ജനാധിപത്യ പ്രക്രിയ ശക്തിപ്പെടുത്തുന്നതിനുമായി സോഷ്യൽ ഓഡിറ്റ് കൂടി നടത്താൻ പഞ്ചായത്ത് തീരുമാനിച്ചിരിക്കുകയാണ്. വിവിധ മേഖലകൾ അടിസ്ഥാനമാക്കി മാനദണ്ഡങ്ങൾ നിശ്ചയിച്ചുകൊണ്ട്, ഗ്രാമസഭ തിരഞ്ഞെടുത്ത സോഷ്യൽ ഓഡിറ്റ് ടീം അവരുടെ പ്രവർത്തനങ്ങൾ പൂർത്തിയാക്കി വരികയാണ്. റിപ്പോർട്ടുകൾ ചർച്ചചെയ്യാൻ പ്രത്യേക സോഷ്യൽ ഓഡിറ്റ് ഗ്രാമസഭകൾ വിളിച്ചു ചേർക്കാനും പഞ്ചായത്ത് ഉദ്ദേശിക്കുന്നുണ്ട്.

### അഴിമതി രഹിത ഭരണം

സാമ്പത്തികമായത് മാത്രമല്ല സമീപനത്തിലും അഴിമതി തൊട്ടു തീണ്ടാത്ത ഭരണനിർവ്വഹണത്തിന് പഞ്ചായത്ത് പ്രത്യേകം പരിശ്രമിക്കുന്നു. ബിനാമി ഇല്ലാതെയും അഴിമതിരഹിതവുമായാണ് മുഴുവൻ വികസന പ്രവർത്തനങ്ങളും നടത്തിയിട്ടുള്ളത്.

### ദുരിതാശ്വാസ നിധി

പൊതുജനങ്ങൾക്കിടയിൽ നിന്ന് ഫണ്ട് സ്വരൂപിച്ച് കൊണ്ട് പഞ്ചായത്തിന്റെ ദുരിതാശ്വാസ നിധിയിൽ നിന്ന് കഴിഞ്ഞ ഒരു വർഷം കൊണ്ട് നിരവധി പേർക്ക് സമാശ്വാസം നൽകിയിട്ടുണ്ട്. മാരക രോഗബാധിതരായ 14 പേർക്ക് നൽകിയ ധനസഹായം പ്രത്യേകം പരിഗണിക്കപ്പെടുന്നു.

### സേവന വ്യാപന പ്രവർത്തനം

കണ്ണൂർ ജില്ലയുടെ വടക്കേ അറ്റത്ത് സ്ഥിതി ചെയ്യുന്ന കരിവെള്ളൂർ - പെരളം ഗ്രാമ പഞ്ചായത്തിലെ മുഖ്യ വിളകൾ നെല്ലും തെങ്ങുമാണ്. കൈത്തറി, ഖാദി, ബീഡിതെറുപ്പ് തുടങ്ങിയ പരമ്പരാഗത പ്രവർത്തനങ്ങൾക്കൊപ്പം, കന്നുകാലി പരിപാലനവും പ്രധാനപ്പെട്ട തൊഴിൽ മേഖലയാണ്.

പഞ്ചായത്തിൽ ഒരു ജനകീയ ആരോഗ്യ-ശുചിത്വ സമിതി ഫലപ്രദമായി പ്രവർത്തിച്ചു വരുന്നുണ്ട്. പഞ്ചായത്തിലെ മുഴുവൻ വീടുകൾക്കും കക്കൂസ് നൽകുകയും, പൊതു സ്ഥലങ്ങളിൽ ശുചീകരണ പ്രവർത്തനങ്ങൾ നിരന്തരം ജനപങ്കാളിത്തത്തോടെ ചെയ്തതിന്റെ ഫലമായി 2005 ജൂൺ 12,13 പഞ്ചായത്തിനെ ഒരു സമ്പൂർണ്ണ ശുചിത്വ പഞ്ചായത്തായി പ്രഖ്യാപിക്കാൻ സാധിച്ചു. ഇതിന്റെ അംഗീകാരമെന്നോണം 2005-06 ലെ കേന്ദ്രഗവൺമെന്റിന്റെ നിർമൽ പുരസ്കാരം പഞ്ചായത്തിന് നേടാൻ കഴിഞ്ഞു എന്നത് അഭിമാനിക്കാൻ വക നൽകുന്ന ഒന്നാണ്. ഗ്രാമപഞ്ചായത്തിൽ വർഷങ്ങളായി പകർച്ചവ്യാധികൾ റിപ്പോർട്ട് ചെയ്തിട്ടില്ല. ജനങ്ങളുടെ ശുചിത്വ അവബോധവും പഞ്ചായത്തിന്റെ നിരന്തര പ്രവർത്തനവും ഇതുറപ്പാക്കുന്നു.



*കരിവെള്ളൂർ പെരളം ഗ്രാമപഞ്ചായത്ത്: പരാതിപരിഹാര അദാലത്ത്*

പ്ലാസ്റ്റിക് അമിതോപയോഗം തടയുന്നതിനും, പ്ലാസ്റ്റിക് വിരുദ്ധ ക്യാമ്പയിൻ നടത്തുകയും, ക്യാമ്പയിന്റെ സമാപനത്തോടൊപ്പം ഒരു റാലി നടത്തുകയും പൊതുജനങ്ങൾ ഒത്തു ചേർന്ന് പ്രതിജ്ഞ ചെയ്യുകയുമുണ്ടായി. സർക്കാർ നിരോധനം വരുന്നതിന് മുമ്പ് തന്നെ 2004 മാർച്ച് 1 ന് 30 മൈക്രോണിൽ താഴെ വരുന്ന പ്ലാസ്റ്റിക്കിന്റെ ഉപയോഗം പഞ്ചായത്തിൽ നിരോധിക്കുകയുണ്ടായി.

മദ്യത്തിന്റെ അമിതോപയോഗത്തെയും, വ്യാജ മദ്യത്തിന്റെ വ്യാപനത്തെയും പ്രതിരോധിക്കുന്നതിനായി ഒരു മദ്യ വിരുദ്ധ ജനകീയ സമിതി പഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്നുണ്ട്. എക്സൈസ് ഓഫീസർമാർ, പോലീസ് ഓഫീസർമാർ എന്നിവർ അതിൽ അംഗങ്ങളാണ്. സമിതി യോഗങ്ങൾ ചേർന്ന് സ്ഥിതി അവലോകനം ചെയ്യുകയും, എക്സൈസ്, പോലീസ് ഓഫീസർമാരെകൊണ്ട് നടപടി സ്വീകരിപ്പി ക്കാനും, പൊതുജനങ്ങൾക്കായി ബോധവത്കരണ പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാനും സാധിക്കുന്നുണ്ട്. രാജ്യത്ത് പാൻ മസാലയുടെയും മറ്റു മയക്കുമരുന്നുകളുടെയും ഉപയോഗം വർദ്ധിച്ചുവരുന്ന സാഹചര്യം കണക്കിലെടുത്ത് പഞ്ചായത്തിൽ ക്യാമ്പയിൻ പ്രവർത്തനത്തിലൂടെ ബോധവത്കരണം നടത്തുകയും പാൻ മസാലയുടെയും, മയക്കുമരുന്നിന്റെയും ഉപയോഗം നിരോധിക്കുകയും ചെയ്യുകയുണ്ടായി. ലഹരി പദാർത്ഥങ്ങൾക്കെതിരെ ഒരു ഗ്രാമപാർലമെന്റ് 2004 സെപ് തംബർ 7 ന് സംഘടിപ്പിച്ച് പ്രചാരണം സംഘടിപ്പിക്കുകയുണ്ടായി. ഇതിന്റെ ഫലമായി ഇത്തരം പദാർത്ഥങ്ങൾ കടകളിൽ നിന്ന് നിശ്ശേഷം ഒഴിവാക്കാനും, അവയുടെ പരസ്യമായ ഉപയോഗം ഇല്ലാതാക്കാനും സാധിച്ചിട്ടുണ്ട്.

പ്രകൃതിയുടെ മേൽ മനുഷ്യൻ നടത്തുന്ന അനിയന്ത്രിതമായ കടന്നുകയറ്റം പരിസ്ഥിതിയെ തന്നെ താറു മാറാക്കുന്ന സാഹചര്യത്തിൽ, പരിസ്ഥിതി സംരക്ഷണത്തിന് ബാധ്യസ്ഥരായ ഒരു പ്രാദേശിക ഗ്രാമ ഭരണമെന്ന നിലയിൽ ഗ്രാമപഞ്ചായത്ത് പ്രശ്നത്തിൽ ഇടപെടുകയും ജെ.സി.ബി. ഉപയോഗിച്ച് കുന്നിടിക്കൽ ഇവിടെ നിരോധിക്കുകയും ചെയ്തിട്ടുണ്ട്.

പഞ്ചായത്ത് പ്രദേശത്ത് വർദ്ധിച്ചു വരുന്ന റോഡപകടങ്ങൾ കണക്കിലെടുത്തുകൊണ്ട് പഞ്ചായത്തിൽ ഒരു റോഡപകട ലഘൂകരണ സമിതി രൂപവത്കരിച്ചു. പോലീസ് മോട്ടോർ വാഹന വകുപ്പ് ഉദ്യോഗസ്ഥരെ പങ്കെടുപ്പിച്ചുകൊണ്ട് യോഗങ്ങൾ ചേർന്ന് ചർച്ച ചെയ്ത് ഫലപ്രദമായ നടപടികൾ കൈക്കൊള്ളുവാനും സാധിച്ചിട്ടുണ്ട്. വാഹനങ്ങളുടെ അമിതവേഗം, ട്രാഫിക് നിയമലംഘനം എന്നിവ നിയന്ത്രിക്കുന്നതിൽ സമിതി ശ്രദ്ധ ചെലുത്തി വരുന്നു.

*ലേഖകൻ കരിവെള്ളൂർ പെരളം ഗ്രാമപഞ്ചായത്ത് പ്രസിഡന്റാണ്*



# അധികാരവികേന്ദ്രീകരണത്തിന്റെ പത്ത് വർഷം

**ജൂഡി ജോണി**

2007 ലെ പഞ്ചായത്ത് ദിനാഘോഷത്തോടനുബന്ധിച്ചു നടന്ന സംസ്ഥാനതല ഉപന്യാസ രചന മത്സരത്തിൽ ഒന്നാം സമ്മാനത്തിന് അർഹമായ ഉപന്യാസം

32,87,283 ചതുരശ്രകിലോമീറ്റർ വിസ്തീർണ്ണമുള്ള, വേദങ്ങളുടെ ഈറ്റില്ലമായ, മത-സംസ്കാരങ്ങളുടെ സംഗമസ്ഥാനമായ, ഭാരതം ഇന്ന് പഞ്ചവത്സര പദ്ധതികളുടെ കരുത്തുമായി വികസനത്തിന്റെ പാതയിലൂടെ മുന്നേറുകയാണ്. ലോകത്തിലെ തന്നെ ഏറ്റവും വലിയ ജനാധിപത്യ- മതേതര രാജ്യമായി ഇൻഡ്യ മുന്നേറുമ്പോൾ നമ്മുടെ രാഷ്ട്രശില്പികളുടെ സ്വപ്നങ്ങൾ എത്ര കണ്ട് പൂവണിഞ്ഞുവെന്ന് വിശകലനം ചെയ്യേണ്ടത് ആനുകാലികതയുടെ ആവശ്യകതയാണ്.

ഇന്ത്യക്കു സ്വാതന്ത്ര്യം ലഭിക്കുന്നതിനു മുമ്പു തന്നെ ഗാന്ധിജി പറഞ്ഞു.

- ഗ്രാമങ്ങളുടെ ഭരണം നടത്തേണ്ടത് പഞ്ചായത്ത് ആയിരിക്കണം.
- ജനങ്ങൾ സ്വാശ്രയശീലരും സ്വയം പര്യാപ്തതയുള്ളവരും ആയിരിക്കണം.
- ഓരോ ഗ്രാമവും ആവശ്യമുള്ളത്ര ഭക്ഷണവും വസ്ത്രവും ഉത്പാദിപ്പിക്കണം.
- ഓരോ ഗ്രാമത്തിലും കളിസ്ഥലവും, വിദ്യാലയവും സമ്മേളനസ്ഥലവും, കന്നുകാലികൾക്കുള്ള മേച്ചിൽ സ്ഥലവും കുടിനീർസൗകര്യവുമുണ്ടായിരിക്കണം.
- എല്ലാ സാമ്പത്തിക പ്രവർത്തനങ്ങളും സഹകരണ അടിസ്ഥാനത്തിൽ നടത്തണം.
- ഭരണം വികേന്ദ്രീകരിക്കുമ്പോഴെ ജനാധിപത്യ സ്വഭാവം ഉണ്ടാവുകയുള്ളൂ.
- ഗ്രാമസ്വരാജ് ആയിരിക്കണം എല്ലാ വികസനപ്രവർത്തനങ്ങളുടെയും പരമലക്ഷ്യം

### അല്പം ചരിത്രം

സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ തദ്ദേശ ഭരണസംവിധാനം നടപ്പിലാക്കേണ്ട ചുമതല സംസ്ഥാനങ്ങളുടേതായിത്തീർന്നപ്പോൾ പഞ്ചവത്സരപദ്ധതികളുടെ ഭാഗമായ സാമൂഹ്യ വികസന പരിപാടികൾ നാം ജനപങ്കാളിത്തത്തോടെ പരീക്ഷിച്ചു നോക്കിയെങ്കിലും, ജനപങ്കാളിത്തം ഉറപ്പു വരുത്താൻ ഗ്രാമതലങ്ങളിലുള്ള ജനകീയ ഭരണസംവിധാനത്തിനു മാത്രമെ സാധിക്കൂവെന്ന സത്യത്തിലേക്കാണ് നാം അവസാനം എത്തിച്ചേർന്നത്. അങ്ങനെ 1959 മുതൽ പഞ്ചായത്തീരാജ് സംവിധാനം ഇന്ത്യൻ സംസ്ഥാനങ്ങളിൽ നടപ്പാക്കി തുടങ്ങി.

യശ:ശരീരനായ പണ്ഡിറ്റ് ജവഹർലാൽ നെഹ്റു 1960 ഡിസംബർ 4-ാം തീയതി പഞ്ചാബിലെ രാജ്പുരിയിൽ, ഇന്ത്യയിൽ 3 വിപ്ലവങ്ങൾ നടന്നു കൊണ്ടിരിക്കുകയാണെന്ന് പ്രസ്താവിച്ചു. അവ 1. വിദ്യാഭ്യാസ പുരോഗതി 2. കാർഷിക മേഖലയിലെ പുതിയതരം പണിയായുധങ്ങളുടേയും കൃഷിരീതികളുടെയും പ്രയോഗം 3. പഞ്ചായത്തീരാജ് എന്നിവയാണെന്ന് അദ്ദേഹം ചൂണ്ടിക്കാണിച്ചു. ഇന്ത്യ ഗ്രാമങ്ങളുടെ രാഷ്ട്രമാണ്. ജനങ്ങളിൽ 80% വും ഗ്രാമീണ ജീവിതം നയിക്കുന്നു. ഇന്ത്യൻ ഭരണഘടനയിലെ ആർട്ടിക്കിൾ 40 പറയുന്നു."വില്ലേജ് പഞ്ചായത്തുകൾ സ്ഥാപിച്ച് അവയെ പ്രാദേശിക സ്വയംഭരണസ്ഥാപനങ്ങളാക്കി തീർക്കുവാൻ രാഷ്ട്രം ശ്രമിക്കേണ്ടതാണ്".

1959 ൽ പഞ്ചായത്തീരാജ് ആരംഭിച്ചുവെങ്കിലും ഭരണഘടനയുടെ പിൻബലമില്ലായിരുന്നു. ഭരണം വികേന്ദ്രീകരിക്കുന്നതിലൂടെ തങ്ങളുടെ അധികാര ശക്തി ക്ഷയിക്കുമെന്ന ഭീഷണി മൂലം അധികാരത്തിന്റെ ഉന്നത തലങ്ങളിലുള്ളവർക്ക് പഞ്ചായത്ത് രാജിനോട് ആഭിമുഖ്യം കുറഞ്ഞു. എന്നാൽ എല്ലാ സംസ്ഥാനങ്ങളിലും തദ്ദേശസ്വയംഭരണസംവിധാനം നിർബന്ധമാക്കുന്നതിനായ് ഇന്ത്യൻ ഭരണഘടന 1992 ഡിസംബറിൽ 73-ാം ഭരണഘടനാ ഭേദഗതി. പാസ്സാക്കി. രാഷ്ട്രപതിയുടെ അനുമതി ലഭിച്ച് ഇത് 1993 ഏപ്രിൽ 24 ന് നിയമമായി. 74-ാം ഭരണഘടനാ ഭേദഗതിയിലൂടെ നഗരസഭകളിലും ജനകീയ ഭരണസംവിധാനത്തിന് വഴിയൊരുങ്ങി.

### എന്താണ് പഞ്ചായത്തീരാജ് ?

ഇന്ത്യയിൽ നിലനിൽക്കുന്ന സങ്കീർണ്ണമായ പ്രാദേശിക സ്വയംഭരണ സമ്പ്രദായമാണ് പഞ്ചായത്തീരാജ്. ഗ്രാമീണജനതയ്ക്ക് തങ്ങളുടെ പ്രാദേശിക കാര്യങ്ങൾ സ്വയം കൈകാര്യം ചെയ്യുവാനുള്ള അവസരവും കഴിവും നൽകുന്ന ഭരണ സംവിധാനമാണിത്.

### പഞ്ചായത്തീരാജിന്റെ ഘടന

ബൽവന്ത്റായ് മേത്താ കമ്മിറ്റി നിർദ്ദേശിച്ച് പഞ്ചായത്തീരാജ് സമ്പ്രദായത്തിന് 3 തട്ടുകൾ ഉണ്ട്. 1. ഗ്രാമീണതലത്തിലെ വില്ലേജ് പഞ്ചായത്ത് 2.ബ്ലോക്ക് തലത്തിലെ പഞ്ചായത്ത് സമിതി 3. ജില്ലാതലത്തിലെ ജില്ലാ പരിഷത്ത്.

### ഗ്രാമസഭ

പഞ്ചായത്തീരാജിന്റെ അടിസ്ഥാന ജനാധിപത്യഘടകം ഗ്രാമസഭയാണ്. പ്രായപൂർത്തിയായ 500 പൗരന്മാരാണ് ഒരു ഗ്രാമസഭ രൂപീകരിക്കുവാൻ വേണ്ടത്. ഗ്രാമസഭയെ ഒരു ഗ്രാമപഞ്ചായത്തിന്റെ അതിർത്തിയിലും, അധികാരത്തിൻ കീഴിലുള്ള ഗ്രാമപഞ്ചായത്തിനെ തിരഞ്ഞെടുക്കുന്ന എല്ലാ മനുഷ്യരുടേയും സഞ്ചയമായി നിർവ്വചിക്കാം. ഒരു വർഷത്തിൽ കുറഞ്ഞത് 2 തവണയെങ്കിലും ഗ്രാമസഭ വിളിച്ചു കൂട്ടണം.

### അധികാരവികേന്ദ്രീകരണം കേരളത്തിൽ

നമ്മുടെ രാജ്യത്ത് 1997 വരെയുള്ള കാലഘട്ടത്തിൽ പദ്ധതിയാസൂത്രണം ജനകീയമായി തീർന്നിരുന്നില്ല. കേന്ദ്ര സംസ്ഥാന പ്ലാനിംഗ് ബോർഡുകളുടെ നിയന്ത്രണത്തിലായിരുന്നു, എല്ലാ പദ്ധതിയാസൂത്രണങ്ങളും. ഇതിനൊരു മാറ്റം മുമ്പോട്ടു വച്ചത് ജനകീയാസൂത്രണമാണ്. ജനകീയമായ ഈ നടപടി വിപ്ല

വകരമായി കേരളം ആവിഷ്കരിച്ചു.

**നേട്ടങ്ങൾ:**

പദ്ധതി ആസൂത്രണം പൂർണ്ണമായും ജനങ്ങളുടെ പരിപാടിയായിതീരുന്നു. ഓരോ ഗ്രാമപഞ്ചായത്തിലേയും ജനകീയ സഭകൾ- ഗ്രാമസഭകൾ, തങ്ങളുടെ പ്രദേശത്തിന്റെ പ്രശ്നങ്ങൾ ഒത്തു കൂടിയിരുന്ന് വിശകലനം ചെയ്യുന്നു. വികസനത്തിന്റെ എല്ലാ പ്രശ്നങ്ങളും ചർച്ച ചെയ്യപ്പെടുകയും പരിഹാരം കണ്ടെത്തുകയും ചെയ്യുന്നു. ഗ്രാമഹൃദയങ്ങളിലൂടെ ഇന്ത്യയുടെ വികസനഭൂപടം നിർമ്മിക്കപ്പെടുന്നു എന്നതാണിതിന്റെ വലിയ മേന്മ.

ജനങ്ങൾ, ജനങ്ങൾക്കുവേണ്ടി. പദ്ധതി ആസൂത്രണം ചെയ്യുന്നു. ജനങ്ങളുടെ കരങ്ങളിലൂടെ അത് നടപ്പിലാക്കുന്നു. വികസന പ്രക്രിയയുമായി ജനങ്ങൾക്കു ആത്മബന്ധമുണ്ടാകുന്നു. സർക്കാരിന്റേയോ ഇടനിലക്കാരുടേയോ അനാവശ്യമായ ഇടപെടലുകളോ ലാഭക്കൊതിയോ ഇവിടെയില്ല. ഗ്രാമതലത്തിൽ നിന്നും കേന്ദ്രതലത്തിലേക്ക് എന്ന് വികേന്ദ്രീകൃത തത്വം സാക്ഷാത്കരിക്കപ്പെടുന്നു.

ഇത് ജനാധിപത്യത്തിന്റെ ഹൃദയസ്പന്ദനമാണ്. വികസനത്തിന്റെ മഹത്തായ മാർഗ്ഗരേഖയാണ്. പഴയകാലത്തെ തറക്കൂട്ടവും നാട്ടുകൂട്ടവും നമ്മെ സഹായിച്ച വഴികളുടെ അനുഭവം ഈ രീതിക്കുണ്ട്. കേരളത്തിന്റെ വിപ്ലവകരമായ കുതിപ്പിലേക്കാണ് വികേന്ദ്രീകരണതത്വം വിരൽചൂണ്ടുന്നത്.

രാജ്യത്തിന്റെ നിലവിലുള്ള വിഭവങ്ങളുടെ ഭൂപടം പദ്ധതി ആസൂത്രണം ഫലപ്രദമാക്കുവാൻ പശ്ചാത്തലമൊരുക്കുന്നു. പ്രശ്നങ്ങളും വെല്ലുവിളികളും പരിഹരിക്കുകയും ക്ഷേമകരമായ ജനജീവിതം വിഭാവനം ചെയ്യുകയും രാഷ്ട്രവികസനം എന്ന ആത്യന്തിക വികസനം സാക്ഷാത്കരിക്കുകയുമാണ് പദ്ധതി പ്രവർത്തനങ്ങൾ മുഖേന നേടുവാനുള്ളത്.

ജനങ്ങളുടെ ആവശ്യങ്ങൾ അഭിലാഷങ്ങൾ എന്നിവയിൽ നിന്ന് പദ്ധതി ആസൂത്രണം രൂപം കൊള്ളുന്നത് സ്വാതന്ത്ര്യാനന്തര ഇന്ത്യയുടെ അഭിമാനമാണ്. പരമാധികാരം ജനങ്ങളിൽ നിക്ഷിപ്തമാണെന്ന തത്വം ഭാരത ചരിത്രത്തിൽ ഇദംപ്രഥമായി ഇവിടെ സാക്ഷാത്കരിക്കപ്പെടുന്നു. രാഷ്ട്രത്തിലെ ഏറ്റവും അമൂല്യമായ സമ്പത്ത് ജനങ്ങളാണെന്നും ജനഹിതത്തിലധിഷ്ഠിതമായ ഭരണനിർവ്വഹണമാണ് ജനാധിപത്യ സാക്ഷാത്കാരമെന്നും, ഈ പദ്ധതിയാസൂത്രണം മുഖേന കേരളം അറിഞ്ഞു.

വികസനത്തിന്റെ ഹൃദയസ്പർശം, കൃഷി, ജലസേചനം, മൃഗപരിപാലനം, മത്സ്യം വളർത്തൽ, വ്യവസായം, ഊർജ്ജം, ഗതാഗതം, ആരോഗ്യം, കുടിവെള്ളം, പരിസ്ഥിതി, വിദ്യാഭ്യാസം, സഹകരണം എന്നീ 12 മേഖലകളെ ഉൾക്കൊള്ളുന്നു. അതത് പ്രദേശത്തിന്റെ വികസനചരിത്രവും വിഭവസാധ്യതകളുമനുസരിച്ച് ഇവയുടെ പ്രാധാന്യക്രമം നിർണ്ണയിക്കപ്പെടുന്നു.

ഓരോ ഗ്രാമത്തിന്റെയും പരിതഃസ്ഥിതിക്കനുസൃതമായി വികസനരേഖ രൂപം കൊള്ളുകയും അത് ഫലപ്രദമായി ആവിഷ്കരിക്കുകയും ചെയ്യുമ്പോൾ മാത്രമെ ഉദ്ദിഷ്ടവികസന ലക്ഷ്യം സാക്ഷാത്കരിക്കുകയുള്ളു. ഗ്രാമങ്ങളുടെ സ്വയം പര്യാപ്തത നേടുവാനുള്ള മാർഗ്ഗമെന്ന നിലയിൽ സർവ്വതല സ്പർശിയായ ഒരു സമീപന രീതി അധികാരവികേന്ദ്രീകരണത്തിൽ ഉടലെടുക്കുന്നു.

ഭരണം, ഭരണകർത്താക്കൾ, ഭരണീയർ എന്നീ അംശങ്ങളിലുള്ള സകലവിധ തടസ്സങ്ങളേയും ഇല്ലാതാക്കുക എന്നത് അധികാരവികേന്ദ്രീകരണത്തിന്റെ ആദർശലക്ഷ്യമാണ്. ഉദ്യോഗസ്ഥരും ജനങ്ങളും തമ്മിലുള്ള അകൽച്ച ഇല്ലാതാക്കുകയാണ് ഇതിന്റെ പ്രധാനസ്വഭാവം.

ഭരണപരമായ സുതാര്യത അധികാര വികേന്ദ്രീകരണം സുപ്രധാനമായി കാണുന്നു. ഒരു നേർക്കണ്ണാടിയിൽ ബിംബവും പ്രതിബിംബവും കാണും വിധം ഭരണവും ഭരണക്രമവും സുവ്യക്തമാകണം. ഭരണത്തിൽ ജനങ്ങൾ നഖശിഖാന്തം പങ്കാളികളാകണമെന്ന വിട്ടുവീഴ്ചയില്ലാത്ത ദർശനം നമ്മുടെ ജനാധിപത്യത്തെ പരമോന്നത ലക്ഷ്യ പ്രാപ്തിയിലെത്തിക്കുന്നു.

ഓരോ സർക്കാർ ആഫീസും എന്ത്? എങ്ങനെ? എന്തുകൊണ്ട്? എന്ന് അതിന്റെ ഉപഭോക്താക്കളായ ജനം അറിഞ്ഞിരിക്കണം. ഓഫീസ് നടപടികളുടെ രഹസ്യസ്വഭാവം ജനങ്ങളെ ദയനീയദാസ്യത്തിലേയ്ക്ക് നയിക്കുന്നു. ഇത് അഴിമതിക്കും, അക്രമത്തിനും, അസമത്വത്തിനും പ്രേരണ നൽകുന്നു. ഈ രഹസ്യസ്വഭാവത്തിന്റെ വെളിച്ചം കടക്കാത്ത മറ നീക്കി അതിനുപകരം പ്രകാശം തടസ്സമില്ലാതെ കടക്കുന്ന-സുതാര്യമായ ഒരു കണ്ണാടിയെന്ന നിലയിൽ ഓഫീസ് നടപടിക്രമങ്ങൾ ക്രമീകരിക്കുന്ന രീതിയാണ് അധികാര വികേന്ദ്രീകരണം വഴി ഭരണത്തിലുണ്ടാകുന്ന സുതാര്യത.

സാമ്പത്തിക വിദഗ്ദ്ധന്മാരുടേയും സർക്കാരിന്റേയും കുത്തകയായിരുന്ന ആസൂത്രണം (planning) ജനങ്ങളുടെ ഭാവനയിലേയ്ക്കും, ഇച്ഛാശക്തിയിലേയ്ക്കും, വികാരങ്ങളിലേയ്ക്കും പടർന്നു കയറുന്ന കാഴ്ചയ്ക്ക് കഴിഞ്ഞ 10 വർഷങ്ങൾ സാക്ഷ്യം വഹിച്ചിട്ടുണ്ടെന്നു പറയാം. അധികാരത്തിന്റെ കേന്ദ്രീകൃതസ്വഭാവം നമ്മുടെ രാജ്യത്തിന്റെ വികസന സംരംഭങ്ങളിൽ ദുർവ്യയവും പ്രതിരോധവും വളരെയേറെ ഉളവാക്കി. തത്ഫലമായി പദ്ധതി ജനങ്ങളിലെത്തുമ്പോൾ അത് ശോഷിത രൂപമായി മാറുന്നത് പതിവായിരുന്നു. എന്നാലിന്ന് ആ പ്രവണതയ്ക്കു മാറ്റം വന്നിട്ടുണ്ട്.

**ന്യൂനതകൾ**

എന്നാൽ അധികാര വികേന്ദ്രീകരണത്തിന്റെ മറവിൽ ഘട്ടം ഘട്ടമായ അഴിമതിപ്രവർത്തനങ്ങൾ നടമാടുന്നുവെന്ന ആരോപണങ്ങൾ പൗരമനസാക്ഷിയെ ഞെട്ടിക്കുന്നവയാണ്. രാഷ്ട്രത്തിന്റെ വികസനത്തിന് സുതാര്യതയും ബഹുജനപങ്കാളിത്തവും ഉറപ്പുവരുത്താനുള്ള ശ്രമങ്ങളിൽ പോലും അഴിമതി കയറിക്കൂടിയിട്ടുണ്ടെങ്കിൽ അത് തീർത്തും അപഹാസ്യമായ കാര്യമാണ്.

ജനങ്ങളുടെ നിരക്ഷതയും, അറിവില്ലായ്മയും ചൂഷണം ചെയ്യപ്പെടാനുള്ള സാധ്യതയും തള്ളിക്കളയാവുന്നതല്ല. വർഗ്ഗീയത നമ്മുടെ ശാപമായി മാറിക്കഴിഞ്ഞു. പഞ്ചായത്ത് മെമ്പർമാരെ പോലും മതചിന്തയോടെ തിരഞ്ഞെടുക്കുന്ന ജനങ്ങളും, അവരെ ചൂഷണം ചെയ്യുന്ന രാഷ്ട്രീയപാർട്ടികളും അധികാര വികേന്ദ്രീകരണത്തിന്റെ പാതയിൽ വിഘ്നം സൃഷ്ടിക്കുന്നു.

ഗ്രൂപ്പിസവും, ഭരണകൂടത്തിന്റെ അതിരുകവിഞ്ഞ നിയന്ത്രണവും, സാമ്പത്തിക പരാധീനതയും, നഗരവൽക്കരണവും ഇന്ന് അധികാര വികേന്ദ്രീകരണം നേരിടുന്ന വെല്ലുവിളിയാണ്.

വികസനം ഇന്ന് കേരളത്തിൽ ജനങ്ങളുടെതന്നെ ജീവിതഗന്ധിയായ പ്രശ്നമായി മാറുന്നു. ഇവിടെ നാട്ടിലെ ഏതു വികസന പ്രക്രിയയിലും മനുഷ്യശക്തി സുപ്രധാനമായിതീരുകയും ഓരോ ഘട്ടത്തിലും പൗരനുള്ള ആത്മബന്ധം സുദൃഢമാവുകയും ചെയ്യുന്നു.

ബഹുജന പങ്കാളിത്തം എന്ന ആശയം അതിന്റെ വൈകാരികവും ശിക്ഷണാപരവുമായ പൂർണസാധ്യതയോടെ സാക്ഷാത്കരിക്കുവാൻ കേരളത്തിലെ കഴിഞ്ഞ 10 വർഷത്തിലെ അധികാര വികേന്ദ്രീകരണം കൊണ്ട് ഒരു പരിധിവരെ സാധിച്ചു എന്നുപറയുമ്പോൾ തന്നെ ന്യൂനതകൾ പരിഹരിക്കപ്പെട്ട ഒരു ഉദാത്ത പ്രവർത്തന ശൈലിക്കായി കേരളം കാത്തിരിക്കുന്നു. ഇനിയും അധികാര വികേന്ദ്രീകരണത്തിന്റെ ചിറകേറി വികസന ഗിരിസമുച്ചയങ്ങളിലേയ്ക്ക് പറന്നുയരാൻ നമുക്കു സാധിക്കട്ടെ.





# പോളിയോ മൈലൈറ്റിസ്

ഡോ. തോമസ് വർഗ്ഗീസ് MBBS, DCH, DPH, PHD

പോളിയോ രോഗം ആദ്യമായി കണ്ടുപിടിച്ചത് 1948 ലാണ്. നമ്മുടെ നാട്ടിൽ പലതരം പോളിയോ രോഗങ്ങൾ കണ്ടുവരുന്നുണ്ട്. സാധാരണയായി 5 വയസിനു താഴെയുള്ള കുട്ടികളിലാണ് കാണുന്നത്. താരതമ്യേന നമ്മുടെ സംസ്ഥാനത്ത് വളരെ കുറവാണെങ്കിലും വടക്കേ ഇന്ത്യൻ സംസ്ഥാനങ്ങളിൽ പോളിയോ രോഗം വ്യാപകമായി കാണപ്പെടുന്നു. ഈ രോഗം സ്ത്രീകളെക്കാൾ മൂന്നിരട്ടി പുരുഷന്മാരിലാണുണ്ടാവുക. വേനൽക്കാലത്തും തണുപ്പുകാലത്തുമാണ് ഈ രോഗം കൂടുതൽ ഉണ്ടാവുന്നത്.

**1. പരാലിറ്റിക്ക് പോളിയോമൈലൈറ്റിസ് (paralytic)**

രോഗം പിടിപെട്ടു കഴിഞ്ഞാൽ രോഗിക്ക് 24-48 മണിക്കൂറിനുശേഷം പരാലിസിസ് അഥവാ തളർവാതം ഉണ്ടാകുന്നു. കൈകാലുകളിൽ തളർവാതം പിടിപെടുന്നു. സന്ധികളിലും തളർവാതം ഉണ്ടാകുന്നു.

**2.അബോർട്ടീവ് പോളിയോ മൈലൈറ്റിസ് (Abortive)**

പനി, ചുമ, ഛർദ്ദി, ശ്വാസം മുട്ടൽ, വയറുവേദന, വിശപ്പില്ലായ്മ എന്നിവയാണ് രോഗലക്ഷണം. രോഗം പിടിപ്പെട്ട് കുറച്ചു ദിവസത്തിനു ശേഷം രോഗിക്ക് പുരോഗതി ഉണ്ടാകുന്നു.

**3. Asceptic meningitic forms (അസെപ്റ്റിക്ക് മെനിഞ്ചിറ്റിക് ഫോം)**

രോഗിയുടെ തലച്ചോറിനെ ബാധിക്കുന്ന മെനിഞ്ചറ്റിസ് രോഗം ഉണ്ടാകുന്നു.

**4. Bulbar poliomyelitis: ബൾബാർ പോളിയോമൈലിറ്റിസ്**

ശ്വാസതടസങ്ങൾ, വിഴുങ്ങാനുള്ള ബുദ്ധിമുട്ട്, സംസാരിക്കാൻ ബുദ്ധിമുട്ട് (തടസ്സം) തുടങ്ങിയവ രോഗിയിൽ കാണുന്നു.

Incubation Period : രോഗാണു രോഗിയിൽ പ്രവേശിച്ചാൽ അതിന്റെ സവിശേഷതകൾ കാണിക്കുന്നതിനുള്ള സമയത്തിന് ഇൻകുബേഷൻ പിരിയിഡ് എന്നു പറയുന്നു (IP) പോളിയോ രോഗത്തിന് ഇത് 7-14 ദിവസം വരെയാണ്.

**വൈറസ് ആണ് രോഗാണു**

വൈറസ് അണുവിനെ എന്റെറോ വൈറസ് ഗ്രൂപ്പിൽ പെടുത്താം. ഇവ മൂന്നു തരം ഉണ്ട്.

ഇനം I (Burn hide) (ബൺഹൈഡ്)

ഇനം II (Lansing) (ലാൻസിംഗ്)

ഇനം III (Leon) ( ലിയോൺ)

**എങ്ങനെ തടയാം?**

ഓറൽ പോളിയോ വാക്സിൻ നല്കിയാൽ ഈ രോഗത്തെ തടയാം. കുട്ടികൾക്കുള്ള ഇമ്യൂണൈസേഷൻ ഷെഡ്യൂൾ പ്രകാരം ഓറൽ പോളിയോ വാക്സിൻ നിശ്ചിത സമയങ്ങളിൽ നൽകിയാൽ ഈ രോഗത്തെ തടയാൻ സാധിക്കും.

ഓറൽ പോളിയോ വാക്സിനെ (OPV-ORAL-POLIO VCCCINE) സാബിൻ വാക്സിൻ (SABIN VACCINE) എന്നും പറയപ്പെടുന്നു.

ഒരു ഡോസ് പോളിയോ വാക്സിനകത്ത് താഴെപ്പറയുന്നവ അടങ്ങിയിരിക്കുന്നു.

1.0 മില്ല്യൻ TCID 50 of Poliomyelitis I

0.1 മില്ല്യൻ TCID 50 of Poliovirus II

0.3 മില്ല്യൻ TCID 50 of Poliovirus III

ഓരോ തുള്ളിയിലും 0.05ml വാക്സിൻ അടങ്ങിയിരിക്കുന്നു

**പൾസ് പോളിയോ ഇമ്യൂണൈസേഷൻ എന്താണ്?**

രണ്ടു ഡോസ് പോളിയോ വാക്സിൻ നാലാഴ്ച ഇടവിട്ട് ഇമ്യൂണൈസേഷൻ ഷെഡ്യൂളിനു പുറമെ നൽകുന്നതിനെ പൾസ് പോളിയോ ഇമ്യൂണൈസേഷൻ എന്നു പറയുന്നു. ഇന്ത്യയിൽ നിന്നും പോളിയോ രോഗത്തെ തുടച്ചു നീക്കാനാണ് പൾസ് പോളിയോ ഇമ്മ്യൂണൈസേഷൻ നടത്തുന്നത്.

സാധാരണ പൾസ് പോളിയോ ഡിസംബർ, ജനുവരി മാസങ്ങളിലാണ് നൽകുന്നത്. നഗരസഭാ ഹെൽത്ത് വിഭാഗം, പഞ്ചായത്തുകൾ, ഹെൽത്ത് സർവ്വീസ് എന്നീ സ്ഥാപനങ്ങൾ സംയുക്തമായാണ് ഇതിന് നേതൃത്വം നൽകുന്നത്.

ഇന്ത്യയിൽ ആദ്യമായി പൾസ് പോളിയോ ഇമ്യൂണൈസേഷൻ 1995 ഡിസംബർ 7 ലും 1996 ജനുവരി 20ലുമാണ് നൽകിയത്. 5 വയസ്സിനു താഴെയുള്ള 87 ദശലക്ഷം കുട്ടികൾക്കാണ് ആദ്യം നൽകിയത്. പൾസ് പോളിയോ വാക്സിന് ദൂഷ്യവശങ്ങളൊന്നും ഇല്ല. തികച്ചും സുരക്ഷിതമായി ഉപയോഗിക്കുന്ന വാക്സിനാണ് ഓറൽ പോളിയോ വാക്സിൻ. ചെറിയ പനി, ചുമ, വയറിളക്കം ഉള്ളവർക്കുപോലും ഈ വാക്സിൻ ഉപയോഗിക്കാം.

**ആരോഗ്യ ബോധവൽക്കരണം.**

ശരിയായ ആരോഗ്യബോധവൽക്കരണത്തിലൂടെ മാത്രമേ പോളിയോ വാക്സിൻ എല്ലാവരിലും എത്തിക്കാൻ സാധിക്കുകയുള്ളു. കൂടാതെ ഇതിനെതിരെയുള്ള ദുഷ്പ്രചരണങ്ങളെ തോൽപ്പിക്കാനും സാധിക്കുകയും വേണം. നഗരസഭകളിലും പഞ്ചായത്തുകളിലും JPHN മാർ, JHI മാർ തുടങ്ങിയവർ ബോധവൽക്കരണ ക്ലാസുകൾ (അംഗൻവാടികൾ, LP സ്കൂളുകൾ, കുടുംബശ്രീ, അയൽക്കൂട്ടങ്ങൾ എന്നിവിടങ്ങളിൽ) നൽകി വരുന്നു.

ഓറൽ പോളിയോ വാക്സിൻ പൾസ് പോളിയോ വഴി നൽകി ഇന്ത്യയിൽ നിന്നും പോളിയോ നിർമ്മാർജ്ജനം നടപ്പിൽ വരുത്തുന്ന സർക്കാരിന്റെ ശ്രമങ്ങൾക്ക് സമൂഹത്തിന്റെ മൊത്തം പിന്തുണയും ആവശ്യമാണ്.

*ലേഖകൻ*
*നഗരകാര്യവകുപ്പിലെ ആരോഗ്യവിഭാഗം*
*ജോയിന്റ് ഡയറക്ടറാണ്*

# ഗ്രാമലക്ഷ്മി മുദ്രാലയം വികസനത്തിന്റെ പാതയിൽ



വി.വി. ജോസ്

**1986** സെപ്തംബർ 18–ാം തീയതി ഗ്രാമപഞ്ചായത്തുകൾ അംഗങ്ങളായി ട്രാവൻകൂർ കൊച്ചിൻ ലിറ്റററി സയിന്റിഫിക് ആന്റ് ചാരിറ്റബിൾ സൊസൈറ്റിയുടെ രജിസ്ട്രേഷൻ ആക്ട് പ്രകാരം രൂപീകരിച്ച ഇന്ത്യയിലെ ആദ്യത്തെ സംരംഭമാണ് കേരള റൂറൽ എംപ്ലോയ്മെന്റ് വെൽഫയർ സൊസൈറ്റി (ക്രൂസ്). ഏറ്റവും താഴെ തലത്തിലുള്ള ഗ്രാമപഞ്ചായത്തിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, ആധുനിക ശാസ്ത്രസാങ്കേതിക മേഖലയിൽ തൊഴിൽ പരിശീലനങ്ങൾ നൽകുക എന്നിവയും സൊസൈറ്റിയുടെ ലക്ഷ്യമാണ്. തിരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളിലാണ് സൊസൈറ്റിയുടെ ഭരണചുമതല. തിരുവനന്തപുരത്ത് ആസ്ഥാനമായുള്ള സൊസൈറ്റിയുടെ മൂലധനം പഞ്ചായത്തുകളിൽ നിന്നും ലഭിച്ച ഫണ്ടാണ്.

ക്രൂസിന്റെ ആദ്യസംരംഭമായ ഗ്രാമലക്ഷ്മി മുദ്രാലയം 1987 ൽ പാലക്കാട് കഞ്ചിക്കോട്, ഗ്രാമപഞ്ചായത്തുകളുടെ വിഹിതമായ ഒന്നരകോടി രൂപയുടെ മുതൽ മുടക്കോടെ ആരംഭിച്ചു. മൂന്ന് എച്ച്.എം.ടി നിർമ്മിതമായ ഓഫ്സെറ്റ് അച്ചടി യന്ത്രങ്ങൾ, ഡി.ടി.പി തുടങ്ങി ആധുനിക സജ്ജീകരണങ്ങളോടെ പ്രവർത്തനം തുടങ്ങി. അമ്പത് പേർക്ക് പ്രത്യക്ഷമായും, 100 പേർക്ക് പരോക്ഷമായും ഈ സ്ഥാപനം തൊഴിൽ നൽകി വരുന്നു. കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ആവശ്യമുള്ള രജിസ്റ്ററുകളും, ഫാറങ്ങളും, പഞ്ചായത്തുവകുപ്പിൽ നിന്നും പ്രസിദ്ധീകരിക്കുന്ന പഞ്ചായത്ത് രാജ് മാസികയും, വികസന ഗൈഡ്, ജനന മരണ രജിസ്ട്രേഷൻ ഫാറങ്ങൾ, രജിസ്റ്ററുകൾ, മാത്രമല്ല പഞ്ചായത്ത് വകുപ്പും, സർക്കാരും ആവശ്യപ്പെടുന്ന മറ്റു പ്രിന്റിങ്ങ് പ്രവർത്തനങ്ങളും ഇവിടെ അനുസ്യൂതം നടന്നു വരുന്നു.

ഗ്രാമീണ ജനതയ്ക്ക് തൊഴിൽ മേഖലയിൽ ഒരു പ്രകാശമായി ഗ്രാമലക്ഷ്മി ഉദയം ചെയ്തിട്ട് 20 വർഷം പിന്നിടുകയാണ്. പ്രിന്റിങ്ങ് മേഖലയിൽ പഞ്ചായത്തുകളുടെ ആവശ്യങ്ങൾ നിറവേറ്റുക, എന്ന ലക്ഷ്യമായിരുന്നു തുടക്കത്തിൽ ഗ്രാമലക്ഷ്മിക്ക്. അന്ന് ചെയ്തു തീർക്കുവാൻ കഴിയുമായിരുന്നുവെങ്കിലും പിന്നീട് കടന്നുവന്ന പദ്ധതിയും നിർവ്വഹണപ്രവർത്തനങ്ങളും, കെട്ടിട നിർമ്മാണ ചട്ടങ്ങൾ തുടങ്ങി തുടരെയുള്ള ആവശ്യങ്ങൾക്കൊപ്പം കിലയെപ്പോലുള്ള പരിശീലന കേന്ദ്രങ്ങളുടേയും ആവശ്യങ്ങൾ കൂടി വന്നപ്പോൾ നിലവിലുള്ള മിഷ്യനറികളും തൊഴിലാളികളെയുംവച്ച് മുന്നോട്ടു പോകുവാൻ കഴിയാത്ത ഒരവസ്ഥ സംജാതമായി. ഇപ്പോൾ വളരെ പ്രയാസപ്പെട്ടുകൊണ്ടാണ് ഒരു പരിധിവരെയെങ്കിലും ബന്ധപ്പെട്ടവർക്കെല്ലാം അത്യാവശ്യ സാധനങ്ങൾ പ്രിന്റ് ചെയ്തു നൽകുക എന്ന വെല്ലുവിളി ഏറ്റെടുത്തുകൊണ്ട് ഗ്രാമലക്ഷ്മി മുന്നോട്ട് പോയികൊണ്ടിരുക്കുന്നത്.

ഗ്രാമലക്ഷ്മിയുടെ ഈ വെല്ലുവിളികൾ നേരിടുക എന്ന ലക്ഷ്യത്തോടെ 2 എച്ച്.എം.ടി ഓഫ്സെറ്റ് പ്രിന്റിങ്ങ് മിഷ്യനും, ഒരു കട്ടിംഗ് മിഷ്യനും വാങ്ങുവാനും, പ്രവർത്തനത്തിന് ഒരു പുതിയ പ്ലാന്റ് നിർമ്മിക്കുവാൻ ക്രൂസ് വിപ്ലവകരമായ ഒരു തീരുമാനം കൈക്കൊണ്ടു. ജീവനക്കാരുടെ കാര്യത്തിൽ വ്യക്തമായ തീരുമാനമെടുക്കുവാൻ സർക്കാരിനോട് അഭ്യർത്ഥിക്കുകയും ചെയ്തു.







2008 മാർച്ച് 15, ശനിയാഴ്ച 11 മണിക്ക് പ്രസ്തുത തീരുമാനം സഫലമാകുന്ന മുഹൂർത്തമാണ്. ഗ്രാമലക്ഷ്മി പ്രതീക്ഷയോടെ കാത്തിരിക്കുന്ന രണ്ടാംഘട്ട വികസനത്തിന് നാന്ദികുറിക്കുകയാണ്. കേരള മുഖ്യമന്ത്രി വി.എസ്, അച്യുതാനന്ദൻ പ്ലാന്റ് ഉദ്ഘാടനം നടത്തി, അച്ചടിമേഖലയെ തദ്ദേശസ്ഥാപനങ്ങളുടെ പുരോഗതിക്കായി സമർപ്പിക്കുകയാണ്. കൂടാതെ പ്രിന്റിങ്ങ് മിഷ്യനുകളുടെ ഉദ്ഘാടനം തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി പാലോളി മുഹമ്മദ് കുട്ടിയും പാലക്കാട് എം.പി. എൻ.എൻ. കൃഷ്ണദാസും നിർവ്വഹിക്കും. വളരെ സന്തോഷത്തോടെ ക്രൂസും, ഗ്രാമലക്ഷ്മി ജീവനക്കാരും ഈ ദൗത്യം ഏറ്റെടുക്കുകയാണ്. പ്രിന്റിങ്ങ് മേഖലയിലെ കുറവ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പുരോഗതിക്ക് തടസമാകില്ല എന്നു മാത്രമല്ല, കിലയെയും IKM നെയും പോലുള്ള സ്ഥാപനങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റികൊടുക്കുക എന്ന വെല്ലുവിളിയും ഏറ്റെടുക്കുവാൻ ഗ്രാമലക്ഷ്മിക്ക് സാധിക്കും എന്ന വിശ്വാസത്തിലാണ് മാനേജ്മെന്റും, ജീവനക്കാരും.

തൊഴിൽ മേഖലയിൽ (പ്രിന്റിങ്ങ്) ഇനിയും ഗ്രാമീണ യുവാക്കൾക്ക് അവസരം സൃഷ്ടിക്കുവാൻ ക്രൂസ് ഡയറക്ടർ ബോർഡ് തീരുമാനമെടുത്തിരിക്കുകയാണ്. ക്രൂസ് പ്രസിഡന്റ് ഡി. സദാശിവന്റെയും മാനേജിംഗ് ഡയറക്ടർ ഡോ. വി.എം. ഗോപാലമേനോൻ, ഐ.എ.എസ്സിന്റേയും നേതൃത്വത്തിൽ പ്രിന്റിങ്ങ് ടെക്നോളജിയിൽ ITC, Diploma Course ആരംഭിക്കുക എന്ന ലക്ഷ്യത്തോടെയുള്ള ചർച്ചകൾ പുരോഗമിക്കുകയാണ്.

20 വർഷത്തെ പ്രവർത്തനത്തിൽ നിന്നും പാഠങ്ങൾ ഉൾക്കൊണ്ട്, രണ്ടാംഘട്ടവികസനത്തിന്റെ പുത്തൻ ഉണർവോടെ, കഞ്ചിക്കോട് ഇന്റസ്ട്രിയൽ മേഖലയിൽ, പാലക്കാടൻ മലനിരകളോട് ചേർന്നു കിടക്കുന്ന ഗ്രാമലക്ഷ്മി മുദ്രാലയം അച്ചടി മേഖലയിൽ ഒരു കുതിച്ചുചാട്ടത്തിന് ഒരുങ്ങുകയാണ്. ഒരു പൊതു മേഖലാ സ്ഥാപനത്തിന്റെ കുറവുകൾ ഒത്തിരിയുണ്ടെങ്കിലും, നിലവിലുള്ള ജീവനക്കാരുടെ ആത്മാർത്ഥമായ പ്രവർത്തനത്തിലൂടെ ഒരു ഉയർത്തെഴുന്നേൽപ്പിന്റെ അനിവാര്യതയിലാണ് ഗ്രാമലക്ഷ്മി. ജീവനക്കാരുടെ സ്റ്റാഫ്പാറ്റേൺ, പ്രമോഷൻ തുടങ്ങി പരിഹരിക്കപ്പെടാത്ത പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ട്. 20 വർഷം മുമ്പ് ആരംഭിച്ച തസ്തികകൾ, ജോലിഭാരത്തിലെ ദൈനംദിന വർദ്ധന തുടങ്ങി പരിഹരിക്കപ്പെടേണ്ട വിഷയങ്ങൾ നിരവധിയുണ്ട്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ആവശ്യമുള്ള പ്രിന്റിങ്ങ് സ്റ്റേഷനറി തുടങ്ങി എല്ലാം നൽകുവാൻ കഴിയുന്ന, യുവാക്കൾക്ക് കോഴ്സുകൾ നൽകുവാൻ കഴിയുന്ന, കുടിൽ വ്യവസായ മേഖലയെ പ്രോത്സാഹിപ്പിച്ച് ഉൽപ്പാദന മേഖലയിൽ പുത്തൻ ഘടന ആവിഷ്ക്കരിക്കുന്ന ഒരു സ്ഥാപനമായി മാറുവാൻ ഈ രണ്ടാംഘട്ട വികസനത്തിന് സാധിക്കും എന്നാണ് പ്രതീക്ഷ. എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയും സഹായസഹകരണത്തോടെ ലക്ഷ്യം സാക്ഷാത്ക്കരിക്കാൻ കഴിയും എന്ന ശുഭാപ്തി വിശ്വാസത്തോടെ മുന്നേറുകയാണ് ഗ്രാമലക്ഷ്മി.

*ലേഖകൻ*
*ഗ്രാമലക്ഷ്മി മുദ്രാലയം*
*ജനറൽ മാനേജരാണ്*



ലേഖനപരമ്പര-13

വി. സുഭാഷ്ചന്ദ്രബോസ്

# നീർതടാധിഷ്ഠിത വികസനവും എൻജിനീയറിംഗ് നിർമ്മിതികളും

ഓരോ നീർതടപ്രദേശത്തിന്റെയും സമഗ്രവും സ്ഥായിയുമായ വികസനപ്രവർത്തനങ്ങളുടെ ഭാഗമായി നിരവധി എൻജിനീയറിംഗ് നിർമ്മിതി പ്രവർത്തനങ്ങൾ നടപ്പിലാക്കേണ്ടി വരും. മണ്ണ്- ജല സംരക്ഷണത്തിലൂടെ ആവാസ വ്യവസ്ഥകൾ രൂപപ്പെടുവാനും കാർഷിക വികസനത്തിനും ജലസമൃദ്ധിക്കും വേണ്ടി ധാരാളം സാങ്കേതിക രീതികളും മാർഗങ്ങളും ലഭ്യമാണ്. ഓരോ പ്രദേശത്തിന്റെയും ഭൂമി ശാസ്ത്രപരമായ സവിശേഷതകൾ, അസംസ്കൃതപദാർത്ഥങ്ങളുടെയും മറ്റു അനുബന്ധ ഘടകങ്ങളുടെയും ലഭ്യത എന്നിവയൊക്കെ പരിഗണിച്ച് ഏറ്റവും അനുയോജ്യമായതും സാമ്പത്തികചെലവ് താരതമ്യേന കുറഞ്ഞതുമായി മാർഗ്ഗങ്ങളാണ് അവലംബിക്കേണ്ടത്.

വിവധങ്ങളായ എൻജിനീയറിംഗ് രീതികൾ ചുവടെ ചേർക്കുന്നു.

ഏറ്റവും ഉയർന്ന ഭൂഭാഗം മുതൽ താഴേയ്ക്ക് **(Ridge to valley)** എന്ന രീതിയിലായിരിക്കണം പ്രവർത്തനങ്ങൾ നടപ്പിലാക്കേണ്ടത്.

### 1. ഭൂമിയെ തട്ടുകളാക്കൽ

ചരിഞ്ഞ ഭൂപ്രദേശങ്ങളിൽ ചരിവുകൾക്ക് കുറുകെ മേൽ ഭാഗത്തെ മണ്ണിളക്കി താഴ്ന്ന ഭാഗത്തിട്ട് ഭൂമിയെ വ്യത്യസ്തങ്ങളായ തട്ടുകളായി തരം തിരിക്കാവുന്നതാണ്. തട്ടുകളാക്കുന്നതിലൂടെ ജലത്തെ കൂടുതൽ ഭൂമിയിൽ താഴ്ത്തുവാനും മണ്ണൊലിപ്പിന്റെ ആഘാതം കുറയ്ക്കുവാനും കഴിയുന്നു. ചരിവിന്റെ താഴെ ഭാഗത്തെ മണ്ണ് ഉറപ്പിക്കുകയും രാമച്ചം പോലുള്ള ചെടികളും പുല്ലുകളും വച്ചു പിടിപ്പിക്കുന്നതും നല്ലതാണ്. ചരിവ് കൂടിയ പ്രദേശങ്ങളിൽ വൃക്ഷത്തൈകൾ വച്ച് പിടിപ്പിക്കണം.

### 2. കല്ലുകയ്യാലകൾ

ചരിവുകൂടിയ പ്രദേശങ്ങളിലാണ് കല്ലു കയ്യാലകൾ സാധാരണയായി തയ്യാറാക്കേണ്ടത്. പ്രാദേശികമായി ലഭിക്കുന്ന പാറകളും ചെങ്കല്ലുകളും ഉപയോഗിച്ച് ഇവ നിർമ്മിക്കാവുന്നതാണ്. ഒരു ഹെക്ടറിൽ ശരാശരി 800 മുതൽ 1200 വരെ ചതുരശ്രമീറ്റർ അളവിൽ കയ്യാല തയ്യാറാക്കുന്നതാണ് ഉചിതം. കയ്യാലകൾക്കിടയിൽ വരമ്പുകൾ തീർത്ത് കയ്യാലകളുടെ അകലം വർദ്ധിപ്പിക്കുവാൻ കഴിയും കല്ലു കയ്യാലകൾ ബലപ്പെടുത്തുവാനായി വിവിധ സസ്യങ്ങൾ നടുന്നത് നല്ലതാണ്.

### 3.മൺ കയ്യാലകൾ

ചരിവു കുറഞ്ഞ പ്രദേശങ്ങളിൽ മൺ കയ്യാലകളും മൺതിരണകളും നിർമ്മിക്കുന്നതിലൂടെ മണ്ണ്- ജലസംരക്ഷണം ഉറപ്പാക്കാവുന്നതാണ്. മൺബണ്ടുകൾക്കുമുകളിൽ വിവധയിനം ചെടികളും സസ്യങ്ങളും വച്ചു പിടിപ്പിച്ചാൽ അവ കൂടുതൽ ബലമുള്ളതായി മാറുന്നതാണ്. സമോച്ച രേഖകൾ മനസിലാക്കി മൺകയ്യാലകൾ പണിയുന്നതാണ് ഏറ്റവും ശാസ്ത്രീയമായ രീതി.

### 4. സമോച്ച രേഖ ചാലുകൾ

ചരിവിനു കുറുകെ നീളത്തിൽ വീതി കുറച്ച് ചാലുകൾ തയ്യാറാക്കുന്നതിലൂടെ ജലത്തിന്റെ നീരൊഴുക്കു വേഗത കുറയ്ക്കാവുന്നതാണ്. ഇടവിട്ട പ്രദേശങ്ങളിലായി ആഴം കുറച്ച് ചാലുകൾ തീർക്കുന്നത് നന്നാണ്.

### 5. നീർക്കുഴികൾ/ മഴക്കുഴികൾ

പറമ്പുകളിൽ വീഴുന്ന ജലം അതാതിടങ്ങളിൽ പരമാവധി താഴ്ത്തുവാൻ മഴക്കുഴികളിലൂടെ കഴിയുന്നതാണ്. മണ്ണിലെ ജലാംശതോതു വർദ്ധിപ്പിക്കുവാനാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. ഇടനാട് പ്രദേശങ്ങളിൽ വ്യാപകമായി ഇടവിട്ട് ഇവ എടുക്കാവുന്നതാണ്. ചരിവ് കൂടിയ പ്രദേശങ്ങളിൽ ധാരാളമായെടുത്താൽ ഉരുൾപ്പൊട്ടൽ പോലുള്ളവയുണ്ടാകുവാനുള്ള സാധ്യതയുണ്ട്. തീരപ്രദേശങ്ങളിൽ മഴവെള്ളം കെട്ടി നിൽക്കുവാനും കൊതുകുൾപ്പെടെ വളരുവാനും സാധ്യതയുണ്ട്. ചരിവു കുറഞ്ഞ, രണ്ടോ മൂന്നോ ദിവസം ജലം കെട്ടി നിൽക്കാത്ത, കുഴിക്കുമ്പോൾ കളിമണ്ണിന്റെ അംശം കുറഞ്ഞ ഏതു പറമ്പിലും മഴക്കുഴി തീർക്കാവുന്നതാണ്. മറ്റ് വിളകൾക്കിടയിലും തെങ്ങിൻ പറമ്പുകളിലും നിർമ്മിക്കുന്നത് ഗുണകരമാണ്. ആഴം കുറഞ്ഞ കുഴികൾ ഒരു ഹെക്ടറിൽ 100 മുതൽ 200 വരെയാകാം.

### 6. തടമെടുക്കൽ

പുരയിടങ്ങളിൽ വീഴുന്ന മഴ അതാതിടങ്ങളിൽ താഴുവാനും കൂടുതൽ സമയം തങ്ങി നിന്ന് സാവധാനം ഊർന്നിറങ്ങുവാനുമാണ് തടമെടുക്കുന്നത്. ഓരോ വിളകൾക്കും ചുറ്റുമായിട്ടാണ് സാധാരണയായി ഇവ നിർമ്മിക്കുന്നത്. ഇങ്ങനെ തയ്യാറാക്കുന്ന തടങ്ങളിൽ ചപ്പുചവറുകളും സസ്യാവശിഷ്ടങ്ങളും നിറച്ചാൽ ബാഷ്പീകരണം കുറയ്ക്കുവാനും മണ്ണിന്റെ ഫലഭൂയിഷ്ഠി വർദ്ധിപ്പിക്കുവാനും കഴിയുന്നതാണ്. തെങ്ങിനുൾപ്പെടെ ഇവ വ്യാപകമായി തയ്യാറാക്കിവരുന്നു.

### 7. പാർശ്വഭിത്തി നിർമ്മാണം

കുളങ്ങൾ, നദികൾ, മറ്റ് ജലസ്രോതസ്സുകൾ എന്നിവയുടെ സംരക്ഷണത്തിന്റെ ഭാഗമായി വിവിധ ഭാഗങ്ങളിൽ പാർശ്വഭിത്തികൾ പ്രയോജനപ്പെടുത്താവുന്നതാണ്. തോടുകളുടെയും മറ്റ് വശങ്ങൾ ഇടിഞ്ഞു നശിക്കാതെ സംരക്ഷിക്കുവാൻ ഇതിലൂടെ കഴിയുന്നു. കുളങ്ങളുടെ വശങ്ങൾ കെട്ടിസംരക്ഷിക്കപ്പെടണം.

### 8. തടയണകൾ

നീരൊഴുക്കു പ്രദേശങ്ങളിൽ അവയുടെ വേഗത നിയന്ത്രിച്ച് ജലസംഭരണശേഷി വർദ്ധിപ്പിക്കുവാനാണ് സാധാരണയായി തടയണകൾ നിർമ്മിക്കുന്നത്. നദികളിലും തോടുകളിലുമാണ് പ്രധാനമായും തടയണകൾ തയ്യാറാക്കുന്നത്. വ്യത്യസ്ത തലങ്ങളിൽ ഇവ നിർമ്മിക്കുവാൻ കഴിയും. അതുപോലെ ഉയർന്ന ഭൂഭാഗങ്ങളിലും ചരിവു പ്രദേശങ്ങളിലെ നീരൊഴുക്കു മേഖലകളിലും ഇവ തയാറാക്കാറുണ്ട്.

#### 1. ഗള്ളി കൺട്രോൾ തടയണകൾ

ചരിവു പ്രദേശങ്ങളിൽ കാണപ്പെടുന്ന നീർച്ചാലുകളെയാണ് ഗള്ളികൾ എന്ന് പറയപ്പെടുന്നത്. ഇത്തരം പ്രദേശങ്ങളിൽ പ്രാദേശിക വസ്തുക്കളുപയോഗിച്ച് തടസ്സങ്ങൾ സൃഷ്ടിക്കുകയും നീരൊഴുക്കിന്റെ ആഘാതം കുറയ്ക്കുകയും ചെയ്യാവുന്നതാണ്. പാറകൾ, പാഴ്തടികൾ എന്നിവ ഉപയോഗിച്ചാണ് ഇവ നിർമ്മിക്കുന്നത്.

#### 2. കല്ലടുക്ക് തടയണകൾ

നീരൊഴുക്കിന്റെ വേഗത കുറക്കുവാൻ നീരൊഴുക്കിന്റെ ദിശയ്ക്കു കുറുകെ കല്ലുകളടുക്കി തടയണകൾ സൃഷ്ടിക്കാറുണ്ട്. ചില പ്രദേശങ്ങളിൽ കല്ലടുക്കുകളിൽ സിമന്റ് തേച്ച് ബലപ്പെടുത്തേണ്ടിവരും. താഴ്ന്ന പ്രദേശങ്ങളിൽ ശരിക്കും കല്ലുകൾ ഭംഗിയായി അടുക്കിയാൽ മതിയാകും. മുകൾ ഭാഗം മാത്രം ചിലപ്പോൾ സിമന്റ് തേയ്ക്കേണ്ടിവരും.

#### 3. ഗേബിയൻ തടയണകൾ

ചരിവ് കൂടിയ പ്രദേശങ്ങളിൽ വേലി കമ്പികൊണ്ടുള്ള വലകൾ തയാറാക്കി അവയിൽ കല്ലുകൾ നിറയ്ക്കും. ചിലയിടങ്ങളിൽ ഭംഗിയായി കല്ലടുക്കിയശേഷം പുറവശം ഇത്തരം ഇരുമ്പു നെറ്റുകളുപയോഗിച്ച് ബലപ്പെടുത്തുന്നരീതിയും പ്രചാരത്തിലുണ്ട്.കല്ലുകൾ കൂട്ടിയോജിച്ചിരിക്കുന്നതിനാൽ മണ്ണൊലിപ്പ് തടയുവാൻ സാധിക്കുന്നു.



#### 4. സസ്യ തടയണകൾ

നീർചാലുകളുടെ പ്രാരംഭസ്ഥലങ്ങളിലും ഒഴുക്കുകുറഞ്ഞ മറ്റ് പ്രദേശങ്ങളിലും സസ്യങ്ങളുടെയും ചെടികളുടെയും സഹായത്താലാണ് ഇത്തരം പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത്.

#### 5. പാഴ്തടികളുപയോഗിച്ചുള്ള തടയണകൾ

ഉണങ്ങിയ പാഴ്തടികളുപയോഗിച്ച് നദികളിലും മറ്റ് നീരൊഴുക്കുപ്രദേശങ്ങളിലും ഇത്തരം രീതികൾ പരീക്ഷിക്കാറുണ്ട്. പാഴ്തടികൾ കൂട്ടികെട്ടി സ്ഥാപിച്ച് നീരൊഴുക്ക് നിയന്ത്രിക്കുവാൻ കഴിയും. തടികളോടൊപ്പം ചില്ലകളും വിവിധയിനം പുല്ലുകളും ഉപയോഗിച്ചു വരുന്നു.

#### 6. പുലിമുട്ടുകൾ

നദികളുടെയും തോടുകളുടെയും കരയിടിച്ചാൽ ഒഴിവാക്കുവാനായി കരിങ്കല്ല്, കോൺക്രീറ്റ് എന്നിവ ഉപയോഗിച്ച് പുലിമുട്ടുകൾ തീർക്കാറുണ്ട്. മരക്കുറ്റികളും കല്ലുകളുമുപയോഗിച്ചുള്ള കുതിരമുള്ളുകളും പ്രയോഗിച്ചു വരുന്നു.

#### അടിയണകൾ

നദികളിലും തോടുകളിലും പറമ്പുകളിലും അടിയണകൾ നിർമ്മിക്കുന്നു. ചരിവ് കുറഞ്ഞ അടിത്തട്ടും മണൽതിട്ടയ്ക്ക് ആഴവും കൂടുതലുണ്ടെങ്കിൽ നദികൾക്ക് കുറുകെ മണൽനീക്കംചെയ്ത് അടിയണകൾ തയാറാക്കാവുന്നതാണ്. വേനൽക്കാലത്തെ നീരൊഴുക്കു കുറയ്ക്കുവാൻ ഇവ സഹായകമാണ്. മഴക്കാലത്ത് ഇവയ്ക്കു മുകളിലൂടെ ജലം ധാരാളമായി ഒഴുകി പോകുന്നതിന് തടസ്സമൊന്നുമില്ല. ജല വിതാനം കുറയുമ്പോൾ പരമാവധി ജലം സംരക്ഷിക്കുവാൻ ഈ സംവിധാനത്തിലൂടെ കഴിയും.

പറമ്പുകളിൽ ഭൂമിക്കടിയിൽ ഉപോപരിതല തടയണകൾ അഥവാ ഭൂഗർഭതടയണകൾ നിർമ്മിക്കുന്ന രീതിയും പ്രചാരത്തിലുണ്ട്.

ഇവയുടെ സഹായത്താൽ ഭൂമിയുടെ ജലവിതാനതോത് ഉയർത്തുവാനും ഭൂഗർഭജലസമ്പത്ത് വർദ്ധിപ്പിക്കുവാനും കഴിയുന്നു.

മേൽപ്പറഞ്ഞവ കൂടാതെ നദികളിലെയും തോടുകളിലെയും ജലം പ്രയോജനപ്പെടുത്തുവാനായി വിവിധതരം വിയറുകളും ചീർപ്പുകളും നിർമ്മിക്കാറുണ്ട്. എൻജിനീയറിംഗ് സാങ്കേതിക വിദ്യകളോടൊപ്പം തന്നെ പ്രധാനപ്പെട്ട മേഖലകളാണ്, കാർഷികരീതികളും ജൈവമുറകളും. വിവിധങ്ങളായ കാർഷിക ഇടപെടലുകളിലൂടെ മണ്ണിന്റെ ജലശേഷി വർദ്ധിപ്പിക്കാവുന്നതാണ്.

*(തുടരും)*

*ലേഖകൻ*
*'മഴകേന്ദ്രം' സ്റ്റേറ്റ് മാനേജരാണ്.*
*കൂടുതൽ വിവരങ്ങൾക്ക്*
Ph: 0471-2337002, Mob: 9847547881
E-mail: subhashchandrabosss@yahoo.com



രാജീവ് പെരുമൺപുറ

# മണൽ ചില ജീവൽ പ്രശ്നങ്ങൾ

നാട്ടിൽ ആകമാനമുള്ള കെട്ടിടങ്ങളുടെ നിർമ്മാണത്തിന് അവശ്യവസ്തുവായ ആറ്റുമണൽ ശേഖരിക്കുന്നത് ഏതാനും ചില പുഴകളിൽ നിന്നുമാത്രമാണ്. ഇതുവരെ ബദൽ കണ്ടെത്താത്ത ഈ അസംസ്കൃത വസ്തു ഇന്ന് ഏറെ ചർച്ചയും കോലാഹലങ്ങളും സൃഷ്ടിക്കുന്നു.

2001-ൽ രൂപം കൊടുത്ത കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണ ആക്ടും 2002ലെ ചട്ടങ്ങളും അനുസരിച്ചാണ് ഇപ്പോൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. നിയമത്തിൽ തന്നെ ഒട്ടനവധി പോരായ്മകൾ ഉള്ളതും, ഉള്ള നിയമങ്ങൾ ലംഘിക്കപ്പെടുന്നതും പ്രശ്നങ്ങൾ സങ്കീർണ്ണമാക്കുന്നു.

2001-നു മുൻപ് ലേല സമ്പ്രദായമായിരുന്നു നിലവിൽ ഉണ്ടായിരുന്നത്. ലക്ഷക്കണക്കിനു രൂപയ്ക്ക് ലേലം വിളിച്ച് മണലെടുക്കാൻ ഉള്ള കുത്തകാവകാശം കൈപറ്റുന്നവർ അതിന്റെ പത്തും ഇരുപതും മടങ്ങ് അധികവിഭവം ചൂഷണം ചെയ്തപ്പോൾ, ഇത് പുഴയുടെ മരണം ആസന്നമാക്കും എന്ന തിരിച്ചറിവ് പ്രസ്തുത സമ്പ്രദായം ഉപേക്ഷിക്കാൻ കാരണമായി. 2000 ലെ 16272-ാം നമ്പർ ഒ.പിയിലെ 26-3-2001 ൽ ഉണ്ടായ ഉത്തരവിൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ പരാമർശങ്ങൾ കണക്കിലെടുത്തു കൂടിയാണ് 2001-02ലെ ആക്ടും ചട്ടവും സർക്കാർ ഉണ്ടാക്കിയത്. ഈ ചട്ടങ്ങൾക്ക് വിധേയമായാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പിന്നീട് പ്രവർ ത്തിച്ചുവന്നത്. ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡ് ഉള്ള അംഗീകൃത തൊഴിലാളികൾ നമ്പറിട്ട തോണികളിൽ അംഗീകൃത കടവുകളിൽ നിന്നും നേരിട്ട് മണൽ ശേഖരിച്ച് പാതാറിൽ വച്ച് പഞ്ചായത്ത് ചുമതലപ്പെടുത്തുന്ന ആളുടെ പക്കൽ നിന്നും (റൈറ്റർ) പണം അടച്ച് പി.ഫോറം കൈപ്പറ്റുന്ന രീതിയാണ് തുടർ ന്നുവന്നത്. ഇതുപ്രകാരം ജില്ലാ കളക്ടർ ചെയർമാനായുള്ള ജില്ലാ വിദഗ്ധ സമിതിയും കടവ് കമ്മിറ്റിയും നിശ്ചയിച്ച വ്യവസ്ഥകൾ പ്രകാരം മണൽ വിൽപ്പന നടത്തപ്പെടുന്നു. 3 ടൺ, 5 ടൺ എന്ന രീതിയിലാണ് അളവുകൾ നിജപ്പെടുത്തിയത്. ഇതിന്റെ ശരാശരി വിലവിവരം താഴെ പറയും പ്രകാരമാണ്.

| ഐറ്റം | 3 ടൺ | 5 ടൺ |
|---|---|---|
| വില | 593 | 988 |
| കൂലി | 455 | 690 |
| റൈറ്റർ കൂലി | 7 | 7 |
| പാതാർ ചെലവ് | 34 | 34 |
| റോയൽറ്റി | 30 | 50 |
| വാറ്റ് (4%) | 23 | 38 |
| R.M.F (50%) | 27 | 84.50 |
| പഞ്ചായത്ത് 50% | 27 | 84.50 |

*പഞ്ചായത്തുകൾക്കും കടവുകൾക്കും അനുസരിച്ച് ഇതിൽ ചെറിയ ഏറ്റക്കുറച്ചിലുകൾ ഉണ്ടാകും.*

പഞ്ചായത്ത് വിഹിതത്തിൽ നിന്നും പി.ഫോം അച്ചടിക്കുവാനുള്ള ചെലവ്, മൈനിംഗ് ആന്റ് ജിയോളജിയിൽ പി.ഫോം സീലു ചെയ്യിക്കാൻ 2 ഇടവിട്ട ദിവസങ്ങളിൽ പോവുന്ന ഉദ്യോഗസ്ഥനു നൽകുന്ന യാത്രാബത്ത, എഴുത്തുകുത്തുകൾ നടത്തുന്ന ഉപരിമണ്ഡല ഗുമസ്തനുനൽകുന്ന ശമ്പളം, എല്ലാം കിഴിച്ചാൽ എന്താണ് നാട്ടിലെ വികസന പ്രവർത്തനങ്ങൾക്കു നീക്കിവയ്ക്കാൻ ഗ്രാമപഞ്ചായത്തുകൾക്ക് അവശേഷിക്കുക എന്നതും ഗുരുതരമായ ചിന്താവിഷയമാണ്.

കടവിലും സമീപമുള്ള റോഡുകളിലുമായി പാർക്കു ചെയ്യുന്ന വാഹനങ്ങൾ മണൽ കയറ്റി ആവശ്യക്കാരന്റെ അടുത്തേയ്ക്ക് 100 കിലോമീറ്റർ വേഗതയിൽ പായുന്നു. വായിൽ തോന്നുന്നത് കോതയ്ക്ക് പാട്ട് എന്ന രീതിയിൽ ഓരോ വാഹന ഉടമയും അവർക്ക് തോന്നുന്ന വില ഉപഭോക്താവിൽ നിന്നും ഈടാക്കുന്നു. 3000 മുതൽ 8000 വരെ ഈ വില പോകുന്നു. യാതൊരു മാനദണ്ഡങ്ങളും ഇതിൽ പാലിക്കപ്പെടുന്നില്ല. ഉപഭോക്താവിന് ലഭിക്കേണ്ട ബില്ലോ മറ്റോ ലഭിക്കുന്നില്ല. വർദ്ധിത വില ഈടാക്കാൻ വണ്ടിക്കാർ പറയുന്ന ന്യായം രണ്ടോ മൂന്നോ ദിവസം കടവിൽ കാത്തു കെട്ടികിടന്നിട്ടാണ് തങ്ങൾക്ക് ഒരു ലോഡ് ലഭിക്കുന്നത് എന്നതാണ്. മണലിനെ മാത്രം ആശ്രയിച്ച് വണ്ടിയെടുത്ത് അമിതലാഭം പ്രതീക്ഷിച്ച ആളുകളുടെ കടന്നുകയറ്റമാണ് ഈ മേഖലയിൽ മാറ്റങ്ങൾ വരുത്തിയത്. കരിങ്കല്ല്, ചെങ്കല്ല്, മണ്ണ് തുടങ്ങിയ അസംസ്കൃത വസ്തുക്കൾ പോലെയുള്ള ഒന്നാണ് മണലും എന്ന രീതിയിലേയ്ക്ക് കാര്യങ്ങൾ മാറേണ്ടതുണ്ട്. കടവിൽ ആദ്യം എത്തുന്നവൻ ഒന്നാമൻ എന്നതിനാൽ മണൽ കയറ്റിയ വണ്ടികളുടെ അമിതവേഗത ഇതിനകം തന്നെ എത്രയോ ജീവൻ അപഹരിച്ചുകഴിഞ്ഞതും സ്മരണീയമാണ്.



അമിതവില നൽകി മണൽ വാങ്ങുന്ന ഉപഭോക്താവിന് ന്യായമായും ലഭിക്കേണ്ട അളവ് ലഭിക്കുന്നുണ്ടോ? ഇല്ല എന്നതാണ് ഏകസ്വരം 3 ടൺ, 5 ടൺ എന്നതാണ് അളവ്. എന്നാൽ മണൽ തൊഴിലാളികൾക്ക് ലോഡുകളുടെ എണ്ണത്തിനനുസരിച്ച് കൂലി ലഭിക്കുന്നു എന്നതിനാൽ മണലിന്റെ അളവ് കുറച്ച് ലോഡിന്റെ എണ്ണം വർദ്ധിപ്പിക്കുന്നു. 3 ടൺ പലപ്പോഴും രണ്ടും രണ്ടരയും, 5 ടൺ നാലു നാലരയും ആയി മാറുന്നു. അളന്നുനോക്കാൻ ഉപകരണമില്ലാത്ത ഉപഭോക്താവ് വണ്ടിയുടെ ബോഡി ലവലിൽ മണൽ ഉണ്ടോ എന്നു മാത്രം നോക്കുന്നു. എന്നാൽ അടിപ്പലകയും സൈഡ് പലകയും വച്ച് നിലവിലുള്ള വണ്ടിക്ക് മാറ്റം വരുത്തിയത് ഉപഭോക്താവ് അറിയുന്നില്ല. അഥവാ കടവിൽ നിന്നും അധികം മണൽ ലഭ്യമായാൽ അതിൽ നിന്നും കുറച്ചുകൊട്ട മണൽ റോഡരികിൽ തട്ടി അടുത്തത് ഡബിൾ ലോഡ് ആക്കിയോ മറ്റൊരു സിംഗിൾ ലോഡ് ആക്കിയോ കൊള്ള നടത്തുന്ന വിരുതന്മാരും ഉണ്ട്.

പത്തും ഇരുപതും വണ്ടിയുള്ള ചില വമ്പന്മാർ എല്ലാ കടവിൽ നിന്നുമായി മണൽ ശേഖരിച്ച് സ്റ്റോക്ക് ചെയ്യുന്നു. പാറപ്പൊടിയും, ബീച്ച് മണലും കൂട്ടികലർത്തുകയും കൃത്രിമ ക്ഷാമം സൃഷ്ടിച്ച് വില വർദ്ധിപ്പിക്കുകയും ഇഷ്ടാനുസരണം വിതരണം ചെയ്യുകയും ചെയ്യുന്നു. ഇത് സാമൂഹിക ക്രമം തെറ്റിക്കുന്നു. കഴിഞ്ഞ 5 വർഷം മാഫിയകളുടെ ആഹ്ലാദവും തോന്നിയവാസങ്ങളും അരങ്ങേറിയ വർഷങ്ങളാണ്. അനധികൃതമായി കൊണ്ടുപോവുന്ന മണൽ പിടിച്ചെടുക്കാൻ ചട്ടപ്രകാരം അധികാരപ്പെട്ട പോലീസും റവന്യൂ ഉദ്യോഗസ്ഥരും പലപ്പോഴും മാഫിയയുടെ പണത്തിനു മുൻപിൽ വീണുപോകുന്നു. മാത്രമല്ല, പിടിച്ചെടുക്കുന്ന വണ്ടി 15000 രൂപ ഫൈൻ അടച്ച് പോലീസ് സ്റ്റേഷനിൽ നിന്ന് വിടുതൽ നേടുന്നതും മാഫിയകൾക്ക് തഴച്ചു വളരാൻ കാരണമായി. മൊബൈൽ ഫോണും വണ്ടിയുമായി മുൻപിലും പിൻപിലും വിവരം നൽകാൻ പ്രത്യേക സംഘം നീങ്ങി ഗതി നിയന്ത്രിച്ച് അധികാരികളുടെ കണ്ണുവെട്ടിക്കുന്നു. 7 വർഷമായി കൂലി വർദ്ധിക്കാത്ത മണൽ തൊഴിലാളി മാഫിയകളുടെ പ്രലോഭനങ്ങളിൽ അനധികൃതമായി ആറ്റുമണൽ എടുത്തുനൽകുമ്പോൾ നാടിനേയും വിഭവത്തെയും നഗ്നമായി ചൂഷണം ചെയ്യുകയാണെന്നറിയുന്നില്ല. നിരോധിച്ച കൊല്ലിവല ഇതിനുവേണ്ടി പലപ്പോഴും ഇവർ ഉപയോഗിക്കുന്നു. സംഘടിത തൊഴിലാളികളായിട്ടും ന്യായപ്രകാരം ലഭിക്കേണ്ട യാതൊരു ആനുകൂല്യവും മണൽ തൊഴിലാളിക്കില്ല. നാട്ടിലെ തൊഴിൽ വ്യവസ്ഥകൾ പലപ്പോഴും ലംഘിക്കപ്പെടുകയും അരാജകത്വത്തിലേയ്ക്ക് നീങ്ങുകയും ചെയ്യുന്ന നീക്കങ്ങൾ-ഈ സംഭവം ആപത്കരമാണ്.

ഏറ്റവും ലാഭകരമായ ഒരു ബിസിനസാണ് മണൽ കടത്ത് എന്ന് തിരിച്ചറിഞ്ഞ ആളുകൾ വണ്ടികൾ അടവിനുവാങ്ങി ഈ രംഗത്തേയ്ക്ക് അമിതമായി കടന്നുവരുന്നു. രണ്ടോ മൂന്നോ വണ്ടിയിൽ ഒരു ഡ്രൈവർ എന്ന നിലയിൽ വരെ കാര്യങ്ങൾ നീങ്ങുന്നു. എഴോളം ആളുകൾക്ക് തൊഴിലുണ്ടായിരുന്ന കയറ്റിറക്ക് ഇന്ന് ഒരു ടിപ്പർ മാത്രം നിർവഹിക്കുന്നു. ഈ മേഖലയിലെ തൊഴിൽ ലഭ്യത അനുദിനം കുറഞ്ഞുവരികയാണ് ചെയ്യുന്നത്. സംഘടനയും യൂണിയനും - ആവശ്യമില്ലാത്ത രീതിയിലേയ്ക്ക് കാര്യങ്ങൾ നീങ്ങുന്നു. ഡ്രൈവർമാരുടെയും കയറ്റിറക്ക് തൊഴിലാളികളുടെയും ജീവിത സുരക്ഷയെകുറിച്ച് ഒന്നും ശബ്ദിക്കുന്നില്ല. യാതൊരു ആനുകൂല്യങ്ങളും ഇല്ലാത്ത അസംഘടിത തൊഴിലാളികൾ ആയി ഇവർ മാറ്റപ്പെടുന്നു. ആഗോളവൽക്കരണത്തിന്റെ വർത്തമാനകാല ഇരകളായി തങ്ങൾ മാറുകയാണെന്ന സത്യം അവർ അറിയുന്നില്ല.


നദിയുടെ ജൈവഭൗതിക വ്യവസ്ഥയെ തകരാറിലാക്കുന്ന മണലൂറ്റ് തടയാൻ ബഹു. കേരള ഹൈക്കോടതിയുടെ ഉത്തരവനുസരിച്ച് മൺസൂൺ തുടങ്ങുന്ന ജൂൺ മാസം മുതൽ തുടർച്ചയായി മൂന്നുമാസം മണൽ ഖനനത്തിന് നിരോധനമാണ്. ശക്തമായ ഒഴുക്കിൽപ്പെട്ട് പാറക്കല്ലുകൾ പൊടിഞ്ഞ് മണൽ രൂപാന്തരം സംഭവിക്കുന്നതിന് ആവശ്യമായ സാഹചര്യം സൃഷ്ടിക്കണം. മാത്രമല്ല ശക്തമായ ഒഴുക്കുള്ളപ്പോൾ പുഴയിൽ നിന്നും ഒരു കൊട്ട മണൽ എടുത്താൽ മൂന്ന് കൊട്ട മണൽ ഒലിച്ചുപോകുന്നു എന്നതും ഇതുവഴി പുഴയുടെ ആഴം വർദ്ധിക്കുന്നു എന്നതും ശാസ്ത്രീയമായ സത്യം. പുഴയുടെ അടിത്തട്ട് താഴുമ്പോൾ ജലവിതാനം താഴും. ഇത് കുടിവെള്ള പ്രശ്നം രൂക്ഷമാക്കും. തീരങ്ങൾ ഇടിഞ്ഞ് തുടർന്ന് പുഴ ക്രമേണ നശിക്കും. പുഴയുമായി ബന്ധപ്പെട്ട് ഉപ ജീവനം നടത്തുന്ന നൂറുകണക്കിന് മത്സ്യബന്ധന തൊഴിലാളികളെയും വിവിധങ്ങളായ മത്സ്യങ്ങളുടെ ആവാസ വ്യവസ്ഥയേയും പ്രതികൂലമായി ബാധിക്കും. ഒരു പുഴയുടെ ഇരുകരകളിൽ വ്യത്യസ്ത കാലയളവുകളിൽ നിരോധനം നിലനിൽക്കുന്നത് ഈ രംഗത്ത് ഏറെ വിവാദങ്ങൾ സൃഷ്ടിക്കുന്നു. വലിയ പാരിസ്ഥിതിക ആഘാതം ഉണ്ടാക്കുന്നതിനെ തടയാനാണ് നിരോധനം എന്നത് ക്ഷമയോടെ നാം തിരിച്ചറിഞ്ഞേ മതിയാവൂ. സഹിഷ്ണുതയോടെ ഉൾക്കൊണ്ടേ മതിയാവൂ.

ഏപ്രിൽ മാസത്തിൽ സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ്, സെന്റർ ഫോർ വാട്ടർ റിസോഴ്സ് ഡവലപ്പ്മെന്റ് ആന്റ് മാനേജ്മെന്റ് എന്നിവയിൽ ഏതിലെങ്കിലും ശാസ്ത്രജ്ഞർ വന്ന് പുഴയുടെ ആഴം അളന്ന് എത്ര ഖനനം അടുത്ത വർഷം നടത്താം എന്ന് റിപ്പോർട്ട് നൽകിയെങ്കിൽ മാത്രമേ അതിനനുസൃതമായ മണൽ പാസ് കളക്ടറേറ്റിൽ നിന്നും അനുവദിക്കുകയുള്ളൂ. അനുവദിക്കുന്ന മണൽ പാസ് മാത്രമേ ഗ്രാമപഞ്ചായത്തുകൾക്ക് നൽകാൻ സാധിക്കുകയുള്ളൂ. പുഴയിൽ മട വീണ് മണൽ വന്നാൽ മാത്രമേ അളവുകൾ രേഖപ്പെടുത്താൻ ഉദ്യോഗസ്ഥർക്ക് സാധിക്കുകയുള്ളൂ. മണൽ തൊഴിലാളികൾക്ക് വേണ്ടത്ര തൊഴിൽ ലഭ്യത ഉറപ്പുവരുത്താൻ പറ്റാത്ത സാഹചര്യമാണ് ഇപ്പോൾ ഉള്ളത്.

ഇത്തരം സാഹചര്യത്തിലാണ് 2007ൽ ചേർന്ന ജില്ലാ വിദഗ്ധസമിതി ഗുണഭോക്താവിന് നേരിട്ട് മണൽ ലഭ്യമാക്കുന്ന സംവിധാനം തീരുമാനിച്ചത്. പ്രസ്തുത തീരുമാനം മാഫിയകളെ ചൊടിപ്പിച്ചിരിക്കുകയാണ്. എന്നാൽ ഇതുവഴി തൊഴിൽ പ്രതിസന്ധിയിലായ ഒറ്റ വണ്ടിക്കാരായ തൊഴിലാളികളുടെ പ്രശ്നത്തിന് പരിഹാരം കാണേണ്ടതുണ്ട്. ഗ്രാമപഞ്ചായത്തുകളിൽ നിന്നും ടോക്കൺ വാഹനലോബി കൈപ്പറ്റുന്നതും, യഥാർത്ഥ ഗുണഭോക്താവിന് മണൽ ലഭ്യമാവുന്നില്ല എന്ന പ്രചാരണം അഴിച്ചുവിടുന്നതും, ഗുണഭോക്താവ് നേരിട്ട് സംവിധാനത്തിൽ ഇടപെടാതെ എളുപ്പവഴി തേടുന്നതും കടവുകളിൽ കാലതാമസം വരുത്തി വാഹനലോബി തൊഴിലാളികളെ അതൃപ്തരാക്കുന്നതും പ്രശ്നം വീണ്ടും സങ്കീർണ്ണമാക്കുകയാണ്. നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും ചട്ടം പരിഷ്ക്കരിക്കുന്നതും, തൊഴിലാളികളുടെ വേതനം വർദ്ധിപ്പിക്കുന്നതും, വാഹന തൊഴിലാളികളുടെ തൊഴിൽ ഉറപ്പുവരുത്തുന്നതും, ഉപഭോക്താവിന് ന്യായമായ അളവിലും വിലയിലും മണൽ ലഭ്യമാക്കുന്നതിനും, സമഗ്രമായ പഠനവും ശക്തമായ തീരുമാനവും ഉണ്ടാവേണ്ടതുണ്ട്. സൊസൈറ്റികൾ രൂപീകരിച്ച് മണൽ വിൽപ്പന നടത്താൻ ശ്രമിച്ചാൽ കാര്യങ്ങൾ കുറെക്കൂടി എളുപ്പമാവും. ഈ മേഖലയുടെ നല്ലനാളേയ്ക്ക് സർക്കാരിന്റെ അടിയന്തര ശ്രദ്ധ അനിവാര്യമാണ്.

ലേഖകൻ
കോഴിക്കോട് പെരുമണ്ണ ഗ്രാമപഞ്ചായത്ത്
വൈസ് പ്രസിഡന്റാണ്

പഞ്ചായത്ത് അക്കൗണ്ട് - 9



ഉദയഭാനു കണ്ടേത്ത്

# അക്കൗണ്ടിംഗ് രേഖകളിലെ മൈനസ് എൻട്രികൾ

മൈനസ് എൻട്രികൾ സംബന്ധിച്ച് ധാരാളം സംശയങ്ങൾ നിലനിൽക്കുന്നതായിക്കാണാം. അല്പം സൂക്ഷ്മത പുലർത്താമെങ്കിൽ സംശയങ്ങൾ അലിഞ്ഞില്ലാതായിത്തീരും

## വരവിലൊരുഭാഗം തിരിച്ചു നൽകിയാൽ....

ഒരു നികുതിദായകൻ 250 രൂപ വസ്തു നികുതി അടച്ചു. അപ്പീലിൽ 25 രൂപ ഇളവു ചെയ്തു കൊടുത്തു. തൽഫലമായി നികുതിദായകന്റെ വസ്തു നികുതി ബാദ്ധ്യത 225 രൂപയായിത്തീർന്നു.

നികുതിദായകൻ ആവശ്യപ്പെട്ടതനുസരിച്ച് റീഫണ്ട് ബിൽ തയ്യാറാക്കി 25 രൂപ നികുതിദായകന് സഹകരണബാങ്കിന്റെ ചെക്ക് വഴി നൽകി. ഇടപാട് കാഷ്ബുക്കിൽ ചെലവ് ഭാഗത്ത് ബാങ്ക് കോളത്തിൽ രേഖപ്പെടുത്തുന്നു; വസ്തു നികുതിയുടെ ക്ലാസിഫിക്കേഷൻ നൽകുന്നു.

വരവിൽ സംഭവിച്ച കുറവായതിനാൽ വരവ് രജിസ്റ്ററിൽ 'വസ്തു നികുതി' എന്ന കോളത്തിൽ 25 രൂപ മൈനസ് ആയി രേഖപ്പെടുത്തുന്നു. ഇതിന്റെ ഫലമായി നികുതിദായകനിൽ നിന്നു ലഭിച്ച വസ്തു നികുതി, വരവു രജിസ്റ്റർ പ്രകാരം 225 രൂപയായിത്തീരുന്നു. ഇതേ തുക തന്നെയാണ് ഡിമാൻഡ് രജിസ്റ്ററിലും പിരിവായി രേഖപ്പെടുത്തുന്നത്.

## അധികം നൽകിയ തുക തിരിച്ചു പിടിച്ചാൽ

7800 രൂപ ശമ്പളം നൽകേണ്ട ജീവനക്കാരന് 7900 രൂപ ശമ്പളമായി നൽകിയെന്നിരിക്കട്ടെ. (ബിൽ തയ്യാറാക്കിയപ്പോൾ അടിസ്ഥാനശമ്പളം തെറ്റായി കണക്കാക്കിയതു കൊണ്ടാണ് ഇപ്രകാരം സംഭവിച്ചത്). 100 രൂപ അധികം ലഭിച്ചത് ബില്ലിൽ സംഭവിച്ച തെറ്റിന്റെ ഫലമായിട്ടാണെന്ന് മനസ്സിലാക്കിയ ജീവനക്കാരൻ ഓഫീസിൽ 100 രൂപ തിരിച്ചടയ്ക്കുന്നു. ജീവനക്കാരന് രസീത് നൽകുന്നു.

കാഷ് ബുക്കിൽ വരവ് ഭാഗത്ത് കാഷ് കോളത്തിലാണ് 100 രൂപ രേഖപ്പെടുത്തേണ്ടത്. പഞ്ചായത്ത് ജീവനക്കാരുടെ ശമ്പളത്തിന്റെ ക്ലാസിഫിക്കേഷൻ നൽകുന്നു. (മേജർഹെഡ്:2515) അതിനാൽ ചെലവു രജിസ്റ്ററിൽ പഞ്ചായത്ത് ജീവനക്കാരുടെ ശമ്പളത്തിന്റെ കോളത്തിൽ 100 രൂപ മൈനസ് ആയി രേഖപ്പെടുത്തുന്നു. ഇതിന്റെ ഫലമായി ശമ്പളച്ചെലവിൽ 100 രൂപ കുറയുന്നു.

## പെൻഷൻ മണി ഓർഡർ തുക തിരികെ ലഭിച്ചാൽ

കർഷകത്തൊഴിലാളി പെൻഷൻ ഇനത്തിൽ മണി ഓർഡറായി അയച്ച 390 രൂപ ബന്ധപ്പെട്ട കക്ഷിക്ക് നൽകാൻ കഴിയാത്തതിനാൽ പോസ്റ്റ്മാൻ തിരികെ കൊണ്ടു വന്നു തരുന്നു. തുക സ്വീകരിച്ച് പോസ്റ്റ്മാസ്റ്ററുടെ പേരിൽ രസീത് എഴുതി, രസീത്, മണിഓർഡർ കൂപ്പണിന്റെ കൂടെ സൂക്ഷിക്കുന്നു.

കാഷ് ബുക്കിൽ കാഷ് കോളത്തിൽ 390 രൂപ വരവായി രേഖപ്പെടുത്തുന്നു. കർഷകത്തൊഴിലാളി പെൻഷൻ മണി ഓർഡറായി അയച്ചപ്പോൾ രേഖപ്പെടുത്തിയ ചെലവിന്റെ ക്ലാസിഫിക്കേഷനാണ് നൽകുന്നത്. (മേജർ ഹെഡ്:2230) തൽഫലമായി, ചെലവു രജിസ്റ്ററിൽ കർഷകത്തൊഴിലാളി പെൻഷന്റെ കോളത്തിൽ 390 രൂപ മൈനസ് ആയി രേഖപ്പെടുത്തുന്നു. ഇപ്പോൾ കർഷകത്തൊഴിലാളി പെൻഷൻ ചെലവ് 390 രൂപ കുറയുന്നു.

പിറ്റേന്ന് 390 രൂപ ചെലാൻ മുഖേന ട്രഷറിയിൽ സർക്കാർ അക്കൗണ്ടിൽ തിരിച്ചടയ്ക്കുന്നു (ചെലാനിൽ എഴുതുന്ന ഹെഡ് ഓഫ് അക്കൗണ്ട് സംസ്ഥാന സർക്കാരിന്റെ ബജറ്റിലേതാണ്; പഞ്ചായത്തിന്റേതല്ല). തിരിച്ചടച്ച തുക കാഷ്ബുക്കിൽ ചെലവു ഭാഗത്ത് കാഷ് കോളത്തിൽ രേഖപ്പെടുത്തുന്നു. കർഷകത്തൊഴിലാളി പെൻഷൻ ഗ്രാന്റ് ട്രഷറിയിൽ നിന്നു ബിൽ മുഖേന ലഭിച്ചപ്പോൾ വരവ് രജിസ്റ്ററിൽ രേഖപ്പെടുത്തിയ ഹെഡ് ഓഫ് അക്കൗണ്ടാണ് ക്ലാസിഫിക്കേഷനായി രേഖപ്പെടുത്തുന്നത് (മേജർ ഹെഡ്: 1601) തൽഫലമായി വരവ് രജിസ്റ്ററിൽ കർഷകത്തൊഴിലാളി പെൻഷൻ ഗ്രാന്റ് കോളത്തിൽ 390 രൂപ മൈനസ് ആയി രേഖപ്പെടുത്തുന്നു. ഇപ്പോൾ കർഷകത്തൊഴിലാളി പെൻഷൻ ഗ്രാന്റും 390 രൂപ കുറയുന്നു.

## വർഷം ഏതായാലും

വരവോ ചെലവോ ഏതു വർഷത്തേതായാലും തിരിച്ചടച്ചാൽ ബന്ധപ്പെട്ട ഹെഡ് ഓഫ് അക്കൗണ്ടിൽ തിരിച്ചടയ്ക്കാനാണ് പഞ്ചായത്ത് അക്കൗണ്ടിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത്. അതിനാൽ കഴിഞ്ഞവർഷം ലഭിച്ച വരവ് ഈ വർഷം തിരിച്ചു നൽകുകയാണെങ്കിലോ, കഴിഞ്ഞ വർഷം ചെലവ് ചെയ്ത തുക ഈ വർഷം തിരിച്ചു പിടിക്കുകയാണെങ്കിലോ, ഈ വർഷത്തെ യഥാർത്ഥ വരവ്/ ചെലവിൽ അല്പം കുറവ് അനുഭവപ്പെടുന്നതായിക്കാണാം. ഇത് വിശദീകരിക്കാൻ പ്രതിമാസ/ വാർഷികക്കണക്കിൽ ഒരു കുറിപ്പ് (Note on Accounts) ചേർത്താൽ മതി.

## ചെക്ക് ഡിസോണർ ആയാൽ

കാഷ് ആയിക്കണക്കാക്കി ചെക്കിനും രസീത് നൽകണം. ഒരു വ്യക്തി തൊഴിൽ നികുതി ഇനത്തിൽ 5000 രൂപയുടെ ചെക്ക് നൽകുന്നുവെന്നിരിക്കട്ടെ. അദ്ദേഹത്തിന് അന്നുതന്നെ 5000 രൂപയ്ക്കുള്ള രസീത് നൽകുന്നു. കാഷ്ബുക്കിൽ വരവ് ഭാഗത്ത് കളക്ഷൻ ആയി രേഖപ്പെടുത്തിയ മൊത്തം തുകയിൽ ഈ 5000 രൂപയുമുണ്ട്. അതിനാൽ ഈ 5000 രൂപ ഉൾപ്പെട്ട തുക വരവ് രജിസ്റ്ററിൽ തൊഴിൽ നികുതി ഉൾപ്പെടെയുള്ള കോളങ്ങളിൽ വരവ് വയ്ക്കുന്നു.

കളക്ഷൻ തുക പിറ്റേന്ന് ട്രഷറിയിലോ ബാങ്കിലോ ഒടുക്കുന്നു. എന്നാൽ തുടർന്നുള്ള ഒരു ദിവസം ചെക്ക് ഡിസോണർ ആയതായി ട്രഷറിയിൽ/ ബാങ്കിൽ നിന്നു വിവരം ലഭിക്കുന്നു. സാദ്ധ്യമാണെങ്കിൽ ഉടൻ തന്നെ കക്ഷിയെ ബന്ധപ്പെട്ട് പകരം കാഷ് അടയ്ക്കുവാൻ ആവശ്യപ്പെടാം. (പകരം ചെക്ക് നൽകുവാൻ ആവശ്യപ്പെടുന്നതിലും തെറ്റൊന്നുമില്ല) സാദ്ധ്യമല്ലെങ്കിലോ, ആവശ്യപ്പെട്ടിട്ടും പ്രതികരണമില്ലെങ്കിലോ, ഇപ്രകാരം ചെക്ക് നൽകിയതുമായി ബന്ധപ്പെട്ട നിയമനടപടി സ്വീകരിക്കണം.

കാഷ്ബുക്കിൽ ചെക്ക് ഡിസോണർ 5000 രൂപ രേഖപ്പെടുത്തണം. നേരത്തേ കാഷ് കോളത്തിൽ വരവായി രേഖപ്പെടുത്തിയിരുന്നതിനാൽ ഇപ്പോൾ കാഷ് കോളത്തിൽ മൈനസ് എൻട്രിയായിട്ടാണ് രേഖപ്പെടുത്തേണ്ടത്. തൊഴിൽ നികുതിയുടെ ക്ലാസിഫിക്കേഷൻ നൽകണം. തുടർന്നു വരവ് രജിസ്റ്ററിൽ തൊഴിൽ നികുതിയുടെ കോളത്തിൽ മൈനസ് ആയി 5000 രൂപ രേഖപ്പെടുത്തണം.

ഡിമാന്റ് രജിസ്റ്ററിൽ നേരത്തേ നികുതിദായകന്റെ പേരിൽ കളക്ഷൻ ആയി 5000 രൂപ രേഖപ്പെടുത്തിയിരിക്കും. അതിനാൽ ഇപ്പോൾ മൈനസ് എൻട്രിയായി 5000 രൂപ രേഖപ്പെടുത്തണം.

ചെക്ക് ഡിസോണർ സംബന്ധിച്ച് ബാങ്ക് ചാർജ് ഈടാക്കിയിരിക്കും. നികുതിദായകനിൽ നിന്ന് ഈടാക്കാനുള്ള തുക ഈ ചാർജ്ജ് കൂടി ഉൾപ്പെട്ടതാണ്.

നികുതിദായകന് രസീത് നൽകിയപ്പോയതിനാൽ ചെക്ക് ഡിസോണർ ആയതിന്റെ പേരിൽ രണ്ടാമതും തുക ഈടാക്കാൻ കഴിയുമോ എന്ന സംശയം ചിലരിലെങ്കിലുമുണ്ട്. രസീതിൽ ചെക്ക് നമ്പറും രേഖപ്പെടുത്തിയാണ് നൽകുന്നത്. തുക മാറിയെടുക്കാനാവാത്ത ചെക്ക് നൽകി നികുതിദായകൻ പഞ്ചായത്തിനെ കബളിപ്പിച്ചുവെന്നതിന്റെ തെളിവ് ചെക്ക് നമ്പർ രേഖപ്പെടുത്തിയ രസീത് തന്നെയാണ്. നികുതിദായകൻ തന്നെ രസീത് ഹാജരാക്കി അവകാശവാദമുന്നയിക്കുകയാണെങ്കിൽ, അദ്ദേഹത്തിന്റെ കുറ്റകൃത്യം തെളിയിക്കുവാൻ കൂടുതൽ തെളിവുകളൊന്നും ആവശ്യമില്ല.

## വരവുകളും ചെലവുകളും ഏതു രജിസ്റ്ററിൽ

എല്ലാ വരവുകളും വരവു രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതില്ലെന്നും, എല്ലാ ചെലവുകളും ചെലവു രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതില്ലെന്നും മുകളിൽ കൊടുത്ത ഉദാഹരണങ്ങളിൽ നിന്നു വ്യക്തമാവും. ഒരു തുക വരവ് രജിസ്റ്ററിലാണോ ചെലവ് രജിസ്റ്ററിലാണോ രേഖപ്പെടുത്തേണ്ടതെന്നു മനസ്സിലാകുന്നത് അത് കാഷ് ബുക്കിൽ ഏതു ഭാഗത്താണ് രേഖപ്പെടുത്തിയതെന്ന വസ്തുതയിൽ നിന്നല്ല. നേരെ മറിച്ച് പ്രസ്തുത തുകയുടെ ബന്ധം വരവിനോടാണോ ചെലവിനോടാണോ എന്ന വസ്തുതയിൽ നിന്നാണ്.

കാഷ്ബുക്കിൽ ചെലവ് ഭാഗത്ത് രേഖപ്പെടുത്തിയ തുക യഥാർത്ഥത്തിൽ വരവിലുള്ള കുറവിനെ സൂചിപ്പിക്കുന്നതാണെങ്കിൽ ആ തുകയുടെ സ്ഥാനം വരവ് രജിസ്റ്ററിൽ ബന്ധപ്പെട്ട ഹെഡ് ഓഫ് അക്കൗണ്ടിനു കീഴിലാണ്; പക്ഷെ മൈനസ് എൻട്രിയായിട്ടായിരിക്കുമെന്നു മാത്രം.

മറ്റൊരു തുക കാഷ്ബുക്കിൽ വരവ് ഭാഗത്ത് രേഖപ്പെടുത്തിയിരിക്കുന്നു. അധികം നൽകിയ തുക തിരിച്ചു പിടിച്ചതാണ് ആ തുക. അതിനാൽ അത് ചെലവിലുള്ള കുറവിനെ സൂചിപ്പിക്കുന്നു. അക്കാരണം കൊണ്ടു തന്നെ ആ തുക ചെലവ് രജിസ്റ്ററിൽ ബന്ധപ്പെട്ട ഹെഡ് ഓഫ് അക്കൗണ്ടിനു കീഴിൽ മൈനസ് എൻട്രിയായി രേഖപ്പെടുത്തേണ്ടതാണ്.

*(തുടരും)*

*ലേഖകൻ ഏജീസ് ഓഫീസിൽ നിന്നും സീനിയർ ഓഡിറ്റ് ഓഫീസറായി വിരമിച്ചു. ഇപ്പോൾ ഓഡിറ്റ് കൺസൾട്ടന്റാണ്. മൊബൈൽ: 9447454221*


**Statement about ownership and other particulars about the Panchayat Raj (monthly) to be published in the first issue every year after the last day of February - Form IV (See Rule 8)**

| | | | |
|---|---|---|---|
| 1. | Place of Publication | : | Thiruvananthapuram |
| 2. | Periodicity of the Publication | : | Monthly |
| 3. | Printer's Name | : | Dr. V.M. Gopala Menon IAS |
| | Nationality | : | Indian |
| | Address | : | Director of Panchayats, Thiruvananthapuram - 33 |
| 4. | Publisher's Name | : | Dr. V.M. Gopala Menon IAS |
| | Nationality | : | Indian |
| | Address | : | Director of Panchayats, Thiruvananthapuram - 33 |
| 5. | Editor's Name | : | Dr. V.M. Gopala Menon IAS |
| | Nationality | : | Indian |
| | Address | : | Director of Panchayats, Thiruvananthapuram - 33 |
| 6. | Name and Address of individuals who own the newspaper and printer or shareholders holding more than 1% of the total capital | : | Government of Kerala |

I, Dr. V.M. Gopala Menon IAS hereby declare that the particulars given above are true to the best of my knowledge and belief.

Thiruvananthapuram
1-3-2008

Sd/-
Director of Panchayats



ലേഖന പരമ്പര - 4

റോയ് ചാക്കോ ഇളമണ്ണൂർ

# തമിഴ്നാട്ടിലെ ഗ്രാമക്കാഴ്ചകൾ

തമിഴ്നാട്ടിലെ ഏതു ഗ്രാമത്തിൽ പോയാലും വേപ്പുമരം കാണാം. കന്യാകുമാരി ജില്ല പഴയ കേരളമായതിനാൽ ഈ ജില്ലയിലെ ഗ്രാമങ്ങളിൽ വേപ്പുമരം കുറവാണ്. എല്ലാ റോഡുകളുടെയും ഇരുവശങ്ങളിലും തണൽമരങ്ങൾ വെച്ച് പിടിപ്പിക്കുന്നതിൽ തമിഴ് ജനത പ്രത്യേക താൽപര്യം കാട്ടാറുണ്ട്. ഇരുവശങ്ങളിലും അടുപ്പിച്ചടുപ്പിച്ച് പുളിമരങ്ങൾ നിൽക്കുന്ന റോഡുകൾ സിനിമയിലൊക്കെ കാണുമ്പോൾ നാമറിയാതെ തന്നെ തമിഴ്നാട് എന്ന് മനസ്സിൽ പറയാറുണ്ടല്ലോ. കഴക്കൂട്ടത്തു നിന്നും കൊല്ലം വരെ ദേശീയ പാതയിലൂടെ യാത്ര ചെയ്യുന്ന ഒരു വ്യക്തിക്ക് കഴിഞ്ഞ 5 വർഷത്തിനുള്ളിൽ വെച്ചു പിടിപ്പിച്ച എത്ര തണൽ മരങ്ങൾ കാണാനാകും? എന്നാൽ തമിഴ്നാട്ടിലെ റോഡുകൾക്കിരുവശവും തണൽ മരങ്ങൾ വെച്ചുപിടിപ്പിക്കുന്നതിൽ അവർ വലിയ ശ്രദ്ധ ചെലുത്താറുണ്ട്. റോഡിനിരുവശവും പുളിമരങ്ങൾ മാത്രമുള്ള മേഖലകളും കാണാം. വാളൻ പുളിമരം ഒരു തണൽ വൃക്ഷമായി നമ്മൾ കാണുന്നില്ലെങ്കിലും തമിഴ്നാട്ടുകാർ അതിനെ ഒരു തണൽവൃക്ഷമായി സ്വീകരിച്ചിരിക്കുന്നു. എന്ന് കിലോമീറ്ററോളം വാളൻപുളിമരം റോഡിനിരുവശവും നിരന്നു നിൽക്കന്നതു കാണുമ്പോൾ മനസ്സിലാകും. റോഡിന്റെ ഇരുവശവും തരിശുഭൂമി. ആ തിരുശു ഭൂമിയിൽ കൊടും വെയിലത്ത് ഒരല്പം തണലോ പച്ചപ്പോ നൽകുന്നത് പാഴ്ച്ചെടിയായി വളരുന്ന മുള്ളു ചെടികൾ മാത്രം. ഈ പശ്ചാത്തലത്തിൽ റോഡ് സൈഡിൽ നിൽക്കുന്ന പുളിമരം എന്താശ്വാസമാണ് നൽകുന്നതെന്ന് മനസ്സിലാകണമെന്നുണ്ടെങ്കിൽ ചൂടുകാലത്ത് തമിഴ്നാട്ടിലൂടെ യാത്ര ചെയ്യേണ്ടിയിരിക്കുന്നു.

കേരളത്തിൽ വർഷത്തിൽ 365 ദിവസവും നിറയെ ഇലകളുമായി നിന്ന് തണൽ നൽകുന്ന പ്ലാവും മാവും തുടങ്ങി നിരവധി വൃക്ഷങ്ങൾ നിറഞ്ഞ് നിൽക്കുന്നതിനാലാണ് പാവം പുളിക്ക് 'തണൽമരം' എന്നൊരു അംഗീകാരമില്ലാത്തത്. ഇപ്പോൾ വേപ്പുമരമാണ് തണൽ മരമായി ഭൂരിഭാഗം പേരും നട്ടുവളർത്തുന്നത്. ഗ്രാമപ്രദേശങ്ങളിലെ കവലകളിലും പാതകൾക്ക് വശങ്ങളിലും ആ നാട്ടുകാർ തന്നെ തണൽമരങ്ങൾ നട്ടുവളർത്തും. കടകൾക്കും വീടുകൾക്കുമൊക്കെ തണൽ ലഭിക്കുവാനായി റോഡ് സൈഡിൽ വീട്ടുടമസ്ഥരും കടയുടമസ്ഥരും വേപ്പുമരം നട്ട് ആട് അവ തിന്നു നശിപ്പിക്കാതിരിക്കാൻ മരത്തെയ്ക്കു ചുറ്റും നല്ല മുള്ളു വേലികെട്ടി, വെള്ളമൊഴിച്ച് സംരക്ഷിക്കുന്ന കാഴ്ച പലയിടത്തും കാണാം. കേരളത്തിൽ കടകൾക്കും വീടുകൾക്കും മുൻപിലുള്ള തണൽ വൃക്ഷങ്ങൾ വെട്ടിനശിപ്പികാതിരിക്കാനാണ് ഭൂരിഭാഗം പേരും താൽപര്യം കാണിക്കുന്നത്. റോഡ് സൈഡിൽ വീടും കെട്ടിടങ്ങളും ഒക്കെ വയ്ക്കുവാൻ പഞ്ചായത്തും മുനിസിപ്പലിറ്റിയും അനുവാദം നൽകുമ്പോൾ ഏറ്റവും കുറഞ്ഞത് ഒരു മരമെങ്കിലും നട്ടു വളർത്തുവാനുള്ള ഉത്തരവാദിത്വം ഒരു നിയമമായി കേരളത്തിൽ ഉണ്ടായിരുന്നെങ്കൽ നന്നായിരുന്നു എന്ന് തമിഴ്നാട്ടിലെ മരം വെച്ചുപിടിപ്പിക്കൽ കാണുമ്പോൾ ഞാനാഗ്രഹിച്ചു പോയിട്ടുണ്ട്. അപ്രകാരം, കടയ്ക്കും, വീടുകൾക്കും മുൻപിലുള്ള ഗവൺമെന്റ് വക റോഡ് വക്കിൽ വച്ചുപിടിപ്പിക്കുന്ന തണൽ മരങ്ങൾ അത് വളർത്തുന്നവർക്കു മാത്രമല്ല, അനേകായിരങ്ങൾക്ക് തലമുറകളോളം തണൽ നൽകുകയും കാലങ്ങൾ കഴിയുമ്പോൾ പൊതു ഖജനാവിന് തടിവില ഇനത്തിൽ നല്ലൊരു തുക ലഭിക്കുകയും ചെയ്യും.


തമിഴ്നാട്ടിൽ എല്ലായിടവും അലഞ്ഞു തിരിഞ്ഞുനടക്കുന്ന ആട്ടിൻകൂട്ടങ്ങൾ കഠിനകയ്പുള്ള വേപ്പില യഥേഷ്ടം ഭക്ഷിക്കും എന്നതിനാൽ ഈ മരം വളർത്തിയെടുക്കുക അത്ര എളുപ്പമുള്ള കാര്യമല്ല. ഔഷധഗുണത്തിൽ അന്താരാഷ്ട്രപ്രസിദ്ധിയുള്ള വേപ്പുമരത്തിന് തഴച്ചു വളരുവാൻ അനുകൂലമായ കാലാവസ്ഥയും മണ്ണുമാണ് തമിഴ്നാട്ടിലുള്ളത്. ആഞ്ഞിലിയുടെ കുരു പോലെയാണ് വേപ്പുമരത്തിന്റെയും കുരു. ഒരു ചാക്ക് വേപ്പിൻ കുരു ഞാൻ നാട്ടിൽ കൊണ്ടു വന്ന് ജനങ്ങൾക്കും സ്കൂൾ വിദ്യാർത്ഥികൾക്കുമൊക്കെ വിതരണം ചെയ്യുകയുണ്ടായി ഇവിടുത്തെ ധാരാളം മഴയുള്ള കാലാവസ്ഥ വേപ്പുമരത്തിന് തഴച്ചു വളരാൻ അനുകൂലമല്ലാത്തതിനാലായിരിക്കാം, ആ കുരു നട്ടുവളർത്തിയ പലയിടത്തും വേപ്പുമരം അത്ര തഴച്ചു കാണുന്നില്ല. വേപ്പിന്റെ കായ് പഴുത്ത് വീഴുന്നത് ജൂൺ, ജൂലൈ മാസങ്ങളിലാണ്.

സ്ക്കൂളുകളുടെയും കോളേജുകളുടെയും ഗ്രൗണ്ടുകളിലും പരിസരങ്ങളിലുമെല്ലാം വേപ്പുമരം ഉണ്ടാകും. ഈ വേപ്പിൻ മരക്കൂട്ടങ്ങളുടെ തണലിൽ ഇരുന്ന് ഉച്ചനേരത്ത് കുട്ടികൾ ആഹാരം കഴിക്കുന്നത് ഗ്രാമപ്രദേശങ്ങളിൽ പതിവു കാഴ്ചയാണ്. ചില സ്കൂളുകളിൽ ക്ലാസ് റൂമിലിരുന്ന് ആഹാരം കഴിക്കുവാൻ അനുവാദമില്ല. ക്ലാസ്റൂമിൽ എച്ചിൽ വീഴാതിരിക്കാനാണത്. വേനൽക്കാലത്ത് ക്ലാസ് റൂമിലെ ചൂടിൽ നിന്നും രക്ഷപെടുവാനായി വേപ്പിൻ മരങ്ങളുടെ ചുവട്ടിൽ അധ്യാപകർ ക്ലാസ് എടുക്കുന്നതും കാണാം. പരന്ന് വിസ്തൃതിയോടെ കിടക്കുന്ന തമിഴ്നാട്ടിൽ നല്ല കാറ്റ് ലഭിക്കും എന്നതിനാൽ മരച്ചുവട്ടിലുള്ള ഈ അധ്യയനം ആരോഗ്യകരമാണ്. തമിഴ്നാട്ടിലെ കുട്ടികൾക്ക് മണ്ണിൽ ഇരിക്കുവാൻ മടിയില്ല. അവിടുത്തെ വിദ്യാർത്ഥികളുടെ ലാളിത്യം പ്രശംസയർഹിക്കുന്നു. സ്കൂൾ കുട്ടികൾ മാത്രമല്ല, കോളേജ് വിദ്യാർത്ഥികളും മരത്തണലിലോ ഓഡിറ്റോറിയത്തിലോ നിലത്തിരിക്കാൻ മടികാട്ടാറില്ല. സ്കൂളുകളിലും കോളേജുകളിലും കോൺഫറൻസുകൾ സംഘടിപ്പിക്കുകയും അവർക്കു ക്ലാസ്സെടുക്കുകയും പ്രസംഗിക്കുകയുമൊക്കെ എന്റെ ജോലിയുടെ ഭാഗമായിരുന്നു. വലിയ ഓഡിറ്റോറിയങ്ങൾ ഇല്ലാത്ത സ്ഥാപനങ്ങളിൽ ഗ്രൗണ്ടിലെ മരച്ചുവട്ടിൽ വച്ചായിരിക്കും മീറ്റിംഗ് കൂടുക. കേരളത്തിൽ മണ്ണിലിരുത്തി കുട്ടികളെ മീറ്റിംഗിൽ സംബന്ധിപ്പിച്ചു എന്നറിഞ്ഞാൽ രക്ഷകർത്താക്കൾ വഴക്കുണ്ടാക്കും എന്നാണ് പറഞ്ഞു കേൾക്കുന്നത്. നമ്മുടെ മാനസികസമീപനം അങ്ങനെയാണ്. എൻ.സി.സി.യുടെ ഒരു ജില്ലാതല ക്യാമ്പിൽ 3 മണിക്കൂർ നേരം കമ്മ്യൂണിക്കേഷൻ പ്രോഗ്രാം നടത്താനായി എന്നെ ക്ഷണിച്ചു. രണ്ടായിരത്തോളം കേഡറ്റുകൾ ഉണ്ട്. കേഡറ്റുകളെല്ലാം യൂണിഫോം ധരിച്ച് തറയിലാണിരുന്നത്. കോളേജുകളിൽ പ്രോഗ്രാം നടത്തുമ്പോൾ ഓഡിറ്റോറിയത്തിലെ ഇരിപ്പിടങ്ങൾ നിറഞ്ഞു കഴിഞ്ഞാൽ ഡിഗ്രി വിദ്യാർത്ഥികളും പി.ജി വിദ്യാർത്ഥികളുമൊക്കെ തറയിലിരിക്കാൻ മടികാണിക്കാറില്ല. എന്നെ വളരെ ആകർഷിച്ച ഒരു കാര്യമാണിത്. തമിഴ്നാട്ടിലെ വിദ്യാർത്ഥികളുടെ ഈയൊരു ലാളിത്യം പ്രശംസയർഹിക്കുന്നു. താഴ്മയുള്ളവരാണ് തമിഴർ. അതുകൊണ്ടാണ് അവർ സ്ത്രീകളെയും പെൺകുട്ടികളെയും 'അമ്മ' എന്ന ബഹുമാനത്തോടെ അഭിസംബോധന ചെയ്യുന്നത്. മറ്റുള്ളവരെ 'സാർ' എന്നാണ് അവർ പൊതുവെ അഭിസംബോധന ചെയ്യുന്നത്. ഈ അഭിസംബോധന സംഭാഷണത്തിനിടയിൽ പല പ്രാവശ്യം ആവർത്തിക്കുകയും ചെയ്യും. ഉദ്യോഗസ്ഥന്മാരോടും തമിഴ് ജനതയ്ക്ക് പ്രത്യേകിച്ചും ഗ്രാമീണ ജനതയ്ക്ക് വലിയ ബഹുമാനമാണ്. ഒരു പക്ഷേ, ഗ്രാമീണർ ഉദ്യോഗസ്ഥരെ കൂടുതലായി ബഹുമാനിക്കുന്നുതു കൊണ്ടാവാം അവിടുത്തെ ഉദ്യോഗസ്ഥർ കൂടുതൽ 'ഗമ' യുള്ളവരായി പെരുമാറുന്നതെന്നും ചില സാമൂഹ്യപ്രവർത്തകർ അഭിപ്രായപ്പെട്ടിട്ടുണ്ട്.

എന്റെ ഓഫീസിനു സമീപം ഒരു റിട്ടയേഡ് വില്ലേജ് ഓഫീസർ വാടകയ്ക്ക് താമസിക്കുന്നുണ്ടായിരുന്നു. ദീർഘനാൾ വില്ലേജ് ഓഫീസറായി സേവനമനുഷ്ഠിച്ചിട്ടും സ്വന്തമായി ഒരു വീട് പണിയാനുള്ള സാമ്പത്തികശേഷി ഇല്ലായിരുന്നുവോ എന്ന് ഞാൻ എന്റെ സഹപ്രവർത്തകരോട് ചർച്ച ചെയ്തു. വളരെ സത്യസന്ധമായ, ആരിൽ നിന്നും അഞ്ചു പൈസ പോലും കൈക്കൂലി വാങ്ങിയിട്ടില്ലാത്ത ഒരു വ്യക്തിയാണദ്ദേഹം എന്ന അഭിപ്രായമാണ് എന്റെ സഹപ്രവർത്തകർ പറഞ്ഞത്. വീടു വയ്ക്കുന്നവർ എല്ലാം അഴിമതിക്കാരാണ് എന്ന് ധ്വനിയല്ല ഇതിലുള്ളത്. മഹാഭൂരിഭാഗം ഗവൺമെന്റ് ഉദ്യോഗസ്ഥരും ബാങ്ക് ലോൺ എടുത്താണ് വീടു വയ്ക്കുന്നത്. റിട്ടയർമെന്റ് വരെ ആ തുക പലിശ സഹിതം തിരിച്ചടച്ചു കൊണ്ടുമിരിക്കും. 5 ലക്ഷം രൂപ വായ്പയെടുത്ത് വീടു വയ്ക്കുന്നവർ 15 വർഷം കൊണ്ട് 10 ലക്ഷത്തിലേറെ രൂപയാണ് തിരിച്ചടയ്ക്കുന്നത്. കേരളത്തിലെ ഉദ്യോഗസ്ഥർ അവരുടെ വരുമാനത്തിന് ആനുപാതികമായിട്ടല്ല വീടുകൾ നിർമ്മിക്കുന്നത് എന്ന് പരക്കെ ഒരു പറച്ചിലുണ്ട്. വലിയ വീടുകളും അതിൽ ആഡംബര സജ്ജീകരണങ്ങളും ക്രമീകരിക്കാൻ കേരളത്തിലെ ഇടത്തരം ഉദ്യോഗസ്ഥർ വരെ മത്സരിക്കുന്നു. കഴിഞ്ഞ 5 വർഷത്തിനുള്ളിൽ പണിത വീടുകളിൽ മഹാഭൂരിഭാഗവും വലിയ വീടുകളാകാൻ ഒരു കാരണമിതാണ്. എന്നാൽ തമിഴ്നാട്ടിലാകട്ടെ ഭൂരിഭാഗവും ഇടത്തരം വീടുകളാണ്. തമിഴ്നാട്ടിലെ ഏറ്റവും വലിയ റസിഡൻഷ്യൽ കോളനികളിലൊന്നായ തിരുനെൽവേലി ത്യാഗരാജ്നഗറിലെ ആയിരക്കണക്കിന് വീടുകളിൽ ഭൂരിഭാഗവും 5 സെന്റ് വസ്തുവിൽ നിൽക്കുന്ന ഇടത്തരം വീടുകളാണ്. ത്യാഗരാജ് നഗർ, മഹാരാജ് നഗർ തുടങ്ങി പല പേരുകളിലായി മൂന്നാല് കിലോമീറ്റർ ചുറ്റളവിൽ, വിസ്തൃതിയോടെ കിടക്കുന്ന തിരുനെൽവേലി ജില്ലയിലെ ഏറ്റവും മനോഹരമായ റെസിഡൻഷ്യൽ കോളനിയിലെ വീടുകളിൽ ഭൂരിഭാഗവും വലിപ്പത്തിൽ ഇടത്തരം എന്നു വിശേഷിപ്പിക്കാമെങ്കിലും മനോഹരമാണ്. എല്ലാ വീടുകളുടെയും മുൻപിൽ ഒന്നും രണ്ടും വലിയ വേപ്പുമരങ്ങൾ നിൽപ്പുണ്ട്. പടർന്നു പന്തലിച്ചു നിൽക്കുന്ന ഇവയുടെ ചുവട്ടിൽ നട്ടുച്ച നേരത്തു പോലും വെയിൽ എത്താറില്ല. എല്ലാ വീടുകളുടെയും പറമ്പിലും മുരിങ്ങയും ഉണ്ടാകും. എല്ലാ മുരിങ്ങകളിലും നിറയെ മുരിങ്ങയ്ക്കായും പിടിക്കും. ചില മുരിങ്ങകളിൽ കായ് ആർക്കും വേണ്ടാതെ നിന്നുണങ്ങിപ്പോകുന്നതു കാണാം. മുരിങ്ങയ്ക്കു പറ്റിയ മണ്ണും കാലാവസ്ഥയുമാണ് ഇവിടുള്ളത്. വർഷത്തിൽ രണ്ടു മൂന്നു സീസണിൽ ഇവ കായ്ക്കുമെന്നാണോർമ്മ. അവിടെ ഇങ്ങനെ നിസ്സാരവിലയുള്ള മുരിങ്ങയ്ക്കായ്ക്കാണ് ഓണക്കാലത്ത് കേരളത്തിൽ 50 രൂപ വരെ കിലോയ്ക്ക് വില വരുന്നത്. ഏതോ ഒരോണക്കോണിൽ കേരളത്തിൽ മുരിങ്ങയക്കയ്ക്ക് കിലോയ്ക്ക് 100 രൂപ വരെ വിലയെത്തുകയുണ്ടായി.

(തുടരും....)

*ലേഖകൻ തമിഴ്നാട്ടിൽ ഫീൽഡ് പബ്ലിസിറ്റി ആഫീസറായിരുന്നു. ഇപ്പോൾ തിരുവനന്തപുരം ആകാശവാണിയിൽ ന്യൂസ് എഡിറ്ററാണ്*





# ഒരു പൊരുളുണ്ട്

**ജി. ഹരികുമാർ**

ജീവിതം എന്താണ്? എന്താണ് ജീവിതത്തിന്റെ അർത്ഥം? ജീവിതത്തിന്റെ ലക്ഷ്യം എന്താണ്? ശരിയായ ജീവിതം നയിക്കാനുള്ള മാർഗ്ഗമെന്താണ്? എല്ലാ മനുഷ്യരിലും ഇത്തരം ചോദ്യങ്ങൾ ചെറുതായും വലുതായും ഉണ്ടാകാറുണ്ട്. ഈ ചോദ്യങ്ങൾക്ക് ഉത്തരം തേടിയവരിൽ ചിലർ മഹാ ഗുരുക്കന്മാരായി. ചിലർ ദാർശനികരായി, ചിലർ ഭ്രാന്തരും. അന്വേഷിക്കുവിൻ കണ്ടെത്തപ്പെടും, മുട്ടുവിൻ തുറക്കപ്പെടും എന്നൊക്കെ വചനങ്ങളുണ്ട്. അന്വേഷിക്കുകയാണ് നാം.

എന്താണ് പരമാർത്ഥം? പരമമായ സത്യം? ഈ ലോകം മിഥ്യകളുടെ കൂടാരമായി കാണുന്നു. എന്തൊക്കെയാണ് അനുദിനം നമ്മെ അത്ഭുതപ്പെടുത്തുന്ന മനുഷ്യകൃത്യങ്ങൾ. രണ്ട് ലോകമഹായുദ്ധങ്ങൾക്ക് ശേഷം അത്തരം മഹായുദ്ധങ്ങൾ കണ്ടിട്ടില്ലെങ്കിലും അമേരിക്കയെന്ന സാമ്രാജ്യത്വം ഇറാഖ് പോലുള്ള രാഷ്ട്രങ്ങളിൽ നടത്തുന്ന പ്രവർത്തികളെ നാം എങ്ങനെ കാണണം?

മനുഷ്യൻ ആയുധം എന്തിനായി ഉപയോഗിക്കുന്നു. എഴുതാനുള്ള പേനയും മണ്ണു കിളയ്ക്കാനുള്ള തൂമ്പയും അന്യനെ കൊല്ലാനുള്ള തോക്കും മനുഷ്യന്റെ കൈകൾ എന്തിനായി സ്രഷ്ടാവ് നൽകി. മറ്റ് മൃഗങ്ങളുടേതിൽ നിന്ന് വ്യത്യസ്തമായ കൈകൾ.

അന്വേഷണവും അന്വേഷകനും അന്വേഷണസത്യവും പലതല്ല. ഒന്ന് തന്നെയാണ്. അന്വേഷിക്കാതിരിക്കാനാവില്ല എന്നില്ല മനുഷ്യന്. അന്വേഷണത്തിന് അവസാനവുമാകാം. അടങ്ങിയിരിക്കാം. മിതമായി സംസാരിക്കാം. മിതമായി ആഹരിക്കാം. മിതമായ കർമ്മാനുഷ്ഠാനങ്ങളുമാകാം. പക്ഷേ എന്ത് ചെയ്യാം. അവന് തൃപ്തിയാകുന്നില്ല. ആഗ്രഹങ്ങൾ അത്യാഗ്രഹങ്ങളാകുന്നു. ഞാൻ, എന്റേത് എന്ന വിചാരം. സ്വാർത്ഥത.

സത്യാന്വേഷണം ഒരുവനെ ശ്രേഷ്ഠനാക്കുന്നു. അവൻ കൂടുതൽ ജാഗരൂകനാകുന്നു. സ്വപ്നവും യാഥാർത്ഥ്യവും തമ്മിൽ വേർതിരിക്കാൻ പഠിക്കുന്നു. ശാസ്ത്രീയവും യുക്ത്യാധിഷ്ഠിതവുമായ വിചാരങ്ങൾ നടത്തുന്നു. വിചാരങ്ങളുടെ തന്നെ അടിത്തറ തിരയുന്നു. മനസ്സിന്റെ ആഴത്തെ അറിയുന്നു. ബോധവാനാകുകയും അത് സഹജമായി പരക്കുകയും ചെയ്യുന്നു. വൃത്തിയും വെടിപ്പും ചിരിയും വാണിജ്യാവശ്യത്തിനല്ലാതെ സഹജമായ മുതലാകുന്നു. നിസ്വാർത്ഥവും സേവന സന്നദ്ധരുമായ മനുഷ്യരുണ്ടാകുന്നു. ജീവിതം അഭിവൃദ്ധിപ്രാപിക്കുന്നു.

മലയാളത്തിലെ പ്രസിദ്ധ എഴുത്തുകാരൻ ആനന്ദ്, പ്രസ്ഥാനങ്ങൾ വഴി തെറ്റുമ്പോഴും ഒറ്റയ്ക്കെങ്കിൽ ഒറ്റയ്ക്ക് തന്നെ യാത്ര ചെയ്യുന്ന, വേദനയിലൂടെയും നിസ്സഹായതയിലൂടെയും പോകുമ്പോഴും ജീവിതം അർത്ഥവത്താണെന്ന് പറയുന്ന മനുഷ്യനെ ഉദാഹരിക്കുന്നു.

എന്താണ് ജീവിതത്തിന്റെ അർത്ഥം? അതിനങ്ങനെ പ്രത്യേക അർത്ഥങ്ങളുണ്ടോ? വെറുതെയങ്ങ് ജീവിക്കുക. അങ്ങനെ ചിലർ ചിന്തിക്കുന്നു. ചിലർ കഠിന പരിശ്രമം ചെയ്യുന്നു. ഹിമാലയം കീഴടക്കുന്നവൻ പിന്നീട് പാതയിലെ പാറയിൽ കാൽ തട്ടി വീണു മരിക്കുന്നു. എന്താണ് ജീവിതം? ജീവിക്കുന്നത് ജീവിതം. മനുഷ്യൻ മാത്രമല്ല ഉള്ളത്. ജീവിതത്തെ മനുഷ്യനിൽ ഒതുക്കിക്കാണുന്നത് സങ്കുചിതമാണ്. സസ്യമൃഗജാലങ്ങളിൽപ്പോലും ജീവിതം ഒതുങ്ങുന്നില്ല. അജൈവ വസ്തുക്കൾ പോലും ജീവിതത്തിന്റെ ഭാഗമാണ്. മലയും, പുഴയും, കടലും, കായലും, കാടും, മരങ്ങളും, ചെടികളും എല്ലാം ജീവിതത്തിൽ വരുന്നു.

ജീവിതത്തിന് കൃത്യമായ നിർവ്വചനം നൽകാനാവാതെ കുഴഞ്ഞവർ ഏറെയുണ്ട്. കീർക്കെഗോർ എന്ന പ്രസിദ്ധ സാഹിത്യകാരൻ പറഞ്ഞു, "ജീവിതത്തിന്റെ അർത്ഥം തേടുന്നവർ രോഗിയാകുന്നു" എന്ന്. കോടാനുകോടി വർഷങ്ങൾക്ക് മുമ്പ് ജീവനുണ്ടായി. പ്രപഞ്ചത്തിന് അവസാനം സങ്കല്പിക്കുമ്പോൾ ജീവനും അങ്ങനെ അന്ത്യമാകാം. കോടാനുകോടി വർഷങ്ങൾ ശേഷം ജീവൻ ഇല്ലാതാകാം. അറിയില്ല. പരമാർത്ഥം നമുക്കറിയില്ല. ജീവിതം നിഗൂഢമാണ്. അതിനാലാണ് ജീവിതത്തിന് ഒറ്റ വാക്യ നിർവ്വചനം നൽകാനാകാത്തത്.

നാം അന്വേഷിക്കുന്നു. ചിലരിൽ അന്വേഷണ വളരെ തീവ്രമാകുന്നു. തല നാരിഴ കീറിയുള്ള അന്വേഷണം. അന്വേഷണത്തിന്റെ പാതയിൽ മരണം കടന്ന് പോകാൻ വരെ തയ്യാറാകുന്നവർ. ചിലർ ലേശവും അന്വേഷിക്കാൻ തയ്യാറാകുന്നില്ല. എങ്ങനെയെങ്കിലും കഴിഞ്ഞ് പോകണം. ചിലർ മദ്യത്തിനോ മയക്കുമരുന്നിനോ അടിപ്പെട്ട് നശിക്കുന്നു. മനുഷ്യൻ ജീവിതത്തെ വ്യത്യസ്തതയോടെ കാണുന്നു.


നാം അന്വേഷിക്കുന്നത് സുഖമാണ്, ശാന്തിയാണ്, ആനന്ദമാണ്. പക്ഷേ എല്ലാവരും അത് നേടുന്നില്ല. ചിലർ ഭാഗികമായി നേടുന്നു. ചിലർ ജീവിതത്തിന്റെ ഒരു ഘട്ടത്തിൽ അതിന്റെ പരമാർത്ഥത്തെ അറിയുന്നു. ജ്ഞാനികളാകുന്നു. സഹജീവികളുടെ ജീവിതത്തിന്റെ പ്രകാശപാതയാകുന്നു. ഗാന്ധിജി തന്റെ ജീവിതത്തെ സത്യാന്വേഷണ പരീക്ഷണമാക്കി. ടാഗോർ അത് ഗീതാഞ്ജലിയാക്കി. ആധുനിക ഭാരതത്തിൽ ജീവിച്ചിരുന്ന മഹാഗുരുക്കന്മാരിൽ രമണ മഹർഷി, നാരായണഗുരു, ജിദ്ദുകൃഷ്ണമൂർത്തി, ഓഷോ, ഗുരു നിത്യ ചൈതന്യ യതി, തക്കല ഭഗവാൻ എന്നിവരെ ലേഖകൻ മാതൃകാ പുരുഷന്മാരായിക്കാണുന്നു. പക്ഷേ ഒരു മാതൃകയെയും സ്വീകരിക്കാത്ത ഗുരുക്കന്മാരുണ്ടാകാം. ഗുരുവാകാൻ മറ്റൊരു ഗുരുവിന്റെ ആവശ്യമില്ലാത്തവർ. പ്രകൃതിയിൽ നിന്ന് പഠിച്ചെടുക്കുന്നവർ.

ജീവിതത്തിന് ചരിത്രമില്ല. കൃത്യമായി ആ പ്രസ്ഥാനം എന്നാരംഭിച്ചുവെന്ന് പറയാനാവില്ല. കുറച്ച് കാര്യങ്ങൾ മാത്രം പറയാനേ കഴിയുകയുള്ളൂ. മഹാഭാരതത്തെപ്പറ്റിപ്പറയുന്നത് ശരിയാവണമെന്നില്ല. ഈ പ്രപഞ്ചത്തിൽ അതിൽപ്പറയാത്തതായി വേറൊന്നില്ല എന്നത്.

ഈ ജീവിതത്തെ ഒരു കലയായിക്കാണുന്ന ആചാര്യന്മാരും സംഘടനകളുമുണ്ട്. അവൻ ആനന്ദോത്സവങ്ങൾ നടത്തുന്നു, പാടുന്നു, ആടുന്നു, ഉയർന്ന പീഠത്തിൽ ആചാര്യൻ അവതാര പുരുഷനായി അനുഗ്രഹങ്ങൾ ചൊരിയുന്നു. പക്ഷേ മനുഷ്യരിൽ ബഹുഭൂരിപക്ഷവും അശാന്തരായിരിക്കുന്നു. എന്നും അങ്ങനെതന്നെയായിരുന്നു. ഇപ്പോഴും അങ്ങനെതന്നെ. ഇനിയും അങ്ങനെതന്നെയായിരിക്കും. ഇനിയും അങ്ങനെതന്നെ എന്ന് പറയുന്നത് ലക്ഷോപലക്ഷം വർഷങ്ങളിലെ ചരിത്രം വച്ചാണ്. മനുഷ്യരിൽ നല്ലൊരു ഭാഗം നല്ലവരാണ്. നന്മയുള്ളവരാണ്. സത്യത്തിനായും സമാധാനത്തിനായും സന്തോഷത്തിനായും യത്നിക്കുന്നവരാണ്. എന്നാൽ യത്നങ്ങൾ ഒഴിവാക്കി സ്വസ്ഥമായി ഇരിക്കുന്നവരുമുണ്ട്. രമണ മഹർഷിയും തക്കല ഭഗവാനും അക്കൂട്ടത്തിലാണ്. മനുഷ്യരിലെ അജ്ഞാനമകറ്റാൻ രാജകീയമായി ജീവിച്ച് കൊണ്ട് പഠിപ്പിക്കാനൊരുങ്ങിയവരുണ്ട്. ഓഷോയെപ്പോലെ. വാസ്തവത്തിൽ അദ്ദേഹം പഠിപ്പിക്കാനൊരുങ്ങിയില്ല. അങ്ങനെ സംഭവിക്കുകയായിരുന്നു. എല്ലാം ഇങ്ങനെയൊക്കെ സംഭവിക്കുകയാണ്. ഓരോ മനുഷ്യനും ഇങ്ങനെയൊക്കെയാവണമെന്നുണ്ട്. ഇത് വിധിവിശ്വാസത്തിന്റെ കാര്യമല്ല. പ്രയത്നിക്കുന്നവരും പ്രയത്നിക്കാത്തവരും പുരോഗമനക്കാരും നിഷേധികളും തീവ്രവാദികളും ഒക്കെച്ചേർന്ന ഈ ലോകത്തിലെ, ഈ ഭൂമിയിലെ ജീവിതത്തിന് മനുഷ്യന്റെ പങ്ക് പ്രധാനമാണ്. ജീവികളിൽ മനുഷ്യർ മാത്രമാണ് ബുദ്ധൻ ആകുന്നത്, കൃഷ്ണൻ ആകുന്നത്, ക്രിസ്തു ആകുന്നത്, പ്രവാചകൻ ആകുന്നത്, ഗുരു ആകുന്നത്. പക്ഷേ ഇതിലൊക്കെ മനുഷ്യന്റെ ശ്രേഷ്ഠതയെ ഉയർത്തിക്കാണുന്നത് വില കുറഞ്ഞ ബുദ്ധിയാണ്. തന്റെ സഹജീവികളും പ്രകൃതിയും അനന്തമായ പ്രപഞ്ചവും ഏറ്റവും ക്ഷുദ്രമെന്ന് കരുതപ്പെടുന്നവയുമൊക്കെച്ചേർത്ത് കണ്ടേ മതിയാവൂ. ഒന്നായിക്കണ്ടേ മതിയാവൂ. ജീവനും അപ്പുറം കിടക്കുന്ന ജീവിതത്തെപ്പറ്റി നമുക്ക് ഇങ്ങനെയൊക്കെപ്പറയാമെങ്കിലും ഇവയൊക്കെ അതിനെപ്പറ്റി ഒന്നുമാവുന്നില്ല. ഒന്നും.



മിനിക്കഥ



# ആകാശത്തേയ്ക്കു വളരുന്ന പുല്ലുകൾ

**ബിജു കാനത്തിൽ**

ഒരിടത്ത് ഒരു പുൽച്ചെടി മുളച്ചു... വടവൃക്ഷങ്ങൾക്കു താഴെ, കുറ്റിച്ചെടികളുടെ അസ്പർശമില്ലാതെ, ഒരു പാഴ്ച്ചെടിക്കുരുന്ന്...!

ചരിത്രത്തിന്റെ ദശാസന്ധികളിൽ നിന്നും ഊർജ്ജം ഏറ്റുവാങ്ങി കാലം നൽകിയ അറിവിന്റെ വെളിച്ചത്തിൽ അതു വളർന്നു തുടങ്ങി... അതിരുകളില്ലാത്ത ആകാശത്തിന്റെ മോഹവിസ്മയക്കാഴ്ചയിലേയ്ക്ക് അതു പിച്ച വച്ചു.

സംശയാലുക്കളായ കുറ്റിച്ചെടികളുടെ സഹായമില്ലാതെ "താങ്ങുവൃക്ഷ''ത്തിന്റെ ശീതളച്ഛായയിൽ നിന്നും തെല്ലുമാറി ആകാശത്തിന്റെ അതിരുകളില്ലാത്ത സ്വാതന്ത്ര്യത്തിലേയ്ക്ക് അഭിമാനത്തിന്റെ കുഞ്ഞുശിരസ്സുയർത്തിപ്പിടിച്ച് അതുമെല്ലെ..മെല്ലെ വളർന്നു തുടങ്ങി!..

കുറ്റിച്ചെടികളുടെ മനസ്സ് നൊന്തു.. വടവൃക്ഷങ്ങൾക്ക് രോഷത്തിന്റെ കാറ്റു പിടിച്ചു!

ചരിത്ര പുസ്തകത്തിലേയ്ക്ക് ഒരു ഭൂതക്കണ്ണാടി മറിഞ്ഞു വീണു..!!

-പുൽച്ചെടി ആകാശത്തിലേയ്ക്ക് വളരുകയോ?...

അധികാര കസേരകൾക്കുമപ്പുറം, നീതിപീഠത്തിന്റെ മുമ്പിൽ, നിയമപുസ്തകത്തിന്റെ ചെമ്പേടുകളിൽ അന്തിമ വിധിക്കുള്ള പഴുതുകൾ തേടി കുശാഗ്ര ബുദ്ധികൾ വീറോടെ വാദിച്ചു!..

-ആകാശത്തേയ്ക്ക് വളരുവാൻ കൊതിച്ച കുറ്റത്തിന് പുൽച്ചെടിക്കുരുന്നിന്റെ ശിരസ്സറുക്കാൻ വിധി വന്നു...!

വിധി നടത്താനിറങ്ങിയ ആരാച്ചാരുടെ കൈവിരൽത്തുമ്പിൽ നിന്നും പടർന്നിറങ്ങിയ ചോരയ്ക്കു പകരമായി, പുൽച്ചെടിക്കൂട്ടങ്ങളുടെ കണ്ണീരിൽ മുങ്ങിയ സ്വപ്നങ്ങൾക്കുമേൽ, പതറിപ്പരന്ന ചോരയിൽ കൈകഴുകി മാറിനിന്നു, കാലം...

-ഒടുവിൽ

ആ ചോര ഒഴുകിപ്പടർന്ന് മുത്തങ്ങയോളമെത്തി.?..!!!


**പഞ്ചായത്ത് രാജ് (മാസിക)**

പരസ്യ നിരക്ക്

**കവർ അവസാനപുറം** (കളർ) **- 10,000 രൂപ**
**കവർ പേജ് - ഉൾവശം** (ഒറ്റക്കളർ) **- 6,000 രൂപ**
**മറ്റു പേജുകൾ - ഫുൾ - 4,000 രൂപ**
**അര പേജ് - 2,000 രൂപ**

★

വാർഷിക വരിസംഖ്യ - 90 രൂപ
ഡിമാന്റ് ഡ്രാഫ്റ്റായോ, മണിഓർഡറായോ അയയ്ക്കുക

★

**വിലാസം**
എഡിറ്റർ/പഞ്ചായത്ത് ഡയറക്ടർ,
പഞ്ചായത്ത് ഡയറക്ടറേറ്റ്, മ്യൂസിയം പി.ഒ., തിരുവനന്തപുരം -33

# മാതൃകയാക്കാവുന്ന സംരംഭം

വി. എം. ലത്തീഫ്

മൃഗങ്ങൾ ഒരേ തരത്തിലുള്ള മാലിന്യങ്ങൾ അവശേഷിപ്പിക്കുമ്പോൾ മനുഷ്യർ വൈവിദ്ധ്യകരമായ മാലിന്യങ്ങൾ സൃഷ്ടിക്കുന്നു. മനുഷ്യനെ ആദികാലം മുതൽ അലോസരപ്പെടുത്തിയിരുന്ന മാലിന്യ പ്രശ്നങ്ങൾ മനുഷ്യനും ലോകവുമുള്ളിടത്തോളം കാലം നിലനിൽക്കുമെന്നത് പ്രാപഞ്ചിക സത്യം മാത്രം. ആധുനികലോകത്ത് മനുഷ്യന്റെ ഉപഭോഗ സംസ്കാരം സൃഷ്ടിക്കുന്ന മാലിന്യപ്രശ്നങ്ങൾ എങ്ങനെ കൈകാര്യം ചെയ്യണമെന്നറിയാതെ, കേരളീയർ വ്യക്തിശുചിത്വം പാലിക്കുമ്പോഴും സാമൂഹ്യശുചിത്വം പാലിക്കുന്നില്ലെന്ന് ആരോപണം വൈകിയാണെങ്കിലും നാം മനസ്സിലാക്കണം. കേരളത്തെ ഉലച്ച ചികുൻഗുനിയ എന്ന പകർച്ചപ്പനിയുടെ വ്യാപനമാണ് നമ്മെ മുകളിൽ പറഞ്ഞ സത്യം ഉണർത്തിച്ചത്.

ഒരു മുനിസിപ്പാലിറ്റിയിൽ നിന്ന് ഒരു പഞ്ചായത്തിലേയ്ക്കും ഒരു പഞ്ചായത്തിൽ നിന്ന് മറ്റൊരു പഞ്ചായത്തിലേക്കും മാലിന്യം തള്ളുന്ന പ്രക്രിയ വിവാദങ്ങൾ വിളിച്ചു വരുത്തുന്നുണ്ട്. മാലിന്യം എന്തു ചെയ്യണമെന്നറിയാതെ അധികൃതർ കുഴഞ്ഞുപോകുന്ന ഒരവസ്ഥയെയാണ് ഇത് വെളിപ്പെടുത്തുന്നത്. പട്ടണങ്ങളിൽ നിലനിൽക്കുന്ന ഒരു സംഗതിയുണ്ട്. പ്രഭാത സവാരിശീലമാക്കിയ ചില പട്ടണവാസികൾ മാലിന്യ സഞ്ചിയുമായി നടക്കാനിറങ്ങുകയും സഞ്ചി വഴിയോരത്ത് വലിച്ചെറിയുകയും ചെയ്യുന്നു. ഇതൊരു പക്ഷെ നിവൃത്തികേടിന്റെ ചിത്രമാണ് സൂചിപ്പിക്കുന്നത്.

ഇങ്ങനെയൊക്കെയുള്ള സാഹചര്യത്തിലാണ് എറണാകുളം ജില്ലയിൽ തൃക്കാക്കര പഞ്ചായത്തിൽ കുടുംബശ്രീയുടെ നേതൃത്വത്തിൽ മാലിന്യ സംസ്ക്കരണ യൂണിറ്റ് പ്രവർത്തനമാരംഭിച്ചത്. പഞ്ചായത്തിന്റെ ഭൂമിയിലാണ് ഇപ്പോൾ തൃക്കാക്കരയിൽ മാലിന്യ സംസ്കരണം നടത്തുന്നത്. പഞ്ചായത്തിൽ പ്ലാസ്റ്റിക് നിരോധിച്ച് അവശേഷിക്കുന്ന മാലിന്യങ്ങളാണ് ജൈവ വളമാകുന്നത്. രാവിലെ എട്ടര മുതൽ വൈകിട്ട് ആറ് വരെ കുടുംബശ്രീ പ്രവർത്തകരുടെ നേതൃത്വത്തിൽ മാലിന്യം ശേഖരിക്കാൻ ഓട്ടോറിക്ഷയുമായി പോകുന്നു. പ്രതിദിനം രണ്ടായിരത്തോളം കേന്ദ്രങ്ങളിൽ നിന്ന് ഇവർ മാലിന്യം ശേഖരിക്കും. വീടുകൾ, ഹോട്ടലുകൾ, ആശുപത്രികാന്റീനുകൾ, കാറ്ററിംഗ് സെന്ററുകൾ, മാർക്കറ്റുകൾ എന്നിവിടങ്ങളിൽ നിന്നാണ് മാലിന്യം എടുക്കുന്നത്. കുടുംബശ്രീയിലെ 34 വനിതകൾ, ഏഴ് ട്രൈ സൈക്കിൾ, രണ്ട് ഓട്ടോറിക്ഷ, 36 ബയോപിന്നുകൾ എന്നിവയടങ്ങുന്നതാണ് സംവിധാനം. ഗ്രാമപഞ്ചായത്ത് ഓഫീസിനു സമീപം, രണ്ട് മാർക്കറ്റുകളിൽ, എൻ.ജി ഒ ക്വാർട്ടേഴ്സിനു സമീപം എന്നിവിടങ്ങളിലാണ് ബയോപിന്നുകൾ സ്ഥാപിച്ചിട്ടുള്ളത്



ആയിരം ചെറിയ ബക്കറ്റുകളാണ് വിവിധ വീടുകളിൽ നൽകിയിട്ടുള്ളത്. വീടുകളിലെ മാലിന്യം ബക്കറ്റിൽ നിക്ഷേപിക്കുന്നു. ദിവസവും രാവിലെ കുടുംബശ്രീ വനിതകൾ ഇത് ശേഖരിക്കും. ഒരു വീട്ടിൽ നിന്ന് പ്രതിമാസം 50 രൂപ പ്രതിഫലം നൽകണം. ബയോടെക്കിന്റെ സാങ്കേതിക സഹായത്തോടെ നിർമ്മിക്കുന്ന ബയോപിൻ ഒരെണ്ണത്തിനു ഏകദേശം 12,000 രൂപ വില വരും. ഇതിൽ 300 കിലോഗ്രാം മാലിന്യം ജൈവവളമാക്കാൻ കഴിയും. 15 ദിവസം കൊണ്ടാണ് മാലിന്യത്തെ എളുപ്പത്തിൽ വളമാക്കുന്നത്. ബാക്ടീരിയ എളുപ്പത്തിൽ കൾച്ചർ ചെയ്യാവുന്ന ഒരു ലായനി മാലിന്യത്തിൽ തളിക്കും. ഇത് മൂലം പ്രതിപ്രവർത്തനം വേഗത്തിലാകും. ഇങ്ങനെ ലഭിക്കുന്ന വളം ഒരു കിലോയ്ക്ക് എട്ടു മുതൽ പതിനഞ്ച് രൂപ വരെ വിലയ്ക്ക് വിൽക്കാം. പ്രതിമാസം ഒരു ടണ്ണിലധികം ജൈവ വളം ലഭിക്കും. ഇത് കൃഷിഭവൻ വഴി കർഷകർക്ക് നൽകുന്നു. ഈ പദ്ധതി വഴി ഒരു സ്ത്രീതൊഴിലാളിക്കു 3000 മുതൽ 5000 രൂപ വരെ വരുമാനം ലഭിക്കും. കുടുംബശ്രീ വനിതകളെ ഉപയോഗപ്പെടുത്തി ശാസ്ത്രീയമായാണ് തൃക്കാക്കര പഞ്ചായത്ത് മാലിന്യ സംസ്ക്കരണം നടത്തുന്നത്. ഇത് സംസ്ഥാനത്തിനാകെ മാതൃകയാണെന്നത് നിസ്തർക്കമായ വസ്തുതയാണ്.



## "വിശദ നഗരാസൂത്രണ പദ്ധതികളിലെ മാറ്റം ഉടൻ പൂർത്തിയാക്കും"

നഗരാസൂത്രണ പദ്ധതി അംഗീകരിച്ചിട്ടുള്ള പ്രദേശങ്ങളിൽ കോടതി വിധിയെ തുടർന്ന് വീടു വയ്ക്കുന്നതിനുണ്ടായിരുന്ന പ്രയാസം ഇല്ലാതാക്കാൻ ഗവൺമെന്റ് സ്വീകരിച്ച നടപടികൾക്ക് കഴിഞ്ഞിട്ടുണ്ടെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി പാലോളി മുഹമ്മദ് കുട്ടി അറിയിച്ചു. ഇത് സംബന്ധിച്ചുള്ള ആശങ്കകൾക്ക് അടിസ്ഥാനമില്ല. നഗരാസൂത്രണ പദ്ധതികളിൽ മാറ്റം വരുത്താനുള്ളത് മൂന്ന് നഗരസഭകളിൽ മാത്രമാണ്. ഇത് സമയബന്ധിതമായി പൂർത്തിയാക്കുമെന്നും മന്ത്രി പറഞ്ഞു. അംഗീകൃത നഗരാസൂത്രണ പദ്ധതികളിൽ നിന്നും ഇളവ് നൽകാൻ സർക്കാരിന് അധികാരമില്ല എന്നുള്ള കോടതി വിധി വരുന്നത് 2005 നവംബറിലാണ്. ആകെ 18 വിശദ നഗരാസൂത്രണ പദ്ധതികളാണ് കേരളത്തിൽ നിലവിൽ അംഗീകൃതമായിട്ടുള്ളത്. ഇതിൽ 15 എണ്ണം നഗരങ്ങൾക്ക് വേണ്ടിയുള്ളതും മൂന്നെണ്ണം പഞ്ചായത്ത് പ്രദേശങ്ങൾക്ക് വേണ്ടിയുള്ളതുമാണ്. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ കോടതി വിധിയെതുടർന്ന് ആയിരക്കണക്കിന് അപേക്ഷകൾ അനുമതി നിഷേധിക്കപ്പെട്ട് കെട്ടിക്കിടക്കുകയായിരുന്നു. ഇതിൽ ബഹുഭൂരിപക്ഷവും മൂന്ന് സെന്റിൽ താഴെ മാത്രം ഭൂമിയുള്ള പവങ്ങളുടേതായിരുന്നു. സ്വന്തമായൊരു കിടപ്പാടമുണ്ടാക്കാനുള്ള ഇവരുടെ അഭിലാഷം സഫലമാക്കുന്നതിനു വേണ്ടിയാണ് മേഖല ചട്ടക്കൂടിനുള്ളിൽ തന്നെ ചെറുകിടക്കാർക്ക് വീട് വയ്ക്കുന്നതിനുള്ള ഇളവുകൾ ഉൾപ്പെടുത്തി

**സ്വന്തമായൊരു കിടപ്പാടമുണ്ടാക്കാനുള്ള ഇവരുടെ അഭിലാഷം സഫലമാക്കുന്നതിനു വേണ്ടിയാണ് മേഖല ചട്ടക്കൂടിനുള്ളിൽ തന്നെ ചെറുകിടക്കാർക്ക് വീട് വയ്ക്കുന്നതിനുള്ള ഇളവുകൾ ഉൾപ്പെടുത്തി മാസ്റ്റർ പ്ലാനുകൾ പരിഷ്ക്കരിക്കുന്നതിന് തീരുമാനിച്ചത്.**

മാസ്റ്റർ പ്ലാനുകൾ പരിഷ്ക്കരിക്കുന്നതിന് തീരുമാനിച്ചത്. നടപടികൾ തുടരുമ്പോൾ തന്നെ സാധാരണക്കാരുടെ താല്പര്യം സംരക്ഷിക്കുന്നതിനായി ചില പരിഷ്കാരങ്ങൾ വരുത്തിയത്. കോഴിക്കോട്, കൊച്ചി, തിരുവനന്തപുരം കോർപ്പറേഷനുകളുടെ മേഖലാ നിശ്ചയങ്ങളിൽ ഇളവനുവദിച്ചുകൊണ്ടുള്ള വിജ്ഞാപനം മാസങ്ങൾക്കു മുമ്പേ പുറപ്പെടുവിച്ചിരുന്നു. തിരുവനന്തപുരത്ത് ഗ്രീൻ സ്ട്രിപ്പിൽ വന നിർമ്മാണാനുമതി കൊടുക്കുന്നതിന് പിന്നെയും ചില ബുദ്ധിമുട്ടുകൾ അപേക്ഷകർക്കുണ്ടാകുന്നതായി കണ്ടെത്തിയതിനെതുടർന്ന് ഏതെല്ലാം അപേക്ഷകൾക്ക് അനുമതി നൽകാം എന്ന് വിശദമാക്കുന്ന മാർഗ്ഗനിർദ്ദേശം നൽകുകയും ചെയ്തു. കൊല്ലം കോർപ്പറേഷന്റേയും തലശ്ശേരി നഗരസഭകളുടെയും മേഖലാ ഭേദഗതി നടപടികൾ പൂർത്തിയാക്കി പ്രസിദ്ധീകരണത്തിനായി അയച്ചു കഴിഞ്ഞു. തൃശ്ശൂർ കോർപ്പറേഷന്റെയും കോട്ടയം, ചങ്ങനാശ്ശേരി, ഗുരുവായൂർ നഗരസഭയുടേയും നടപടികൾ പൂർത്തിയായി. ഇതിൽ ചങ്ങനാശ്ശേരി, ഗുരുവായൂർ നഗരസഭകളുടേത് സമഗ്ര നഗരാസൂത്രണ പദ്ധതികളാണ്. പാലക്കാട് നഗരസഭയ്ക്ക് വേണ്ടിയുള്ള നടപടികളും പൂർത്തീകരിച്ചു വരുന്നു. ഇനി അവശേഷിക്കുന്നത് വടകര, നെയ്യാറ്റിൻകര, മലപ്പുറം നഗരസഭകളുടേത് മാത്രമാണ്. അവയുടെ പരിഷ്ക്കരണ നടപടികളും സമയബന്ധിതമായി പൂർത്തിയാക്കുമെന്ന് മന്ത്രി പറഞ്ഞു. ദശാബ്ദങ്ങൾക്ക് മുമ്പ് അംഗീകരിച്ച മാസ്റ്റർ പ്ലാനുകൾക്കാണ് ഇപ്പോൾ ഭേദഗതി വരുത്തിയത്. ഓരോ സർവ്വെ നമ്പറിലും ഇതിനിടയിലുണ്ടായ മാറ്റങ്ങൾ രേഖപ്പെടുത്തി കരട് ഭേദഗതി നിർദേശം പ്രസിദ്ധീകരിച്ച് പൊതുജനങ്ങളുടെ ആക്ഷേപം നേരിൽകേട്ട് ഭേദഗതി വരുത്തുക എന്നത് വളരെ ശ്രദ്ധാപൂർവ്വം ചെയ്യേണ്ട ശ്രമകരമായ ജോലിയാണ്. സർക്കാരിന്റെ ഇച്ഛാശക്തിയുടേയും ടൗൺ പ്ലാനിംഗ് വകുപ്പിന്റെ നിരന്തര അദ്ധ്വാനത്തിന്റെയും ഫലമായാണ് ഇത്രവേഗം ഈ ജോലി പൂർത്തിയാക്കി ആയിരക്കണക്കിന് പാവങ്ങളും സാധാരണക്കാരുമായ ആളുകൾക്ക് ആശ്വാസമരുളുന്നതിന് കഴിഞ്ഞതെന്ന് മന്ത്രി പറഞ്ഞു.

## വാർത്തകൾ വിശേഷങ്ങൾ

### സർക്കാർ ആഫീസുകൾക്ക് ശുചിത്വ പ്ലാൻ

സംസ്ഥാനത്തെ സർക്കാർ ഓഫീസുകളും പരിസരവും ശുചിയായി സൂക്ഷിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് എല്ലാ ജീവനക്കാരുടെയും പിന്തുണയുണ്ടാകുമെന്ന് സർവ്വീസ് സംഘടനകൾ ഉറപ്പു നൽകിയതായി തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ ഓഫീസ് അറിയിച്ചു. സംസ്ഥാനത്ത് നടപ്പാക്കുന്ന മാലിന്യ മുക്തകേരളം പരിപാടിയുടെ ഭാഗമായി സർക്കാർ ഓഫീസുകളിൽ ശുചിത്വവും ജീവനക്കാർക്കും സന്ദർശകർക്കും ടോയ്‌ലറ്റ് സൗകര്യവും ഏർപ്പെടുത്തുന്ന കാര്യം ചർച്ച ചെയ്യുന്നതിന് മന്ത്രി വിളിച്ചു ചേർത്ത യോഗത്തിലാണ് തീരുമാനം. വൃത്തിയും പരിസരശുചിത്വവും ജീവനക്കാർക്ക് കൂടുതൽ ഉന്മേഷത്തോടെ കൃത്യനിർവ്വഹണത്തിൽ ഏർപ്പെടാൻ സഹായിക്കുമെന്നതിനാൽ ഓരോ ഓഫീസിനും പ്രത്യേക ശുചിത്വ പ്ലാൻ ഉണ്ടാക്കും. ഇത് നടപ്പാക്കുന്നതിന് അതത് വകുപ്പിലെ മെയിന്റനൻസ് ഫണ്ടിൽ നിന്നും പണം കണ്ടെത്തും. ഫണ്ടിന്റെ ലഭ്യതക്കുറവുകൊണ്ട് ഇക്കാര്യത്തിൽ വീഴ്ചയുണ്ടാകാതെ നോക്കണമെന്ന് മന്ത്രി അഭിപ്രായപ്പെട്ടു. കൈമാറ്റം ചെയ്ത സ്ഥാപനങ്ങളിൽ അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിയിൽ ഉൾപ്പെടുത്തിയും സർവ്വശിക്ഷാ അഭിയാൻ, എം.പി/എം.എൽ.എ ഫണ്ട്, ദേശീയ ആരോഗ്യ മിഷൻ എന്നിവയിൽ നിന്നും പണം കണ്ടെത്തും. ഓഫീസ് കോംപ്ലക്സുകളിൽ എസ്റ്റേറ്റ് ഓപീസർമാരുടെ നേതൃത്വത്തിലും ഓഫീസ് മേധാവികളുടെ നേതൃത്വത്തിലും യോഗം ചേർന്ന് ശുചിത്വ പ്ലാൻ തയ്യാറാക്കും. ജീവനക്കാർ അംഗങ്ങളായ നിരീക്ഷണ സമിതി രൂപീകരിക്കാനും തീരുമാനമായി. പൊതുശുചിത്വവും, ഓഫീസിലെത്തുന്ന പൊതുജനങ്ങളുടെ ടോയ്‌ലറ്റ് സൗകര്യങ്ങളും സമിതി ശ്രദ്ധിക്കും. സംഘടനാ ഓഫീസുകളിലും സമ്മേളനങ്ങളിലും പ്ലാസ്റ്റിക് ഉപേക്ഷിക്കുമെന്നും സർവ്വീസ് സംഘടനാ നേതാക്കൾ ഉറപ്പ് നൽകി.

## തിയേറ്ററുകളെക്കുറിച്ചും മണ്ഡപങ്ങളെക്കുറിച്ചുമുള്ള പരാതി പരിശോധിക്കണം

സിനിമ തിയേറ്ററുകൾ കല്യാണ മണ്ഡപങ്ങൾ, സമ്മേളന ഹാളുകൾ എന്നിവയുടെ പ്രവർത്തനം സംബന്ധിച്ചുള്ള പരാതികൾ പരിഹരിക്കുന്നതിന് നഗരസഭ/പഞ്ചായത്ത് സെക്രട്ടറിമാർ ഉദ്യോഗസ്ഥരോടൊപ്പം നേരിട്ട് പരിശോധിക്കണമെന്ന് തദ്ദേശസ്വയംഭരണവകുപ്പ്, സർക്കുലറിൽ നിർദ്ദേശം നൽകി. പരിശോധന സംബന്ധിച്ച് സ്വീകരിച്ച നടപടികൾ ഒരാഴ്ചയ്ക്കകം നഗരകാര്യ/പഞ്ചായത്ത് ഡയറക്ടർ മുഖേന സർക്കാരിനെ അറിയിക്കണം. സിനിമ തിയേറ്ററുകളെക്കുറിച്ച് താഴെ കൊടുക്കുന്ന പരാതികൾ പ്രത്യേകം പരിശോധിക്കണം. പ്രദർശനം തുടങ്ങി കുറച്ചുനേരം കഴിയുമ്പോൾ എയർകണ്ടീഷണർ പ്രവർത്തനം നിർത്തിവയ്ക്കുന്നു. ടോയ്‌ലറ്റുകൾ ശുചിയായും യഥാവിധവും സൂക്ഷിക്കുന്നില്ല. ജലം ലഭ്യമല്ല. കാർ പാർക്കിംഗ് സൗകര്യമില്ല. പുതിയ സിനിമയുടെ ടിക്കറ്റുകൾ കരിഞ്ചന്തയിൽ വിൽക്കുന്നു. പഴകിയ ആഹാര പദാർത്ഥങ്ങൾ വിൽക്കുന്നു. ടിക്കറ്റ് റിസർവേഷനിൽ കൃത്രിമം കാണിക്കുന്നു. റിസർവേഷൻ മൂന്ന് മണിക്കൂർ മുന്നേ അവസാനിപ്പിക്കുന്നില്ല. ടിക്കറ്റ് വിലയുടെ പത്തു ശതമാനത്തിലധികം റിസർവേഷൻ ചാർജ്ജായി ഈടാക്കുന്നു. 1958ലെ കേരള സിനിമ റഗുലേഷൻ ആക്ടിലെയും കീഴിലുള്ള ചട്ടങ്ങളിലെയും നിബന്ധനപ്രകാരമുള്ള സംവിധാനങ്ങളും സൗകര്യങ്ങളും തിയേറ്ററുകളിൽ ലഭ്യമല്ല എന്നാണ് പ്രധാന പരാതി. കല്യാണ മണ്ഡപങ്ങൾ, സമ്മേളന ഹാളുകൾ എന്നിവയെക്കുറിച്ചും പരാതികളുണ്ട്. തദ്ദേശ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർ ഇത്തരം സ്ഥാപനങ്ങളിലെ സൗകര്യം ഇടയ്ക്കിടയ്ക്കും ലൈസൻസ് പുതുക്കി നൽകുമ്പോഴും പരിശോധിക്കണമെന്ന് നിർദ്ദേശമുണ്ട്. പരിശോധന സംബന്ധമായ കാര്യങ്ങൾ നടപ്പിലാക്കുന്നതിൽ വീഴ്ച വരുത്തുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കും.

# കേരള സർക്കാർ

### സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്-സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളുടെ പ്രതിമാസ ഓണറേറിയവും, ഹാജർ ബത്തയും 01/10/2007 മുതൽ പ്രാബല്യത്തോടെ വർദ്ധിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

### തദ്ദേശ സ്വയംഭരണ (ഇ.എം.) വകുപ്പ്

ജി.ഒ.(പി)നം. 36/08/തസ്വഭവ തിരുവനന്തപുരം, തീയതി: 07/02/2008

പരാമർശം: ജി.ഒ.(പി) നം. 265/04/തസ്വഭവ തീയതി, 13/08/2004

### ഉത്തരവ്

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളുടെ പ്രതിമാസ ഓണറേറിയവും, ഹാജർ ബത്തയും പരാമർശത്തിലെ ഉത്തരവ് പ്രകാരം പുതുക്കി നിശ്ചയിച്ചിരുന്നു. പ്രസ്തുത നിരക്ക് വർദ്ധിപ്പിച്ചു നൽകണമെന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളുടെ അസോസിയേഷൻ ആവശ്യപ്പെട്ടിരുന്നു.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളുടെ പ്രതിമാസ ഓണറേറിയവും ഹാജർ ബത്തയും 01/10/2007 മുതൽ പ്രാബല്യത്തോടെ താഴെ പറയും പ്രകാരം വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

### ഓണറേറിയം

| തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പേര് | നിലവിലുള്ള ഓണറേറിയം (രൂപ) | വർദ്ധിപ്പിച്ച നിരക്ക് (രൂപ) | വർദ്ധന (രൂപ) |
|---|---|---|---|
| 1 | 2 | 3 | 4 |
| **ജില്ലാ പഞ്ചായത്ത്** | | | |
| പ്രസിഡന്റ് | 5400 | 5900 | 500 |
| വൈസ്പ്രസിഡന്റ് | 4200 | 4600 | 400 |
| സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | 2400 | 2700 | 300 |
| അംഗങ്ങൾ | 2100 | 2400 | 300 |
| **ബ്ലോക്ക് പഞ്ചായത്ത്** | | | |
| പ്രസിഡന്റ് | 4800 | 5300 | 500 |
| വൈസ്പ്രസിഡന്റ് | 3600 | 4000 | 400 |
| സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | 2100 | 2400 | 300 |
| അംഗങ്ങൾ | 1500 | 1800 | 300 |
| **ഗ്രാമ പഞ്ചായത്ത്** | | | |
| പ്രസിഡന്റ് | 4200 | 4600 | 400 |
| വൈസ്പ്രസിഡന്റ് | 3000 | 3300 | 300 |
| സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | 1800 | 2100 | 300 |
| അംഗങ്ങൾ | 1200 | 1500 | 300 |
| **കോർപ്പറേഷൻ** | | | |
| മേയർ | 5400 | 5900 | 500 |
| ഡപ്യൂട്ടി മേയർ | 4200 | 4600 | 400 |
| സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | 2400 | 2700 | 300 |
| അംഗങ്ങൾ | 1800 | 2100 | 300 |
| **മുൻസിപ്പാലിറ്റി** | | | |
| ചെയർമാൻ | 4800 | 5300 | 500 |
| ഡപ്യൂട്ടി ചെയർമാൻ | 3600 | 4000 | 400 |
| സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | 2100 | 2400 | 300 |
| അംഗങ്ങൾ | 1500 | 1800 | 300 |



### ഹാജർ ബത്ത (Sitting Fee)

| തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പേര് | നിലവിലുള്ള ബത്ത (രൂപ) | വർദ്ധിപ്പിച്ച നിരക്ക് (രൂപ) | പ്രതിമാസം പരാമാവധി നൽകാവുന്ന തുക (രൂപ) |
|---|---|---|---|
| 1 | 2 | 3 | 4 |
| **ഗ്രാമ പഞ്ചായത്ത്** | | | |
| പ്രസിഡന്റ്/വൈസ് പ്രസിഡന്റ്/സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | 60 | 75 | 360 (5 യോഗങ്ങൾക്ക്) |
| അംഗങ്ങൾ | 50 | 60 | 300 (5 യോഗങ്ങൾക്ക്) |
| **ബ്ലോക്ക് പഞ്ചായത്ത്** | | | |
| പ്രസിഡന്റ്/വൈസ് പ്രസിഡന്റ്/സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | 60 | 75 | 360 (5 യോഗങ്ങൾക്ക്) |
| അംഗങ്ങൾ | 50 | 60 | 300 (5 യോഗങ്ങൾക്ക്) |
| **ജില്ലാ പഞ്ചായത്ത്** | | | |
| പ്രസിഡന്റ്/വൈസ് പ്രസിഡന്റ്/സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ അംഗങ്ങൾ | 60 | 75 | 360 (5 യോഗങ്ങൾക്ക്) |
| **മുൻസിപ്പാലിറ്റി** | | | |
| ചെയർമാൻ/ഡപ്യൂട്ടി ചെയർമാൻ/സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | 60 | 75 | 360 (5 യോഗങ്ങൾക്ക്) |
| കൗൺസിലർമാർ | 50 | 60 | 300 (5 യോഗങ്ങൾക്ക്) |
| **കോർപ്പറേഷൻ** | | | |
| മേയർ/ഡപ്യൂട്ടി മേയർ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | 60 | 75 | 360(5 യോഗങ്ങൾക്ക്) |
| കൗൺസിലർമാർ | 50 | 60 | 300 (5 യോഗങ്ങൾക്ക്) |

ഗ്രാമ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ, അംഗങ്ങളുടെ ഓണറേറിയവും ബത്തകളും വർദ്ധിപ്പിച്ച് നൽകുമ്പോൾ ഉണ്ടാകുന്ന അധിക സാമ്പത്തിക ബാദ്ധ്യത അവയുടെ തനത് ഫണ്ടിൽ നിന്നും വഹിക്കേണ്ടതും ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് അംഗങ്ങളുടെ കാര്യത്തിൽ അധിക സാമ്പത്തിക ബാദ്ധ്യത ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും വഹിക്കേണ്ടതുമാണ് എന്നും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**എസ്.എം. വിജയാനന്ദ്**
പ്രിൻസിപ്പൽ സെക്രട്ടറി

### യുവശക്തി പദ്ധതിക്ക് ഭരണാനുമതി

തിരുവനന്തപുരം, പത്തനംതിട്ട, തൃശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ യുവശക്തി പദ്ധതി ആരംഭിക്കാനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ യൂത്ത് സെന്ററുകൾ രൂപീകരിക്കാനും അനുമതി നൽകി സർക്കാർ ഉത്തരവായി. പദ്ധതിയുടെ ഭാഗമായി ഗ്രാമപഞ്ചായത്ത് - മുനിസിപ്പൽ- കോർപ്പറേഷൻ തലങ്ങളിൽ യൂത്ത് കോ-ഓർഡിനേഷൻ കമ്മിറ്റികൾ രൂപീകരിക്കും. യുവജനക്ലബ്ബുകൾ, യുവജനസംഘടനകൾ, വിദഗ്ദ്ധർ എന്നിവരടങ്ങുന്നതായിരിക്കും കോ-ഓർഡിനേഷൻ കമ്മിറ്റി. കമ്മിറ്റിയുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ യൂത്ത് കോ-ഓർഡിനേറ്ററെ നിയോഗിക്കും. തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ വിവിധ യുവജനക്ഷേമ പദ്ധതികൾ ഏകോപിപ്പിക്കുക, യുവജനസംഘടനകളുടേയും, യുവജനക്ലബ്ബുകളുടേയും സഹകരണം പദ്ധതികളിൽ ഉറപ്പാക്കുക, സ്വയംതൊഴിൽ എക്സ്ചേഞ്ചുകൾ, ലേബർ ബാങ്കുകൾ രൂപീകരിക്കുക, സ്വയംതൊഴിൽ പദ്ധതികൾക്ക് പ്രോത്സാഹനവും സഹായവും നൽകുക എന്നിവയാണ് പദ്ധതിയുടെ ലക്ഷ്യങ്ങൾ.

## സിനിമാ തീയേറ്ററുകളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ കർശന നിർദേശം

സംസ്ഥാനത്തെ സിനിമാ തീയേറ്ററുകളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കാൻ തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി പാലോളി മുഹമ്മദ് കുട്ടി ഗവൺമെന്റ് സെക്രട്ടറിക്ക് നിർദേശം നൽകി. തീയേറ്ററുകളുടെ പ്രവർത്തനത്തിൽ പല അപാകതകളും ചൂണ്ടിക്കാണിച്ചുകൊണ്ട് ഗവൺമെന്റിന് ലഭിച്ച പരാതികളുടെ അടിസ്ഥാനത്തിലാണ് മന്ത്രി നിർദേശം നൽകിയത്. പല തീയേറ്ററുകളും ഷോ തുടങ്ങി കുറച്ചു കഴിയുമ്പോൾ എ.സി. ഓഫാക്കുന്നു എന്നതാണ് പ്രധാന പരാതി. ടോയ്‌ലറ്റുകൾ ശുചിയായി സൂക്ഷിക്കുന്നില്ല. പല സ്ഥലത്തും വെള്ളം ലഭ്യമല്ല. സ്ത്രീകളുടെ ടോയ്‌ലറ്റിൽ അവശ്യ സൗകര്യങ്ങൾ ഇല്ല, ക്ലോസറ്റുകളും വാഷ്ബേസിനുകളും വൃത്തിഹീനമായി കിടക്കുന്നു. കാർപാർക്കിംഗ് സൗകര്യം ലഭിക്കുന്നില്ല. പുതിയ സിനിമയുടെ ടിക്കറ്റുകൾ കരിഞ്ചന്തയിൽ വിൽക്കാൻ സൗകര്യം ചെയ്യുന്നു. പഴകിയ ആഹാര പദാർത്ഥങ്ങൾ വിൽക്കുന്നു. റിസർവേഷനിൽ കൃത്രിമം കാണിക്കുന്നു തുടങ്ങിയ ധാരാളം പരാതികളാണ് ഗവൺമെന്റിന് ലഭിച്ചുക്കൊണ്ടിരിക്കുന്നത്. കേരള സിനിമാട്ടോഗ്രാഫി ആക്ടിലെ നിബന്ധനകളനുസരിച്ചുള്ള സംവിധാനവും സൗകര്യവും എല്ലാ സിനിമാ തീയേറ്ററുകളിലും ഏർപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണെന്ന് മന്ത്രി നിർദ്ദേശിച്ചു. അതുപോലെ ഷോ ആരംഭിക്കുന്നതിന് മൂന്ന് മണിക്കൂർ മുമ്പേ റിസർവേഷൻ കർശനമായി അവസാനിപ്പിക്കേണ്ടതും ടിക്കറ്റ് വിലയുടെ പത്തുശത മാനത്തിൽ കൂടുതൽ റിസർവേഷൻ ചാർജായി വാങ്ങാൻ പാടില്ലാത്തതുമാണ്. ഓരോ നഗരസഭയിലും പഞ്ചായത്തിലുമുള്ള എല്ലാ തീയേറ്ററുകളിലും ബന്ധപ്പെട്ട സെക്രട്ടറി ഉദ്യോഗസ്ഥരോടൊപ്പം നേരിട്ട് പരിശോധിക്കേണ്ടതും അവയുടെ പ്രവർത്തനം നല്ല രീതിയിലാണ് നടക്കുന്നത് എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. പരിശോധന സംബന്ധിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിച്ച നടപടികൾ ഒരാഴ്ചയ്ക്കകം ഗവൺമെന്റിനെ അറിയിക്കാനും വീഴ്ച വരുത്തുന്ന ബന്ധപ്പെട്ട സെക്രട്ടറിക്കെതിരെ നടപടി സ്വീകരിക്കാനും വകുപ്പ് സെക്രട്ടറിക്ക് മന്ത്രി നിർദേശം നൽകി.

## മാലിന്യമുക്ത കേരളം വിവിധ വകുപ്പുകളിൽ നടപ്പാക്കും

മാലിന്യമുക്ത കേരളം കർമ്മ പദ്ധതി പോലീസ്, റെയിൽവേ, വൈദ്യുതി, ഗതാഗത വകുപ്പുകളിൽ നടപ്പാക്കുന്നതിന് തദ്ദേശസ്വയംഭരണ മന്ത്രി പാലോളി മുഹമ്മദ് കുട്ടിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ഉദ്യോഗസ്ഥരുടെ യോഗം തീരുമാനിച്ചു. പോലീസ് സ്റ്റേഷനുകൾ, കെ.എസ്.ആർ.ടി.സി ബസ് സ്റ്റാന്റുകൾ, റെയിൽവേസ്റ്റേഷനുകൾ എന്നിവിടങ്ങളിൽ വൃത്തിയുള്ളതും ഉപയോഗശൂന്യവുമായ ടോയ്‌ലറ്റ് സൗകര്യം ഏർപ്പെടുത്തുന്നതിനും പൊതുജനങ്ങൾ കൂടുതലായി വരുന്ന ഇടങ്ങളിൽ പേ-ആൻറ്-യൂസ് അടിസ്ഥാനത്തിലോ അല്ലാതെയോ വൃത്തിയായ ടോയ്‌ലറ്റ് സൗകര്യം ഏർപ്പെടുത്തുന്നതിനും ധാരണയായി. ഇക്കാര്യങ്ങൾ ഏകോപിപ്പിക്കുന്നതിന് റെയിൽ വേയ്സ്, പോലീസ്, കെ.എസ്.ആർ.ടി.സി, കെ.എസ്.ഇ.ബി വകുപ്പുകൾ സംസ്ഥാനതല ജില്ലാതല നോഡൽ ആഫീസറെ എക്സ് ഓഫിഷ്യോ ആയി നിയമിക്കും. നോഡൽ ആഫീസർമാർ സമ്പൂർണ്ണ ശുചിത്വ ആരോഗ്യ മിഷൻ/ക്ലീൻ കേരള മിഷനുമായി ചേർന്ന് അതത് വകുപ്പുകളുടെ കർമ്മ പദ്ധതിയും പ്രവർത്തന സർക്കുലറും തയ്യാറാക്കും. ജില്ലാതല പ്രവർത്തനങ്ങൾ ഏകോപി പ്പിക്കുന്നതിന്റെ ചുമതല ജില്ലാ കളക്ടർമാർക്കാണ്. ടോയ്‌ലറ്റ് സൗകര്യം ഉറപ്പാക്കുന്നതിന് അതത് വകുപ്പുകൾ ഫണ്ട് കണ്ടെത്തണം. ഏറ്റവും നല്ല സർക്കാർ ആഫീസ്/ പൊതുസ്ഥാപനം തിരഞ്ഞെടുക്കുന്നതിനുള്ള ഗ്രേഡിങ് ഏപ്രിൽ ഒന്നുമുതൽ ആരംഭിക്കും. പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിന് അതത് ആഫീസുകളിൽ സ്റ്റാഫ് പങ്കാളിത്തത്തോടെ മോണിറ്ററിംങ് സംവിധാനത്തിന് രൂപം നൽകും. വകുപ്പദ്ധ്യക്ഷൻമാർ ആഫീസുകളിൽ പ്ലാസ്റ്റിക് നിരോധനം കർശനമായും നടപ്പാക്കണമെന്നും ആഫീസും, പരിസരവും വൃത്തിയായും വെടിപ്പുള്ളതുമാക്കി സൂക്ഷിക്കണമെന്നും നിർദ്ദേശം നൽകി. അംഗവൈകല്യം ബാധിച്ചവർക്ക് അനുയോജ്യമായ പ്രത്യേക ടോയ്‌ലറ്റ് സൗകര്യം ഉണ്ടാക്കുന്നതിന് അതത് വകുപ്പുകൾ പ്ലാൻ തയ്യാറാക്കണം. കെ.എസ്. ആർ.ടി.സി ബസുകൾക്കുള്ളിലും ട്രെയിനുകൾക്കുള്ളിലും പതിക്കുന്നതിന് ശുചിത്വ സന്ദേശങ്ങൾ തയ്യാറാക്കും. കെ.എസ്.ഇ.ബി ആഫീസുകളിലും ഉപഭോക്താക്കൾക്കായി ടോയ്‌ലറ്റ് സൗകര്യത്തോടെ വിശ്രമസൗകര്യം സജ്ജമാക്കും. കെ.എസ്.ആർ. ടി.സി ബസ് സ്റ്റാന്റുകളിലെ ഡ്രെയിനേജ് സ്വീവറേജ് സൗകര്യങ്ങളുടെ അഭാവം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സാമ്പത്തികസഹായത്തോടെ പരിഹരിക്കുന്ന തിനുള്ള സാദ്ധ്യത പരിശോധിക്കും. കെ.എസ്.ആർ.ടി.സി. ബസ്സ്റ്റാന്റുകളിലെ കാന്റീനുകളിലുണ്ടാകുന്ന ജൈവ മാലിന്യങ്ങൾ പരിപാലിക്കുന്നതിനായി ജൈവവാതക പ്ലാന്റുകൾ നിർമ്മിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. റെയിൽവേ സ്റ്റേഷനുകൾക്കുള്ളിലും കമ്പാർട്ടുമെന്റുകൾക്കുള്ളിലും 30 മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക് നിരോധനം ഫലപ്രദമായി നടപ്പാക്കുന്നതിന് റെയിൽവേയോട് ആവശ്യപ്പെട്ടിട്ടുണ്ട്.

## കേരളസർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ (ഡി.എ)വകുപ്പ്

നമ്പർ.4652/ഡി.എ1/തസ്വഭവ തിരുവനന്തപുരം,

തീയതി 21-01-2008

### സർക്കുലർ

വിഷയം:- തദ്ദേശഭരണ സ്ഥാപനങ്ങൾ അക്രഡിറ്റഡ് ഏജൻസികൾ/ഗുണഭോക്തൃസമിതികൾ മുഖേന മരാമത്ത് പ്രവൃത്തികൾ നടപ്പിലാക്കൽ-ടാർ, സിമെന്റ്, കമ്പി എന്നിവയ്ക്ക് വിപണിവില അനുവദിക്കുന്നത് സംബന്ധിച്ച്:

സൂചന:- 1. 22.12.2007-ലെ ജി.ഒ.(എം.എസ്)289//2007/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്

2. 01.01.2008-ലെ ജി.ഒ (എം.എസ്)1/2008/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്

3. 15.01.2008-ലെ ജി.ഒ (എം.എസ്)14/2008/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്

2007-ലെ പൊതുമരാമത്ത് ഷെഡ്യൂൾ നിരക്കുകൾ പ്രകാരം ടാർ, സിമെന്റ്, കമ്പി എന്നിവയ്ക്ക് നിശ്ചയിച്ചിട്ടുള്ള വിലയും പൊതുവിപണിയിലെ യഥാർത്ഥവിലയും തമ്മിൽ വളരെ വ്യത്യാസമുള്ളതിനാൽ തദ്ദേശഭരണസ്ഥാപനങ്ങൾ നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികൾക്ക്, ചില നിബന്ധനകൾക്ക് വിധേയമായി, വിപണിവില(market rate)അനുവദിക്കുന്നതിന് സൂചനയിലെ ഉത്തരവുകൾ പ്രകാരം അനുമതി നൽകിയിട്ടുണ്ട്. എന്നാൽ അക്രഡിറ്റഡ് ഏജൻസികൾ/ഗുണഭോക്തൃസമിതികൾ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികൾക്ക് ആവശ്യമായ ടാർ, സിമെന്റ്, കമ്പി എന്നിവയ്ക്ക് വിപണിവില അനുവദിക്കുന്നതിന് സ്പഷ്ടീകരണം ആവശ്യമാണെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിനാൽ ഈ വിഷയം സംബന്ധിച്ച് സർക്കാർ ചുവടെ വിവരിക്കുന്ന സ്പഷ്ടീകരണം നൽകുന്നു.

2007-ലെ ഷെഡ്യൂൾ നിരക്കുകൾ പ്രകാരമുള്ള എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ തദ്ദേശഭരണസ്ഥാപനങ്ങൾ ഏറ്റെടുത്ത് അക്രഡിറ്റഡ് ഏജൻസികൾ/ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പാക്കുന്ന മരാമത്ത് പ്രവൃത്തികൾക്ക് ആവശ്യമായ ടാർ, സിമെന്റ്, കമ്പി എന്നിവയ്ക്ക് ഷെഡ്യൂൾ നിരക്കിനുപുറമേ കരാറിൽ ഏർപ്പെടുന്ന തീയതിയിലെ വിലവ്യത്യാസം കൂടി അനുവദിക്കാവുന്നതാണ്. അതായത് 2007-ലെ ഷെഡ്യൂൾ നിരക്കുകൾ പ്രകാരമുള്ള വിലയും കരാറിൽ ഏർപ്പെടുന്ന തീയതിയിലെ വിപണിവിലയും തമ്മിലുള്ള വ്യത്യാസം കൂടി ചുവടെചേർത്തിരിക്കുന്ന നിബന്ധനയ്ക്ക് വിധേയമായി പ്രോജക്ട് ചെലവിന്റെ ഭാഗമായി അക്രഡിറ്റഡ് ഏജൻസിക്ക് / ഗുണഭോക്തൃസമിതിക്ക് അനുവദിക്കാവുന്നതാണ്. ടാർ, സിമെന്റ്, കമ്പി എന്നിവയുടെ കാര്യത്തിൽ യഥാക്രമം പൊതുമേഖലാ എണ്ണകമ്പനികൾ, മലബാർ സിമെന്റ്സ് ലിമിറ്റഡ്, സ്റ്റീൽ അതോറിറ്റി ഓഫ് ഇന്ത്യ ലിമിറ്റഡ് എന്നീ സ്ഥാപനങ്ങൾ നിശ്ചയിക്കുന്ന വിലയാണ് കരാർ തീയതിയിലെ വിപണിവിലയായി കണക്കാക്കേണ്ടതാണ്. ഇപ്രകാരം വില വ്യതിയാനം അനുവദിക്കുന്നുണ്ടെങ്കിൽ അക്കാര്യം കരാർ ഉടമ്പടിയിൽ വ്യവസ്ഥ ചെയ്യണം.

10 ടണ്ണിൽ കുറവ് ടാർ ആവശ്യമുള്ള പ്രവൃത്തികളുടെ കാര്യത്തിൽ തദ്ദേശസ്ഥാപനം നിശ്ചയിക്കുകയാണെങ്കിൽ പൊതുമേഖലാ എണ്ണകമ്പനികളിൽ നിന്നും നേരിട്ട് ടാർ വാങ്ങി അക്രഡിറ്റഡ് ഏജൻസിക്ക്/ ഗുണഭോക്തൃസമിതിക്ക് നൽകാവുന്നതും ഷെഡ്യൂൾ നിരക്കും ബിൽപ്രകാരമുള്ള യഥാർത്ഥവിലയും തമ്മിലുള്ള വ്യത്യാസം പ്രോജക്ട് ചെലവിന്റെ ഭാഗമായി ഉൾപ്പെടുത്താവുന്നതുമാണ്.

**എസ്.എം. വിജയാനന്ദ്**
പ്രിൻസിപ്പൽ സെക്രട്ടറി

*(പഞ്ചായത്ത് ന്യൂസ് സർവ്വീസ്)*

Edited and Published by Dr. V.M. Gopala Menon, IAS, Director of Panchayats, Govt. of Kerala
Thiruvananthapuram - 695 033 and Printed at Gramalakshmi Mudralayam, Kanjikode, Palakkad.